ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 02 ജൂൺ 2019 ലക്കം 06

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephpatharadio.com
0490- - 2342440

# ഉള്ളടക്കം

1. വത്സലപിതാവ് കുഞ്ഞുങ്ങളോട് : സർക്കുലർ നമ്പർ 7/19 ............ 5
2. ലോകമാധ്യമദിന സന്ദേശം ............ 9
3. കച്ചേരിക്കാര്യം ............ 15
4. വിശ്വാസപരിശീലനം ............ 25
5. കുടുംബക്കൂട്ടായ്മ ............ 33
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ............ 36
7. ചെറുപുഷ്പ മിഷൻ ലീഗ് ............ 39
8. തിരുബാലസഖ്യം ............ 45
9. യുവജനശുശ്രൂഷ ............ 46
10. കുടുംബപ്രേഷിതത്വം ............ 59
11. സാൻജോസ് അക്കാഡമി ............ 65
12. എ.കെ.സി.സി. വാർത്തകൾ ............ 69
13. വിമൽജ്യോതി വാർത്തകൾ ............ 72
14. പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം ............ 76
15. ഇൻഫാം വാർത്തകൾ ............ 78
16. കെസിബിസി മദ്യവിരുദ്ധ സമിതി ............ 79
17. വിദ്യാഭ്യാസ ഏജൻസി ............ 82
18. സാമൂഹ്യസേവനവേദി ............ 87
19. ധ്യാനകേന്ദ്രങ്ങളിലൂടെ ............ 92
20. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ............ 94
21. Programme of the Archbishop Mar George Njaralakatt ............ 97
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ............ 99
23. Programme of the Abp. Emeritus Mar George Valiamattam ............ 101
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ............ 102
25. Programme of the Auxiliary Bishop Mar Joseph Pamplany ............ 105

**Prot. No. 375/19, സർക്കുലർ നമ്പർ 07/2019**

# വത്സലപിതാവ് കുഞ്ഞുങ്ങളോട്

ഈശോയിൽ വാത്സല്യം നിറഞ്ഞ കുഞ്ഞുങ്ങളെ,

സുദീർഘമായ മധ്യവേനലവധിക്കുശേഷം കൂടുതൽ ഉണർവ്വോടും ഉന്മേഷത്തോടുംകൂടെ പുതിയ അധ്യയന വർഷത്തിലേക്ക് നിങ്ങൾ പ്രവേശിച്ചിരിക്കുകയാണല്ലോ. മാതാപിതാക്കളെ ജോലികളിൽ സഹായിച്ചും ബന്ധുമിത്രാദികളെയും അയൽക്കാരെയും സന്ദർശിച്ചും പുസ്തകങ്ങൾ വായിച്ചും കൂട്ടുകാരുമൊപ്പം സമയം ചിലവഴിച്ചും പുതിയ വർഷത്തേയ്ക്കുള്ള കർമ്മപദ്ധതികൾ തയ്യാറാക്കിയും നിങ്ങൾ ഈ അവധിക്കാലം ഫലപ്രദമായി ചിലവഴിച്ചു എന്ന് ഞാൻ കരുതുകയാണ്. കഴിഞ്ഞ അധ്യയനവർഷത്തിൽ മികച്ച വിജയം കരസ്ഥമാക്കിയവരെ പ്രത്യേകിച്ച് പത്താംക്ലാസ്സിലും പ്ലസ്ടുവിനും ഫുൾ A+ നേടിയവരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഒപ്പം കലോത്സവങ്ങളിൽ മികവ് തെളിയിച്ചവർക്കും സിവിൽ സർവ്വീസ് പരീക്ഷയിൽ വിജയം കരസ്ഥമാക്കിയവർക്കും അഭിനന്ദനങ്ങൾ.

വലിയ പ്രതീക്ഷകളോടും ആഗ്രഹങ്ങളോടുംകൂടെ പുതിയ അധ്യയനവർഷത്തെ സമീപിക്കുമ്പോൾ സ്വഭാവരൂപീകരണമാണ് (Character formation) വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം എന്ന് അടിസ്ഥാനപരമായി കുഞ്ഞുങ്ങളായ നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഈ സ്വഭാവരൂപീകരണം സ്കൂളുകളിലേയും ഭവനങ്ങളിലേയും ദൈവാലയത്തിലേയും സമൂഹത്തിലേയും പ്രവർത്തനങ്ങളിലൂടെ കരഗതമാകുമ്പോൾ അത് നല്ല വിദ്യാഭ്യാസം നിങ്ങൾക്ക് സമ്മാനിക്കും. അതായത് ഈശ്വരവിശ്വാസവും കഠിനാദ്ധ്വാനവും മാനുഷികമൂല്യങ്ങളും ഒന്നിച്ചുചേർത്ത സമഗ്രവിദ്യാഭ്യാസം.

ഈ സമഗ്രവിദ്യാഭ്യാസത്തിലേക്ക് പാദമൂന്നി മുന്നേറാൻ തീർച്ചയായും നമുക്ക് ജ്ഞാനം അത്യന്താപേക്ഷിതമാണ്. “ജ്ഞാനം കർത്താവിനോടുള്ള ഭക്തിയാണ്” എന്ന് ജോബിന്റെ പുസ്തകം നമ്മെ പഠിപ്പിക്കുന്നു (ജോബ് 28:28). സുഭാഷിതങ്ങളുടെ പുസ്തകം പറയുന്നു “കർത്താവ് ജ്ഞാനം നല്കുന്നു അവിടുത്തെ വദനത്തിൽനിന്ന് അറിവും വിവേകവും പുറപ്പെടുന്നു” (സുഭാ 2:6) അതുകൊണ്ട് എന്തുത്യജിച്ചും ജ്ഞാനം സമ്പാദിക്കണം (സുഭാ 4:7). ഈ അധ്യയന വർഷം മികവുറ്റതാകാൻ ജ്ഞാനം ലഭിക്കാൻ ബുദ്ധിക്ക് വെളിച്ചം ലഭിക്കാൻ തീക്ഷ്ണതയോടെ പഠിക്കാൻ കുഞ്ഞുങ്ങളായ

നിങ്ങളെല്ലാവരും പരിശുദ്ധാത്മാവിനോട് പ്രത്യേകം പ്രാർത്ഥിക്കണം. കാരണം പരിശുദ്ധാത്മാവിന്റെ ദാനങ്ങളിൽ ഒന്നാണല്ലോ ജ്ഞാനം. ജ്ഞാനം കരഗതമാക്കുന്നത് നല്ല സ്വഭാവരൂപീകരണത്തിന് നിങ്ങളെ സഹായിക്കും.

നല്ല സ്വഭാവരൂപീകരണത്തെ ലക്ഷ്യം വച്ച് മുന്നേറുമ്പോൾ ഏറ്റവും ശ്രദ്ധ പതിപ്പിക്കേണ്ട ചില കാര്യങ്ങൾ ഞാൻ സൂചിപ്പിക്കട്ടെ.

ഒന്നാമതായി ചിട്ടയായ ഒരു പഠനരീതി സ്വന്തമാക്കി അതനുസരിച്ച് പഠിക്കുക എന്നുള്ളതാണ്. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. Keep the order and the order will keep you. നല്ല ടൈംടേബിൾ തയ്യാറാക്കി അതനുസരിച്ച് പഠിച്ചാൽ ഉയർന്ന വിജയം സുനിശ്ചിതമാണ്. മൂന്നുതരം ടൈംടേബിളുകൾ കുട്ടികളായ നിങ്ങൾ തയ്യാറാക്കണം. ക്ലാസ്സുദിവസങ്ങളിൽ ഒന്ന്, അവധി ദിവസങ്ങളിൽ മറ്റൊന്ന്, ഞായറാഴ്ചകളിൽ വേറൊന്ന്. ക്ലാസ്സുള്ള ദിവസങ്ങളിൽ ഏറ്റവും കുറഞ്ഞത് മൂന്നരമണിക്കൂറെങ്കിലും പഠിക്കാനായി വിനിയോഗിക്കണം. അതിരാവിലെ 5.30 ന് എങ്കിലും എഴുന്നേല്ക്കാൻ ശീലിക്കണം. ടൈംടേബിളിൽ പഠനത്തിനുപുറമേ കളിക്കാനും ടിവികാണാനും പത്രംവായിക്കാനും മാതാപിതാക്കളെ സഹായിക്കാനും നിങ്ങൾ താമസിക്കുന്ന മുറിയും പരിസരവും വൃത്തിയാക്കാനും പച്ചക്കറി തോട്ടവും ചെടിത്തോട്ടവും പരിപാലിക്കാനും ബന്ധുമിത്രാദികൾക്കും പ്രിയപ്പെട്ടവർക്കും കത്തുകൾ അയയ്ക്കാനും കൂട്ടുകാരോടു ചങ്ങാത്തം കൂടാനുമൊക്കെ സമയം കണ്ടെത്തണം. ചിട്ടയായ പഠനരീതി നല്ല സ്വഭാവരൂപീകരണത്തിന് സഹായിക്കും.

രണ്ടാമതായി ബഹുമാനം അർഹിക്കുന്നവർക്ക് അത് നല്കുക എന്നുള്ളതാണ്. യേശു മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ചു. പത്രോസ്ശ്ലീഹായുടെ ലേഖനം എല്ലാവരെയും ബഹുമാനിക്കാൻ നമ്മെ പഠിപ്പിക്കുന്നു (1 പത്രോ 2:17). പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, അധ്യാപകരെയും മാതാപിതാക്കളെയും പ്രായത്തിൽ മുതിർന്നവരെയും കാണുമ്പോൾ എഴുന്നേറ്റ് നിൽക്കാനും അവരെ wish ചെയ്യാനും ശ്രദ്ധിക്കണം. ഒപ്പം നമ്മുടെ പ്രായത്തിൽ താഴെയുള്ളവരെ അവരുടെ ഒഫീഷ്യൽ പേരു വിളിച്ച് അഭിസംബോധന ചെയ്യാനും നമ്മൾ ശീലിക്കണം. സ്കൂളിൽ പോകുമ്പോഴും തിരികെവരുമ്പോഴും വഴിയിലോ ബസിലോവച്ച് കണ്ടുമുട്ടുന്നവരോടുമൊക്കെ സംസാരിക്കാനും അവരെ നോക്കി പുഞ്ചിരിക്കാനും തീർച്ചയായിട്ടും ശ്രമിക്കണം. മറ്റുള്ളവരോട് സംസാരിക്കാതിരിക്കുന്നതും ബഹുമാനം

അർഹിക്കുന്നവർക്ക് അത് നല്കാതിരിക്കുന്നതും രാഷ്ട്രത്തിന്റെ നിയമങ്ങളെ അനുസരിക്കാതിരിക്കുന്നതുമൊക്കെ നല്ല വ്യക്തിത്വത്തിലേക്കും സ്വഭാവരൂപീകരണത്തിലേക്കും നമ്മെ നയിക്കില്ല.

മൂന്നാമതായി പ്രകൃതിയെ സ്നേഹിക്കാനും ബഹുമാനിക്കാനും സ്കൂൾപരിസരവും ദൈവാലയവുമൊക്കെ വൃത്തിയായി സൂക്ഷിക്കാനും നിങ്ങൾ ശ്രദ്ധിക്കുമല്ലോ. ചൂഷണങ്ങൾ പ്രകൃതിയുടെ സന്തുലിതമായ അവസ്ഥയ്ക്കും ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കും ആഘാതമേൽപ്പിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ കൊച്ചുകൊച്ചുപ്രവർത്തനങ്ങളിലൂടെ പ്രകൃതിയെ സംരക്ഷിക്കാൻ നമ്മൾ ശ്രദ്ധിക്കണം. ഈ വർഷം ഒരു ഇനം പച്ചക്കറിയും പഴവർഗ്ഗവും നിങ്ങളുടെ നേതൃത്വത്തിൽ വീട്ടിൽ കൃഷി ചെയ്യണം. അതോടൊപ്പം മാതാപിതാക്കളുടെ സഹായത്തോടെ 10 വൃക്ഷതൈകൾ നടാനും പരിശ്രമിക്കുമല്ലോ. അതോടൊപ്പം പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നമ്മുടെ പഠനാവശ്യങ്ങൾക്കായി ഉപയോഗിക്കാതിരിക്കാൻ പരിശ്രമിക്കുകയും ചെയ്യണം.

നാലാമതായി ലാളിത്യമാർന്ന ഒരു ജീവിതശൈലിയുടെ പ്രാധാന്യത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. ഒരുപക്ഷേ കഴിഞ്ഞവർഷത്തെ ബാഗും വാട്ടർബോട്ടിലും വസ്ത്രങ്ങളുമൊക്കെ ഈ വർഷവും നമുക്ക് ഉപയോഗിക്കാവുന്നതുതന്നെയാണല്ലോ. നമുക്കുള്ള വസ്ത്രങ്ങൾ നന്നായി കഴുകി വെടിപ്പാക്കി സാധിക്കുന്നത്ര ഉപയോഗിക്കുന്ന ശൈലി വളർത്തിയാലോ? സാമ്പത്തികമായി ഞെരുക്കമുള്ള ഈ കാലഘട്ടത്തിൽ പുസ്തകമല്ലാതെ മറ്റൊന്നും പുതുതായി ഈ വർഷം ആവിശ്യമില്ലായെന്ന് മാതാപിതാക്കളോട് പറയാൻ സാധിച്ചാൽ അത് വലിയ ഒരു കാര്യം തന്നെയാണ്. ഉള്ളതുകൊണ്ട് തൃപ്തിപ്പെട്ട് ലാളിത്യം ജീവിതമുദ്രയാക്കുന്നവരാണ് ജീവിതത്തിൽ വിജയിച്ചവരും വിജയിക്കുന്നവരും വിജയിക്കേണ്ടവരും.

അഞ്ചാമതായി പഠനത്തോടൊപ്പം നമ്മിലെ കഴിവുകളെ വളർത്തിയെടുക്കാൻ പരിശ്രമിക്കണം എന്നുള്ളതാണ്. ഓർഗൻ വായിക്കാനും ഡാൻസ്, ശാസ്ത്രീയ സംഗീതം, പ്രസംഗം മുതലായവ പഠിക്കാനും പരിശീലിക്കാനും സമയം കണ്ടെത്തണം. അതോടൊപ്പം വ്യത്യസ്തങ്ങളായ ഹോബികൾ വളർത്തണം. ചിത്രങ്ങൾ വരയ്ക്കാനും സ്റ്റാമ്പുകൾ, കോയിനുകൾ, വ്യത്യസ്തങ്ങളായ ഫോട്ടോകൾ മുതലായവ കളക്ട് ചെയ്യാനും സൂക്ഷിക്കാനും കൂട്ടുകാരുടെ മുമ്പിൽ പ്രദർശിപ്പിക്കാനും നിങ്ങൾ പരിശ്രമിക്കണം.

ആറാമതായി മാതാപിതാക്കളുമായും സഹോദരീ സഹോദരങ്ങളുമായും ഒരു നല്ല ആത്മബന്ധം വളർത്തിയെടുക്കുന്നത് നല്ല സ്വഭാവരൂപീകരണത്തെ സഹായിക്കും. നിങ്ങളുടെ സന്തോഷങ്ങളും വിഷമങ്ങളും ഏറ്റവും ആദ്യം പങ്കുവയ്ക്കേണ്ടത് പപ്പയോടും മമ്മിയോടും മറ്റ് കുടുംബാംഗങ്ങളോടുമാണല്ലോ. വൈകുന്നേരങ്ങളിൽ കുടുംബപ്രാർത്ഥനയ്ക്കുശേഷം അരമണിക്കൂറെങ്കിലും കുടുംബാംഗങ്ങളോടൊപ്പം ഒരുമിച്ചിരുന്ന് വിശേഷങ്ങൾ പങ്കുവയ്ക്കണം. അതോടൊപ്പം TV, Mobile Phone എന്നിവയുടെ ഉപയോഗം കുറയ്ക്കണം. സോഷ്യൽ നെറ്റ് വർക്ക് അമിതമായി ഉപയോഗിക്കുന്നത് ഉറക്കം കുറയുന്നതിനും അലസത വർദ്ധിക്കുന്നതിനും ശാരീരിക രോഗങ്ങൾ വർദ്ധിക്കുന്നതിനും കാരണമാകുന്നുവെന്ന് അടുത്ത കാലത്തെ പഠനങ്ങളേറയും തെളിയിച്ചിരിക്കുകയാണല്ലോ.

പ്രിയ കുഞ്ഞുമക്കളെ, നല്ല ആത്മവിശ്വാസത്തോടും സ്വയം മതിപ്പോടുംകൂടെ (self confidence & self esteem) നല്ല സ്വഭാവരൂപീകരണത്തിലേക്ക് വളരുവാൻ ഈ അധ്യയന വർഷത്തിൽ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളിൽ ജ്ഞാനം കുറവുള്ളവൻ ദൈവത്തോടു ചോദിക്കട്ടെ അവന് അതു ലഭിക്കും (യാക്കോ 1:5). നന്നായി പ്രാർത്ഥിച്ചും പഠിച്ചും ചിട്ടയായി ജീവിച്ചും മുതിർന്നവരെ ബഹുമാനിച്ചും പരസ്പരംപ്രോത്സാഹിപ്പിച്ചും പ്രകൃതിയെ സംരക്ഷിച്ചും ലാളിത്യത്തിൽ ജീവിച്ചും നമ്മിലെ കഴിവുകളെ വളർത്തിയെടുത്തും കുടുംബാംഗങ്ങളുമായി നല്ല ആത്മബന്ധം വളർത്തിയുംTV യുടെയും Mobile Phone ന്റെയും ഉപയോഗം കുറച്ചും നന്നായി ഉല്ലസിച്ചും ജോലിചെയ്തും വളരാൻ നിങ്ങൾക്ക് സാധിക്കട്ടെ. എന്നും നിങ്ങൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നതായിരിക്കും.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
24-05-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ ജൂൺ 9-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബ്ബാനമധ്യേ വായിക്കേണ്ടതാണ്.

Ref: 3191/K-5/KCBC/OL/DS 4.5.2019

# ലോക മാധ്യമദിനസന്ദേശം 2019

## നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ് (എഫേ 4:25)

### സാമൂഹിക നെറ്റുവർക്ക് സമൂഹങ്ങളിൽനിന്ന് മാനുഷിക സമൂഹത്തിലേക്ക്

പ്രിയ സഹോദരീസഹോദരന്മാരേ,

ഇന്റർനെറ്റ് ആദ്യം ലഭ്യമായപ്പോൾ മുതൽ സഭ എപ്പോഴും വ്യക്തികൾ തമ്മിലുള്ള കണ്ടുമുട്ടലിന്റെയും എല്ലാവരിലുമുള്ള ഐക്യദാർഢ്യത്തിന്റെയും സേവനത്തിൽ അതിന്റെ ഉപയോഗം വളർത്താൻ പരിശ്രമിച്ചു. നമ്മുടെ പാരസ്പര്യത്തിന്റെ അടിസ്ഥാനത്തെയും പ്രാധാന്യത്തെയുംപറ്റി ഒരിക്കൽക്കൂടി ചിന്തിക്കാനും സമകാലീനസമ്പർക്ക മാധ്യമ പശ്ചാത്തലം സമ്മാനിക്കുന്ന വെല്ലുവിളികളുടെ വിസ്തൃത വ്യൂഹത്തിൽ, അന്യവത്കൃതനായും ഏകാകിയായും കഴിയാൻ മനസ്സില്ലാത്ത മനുഷ്യവ്യക്തിയുടെ ആഗ്രഹം വീണ്ടും കണ്ടെത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

## നെറ്റിന്റെയും സമൂഹത്തിന്റെയും രൂപകാലങ്കാരങ്ങൾ

അനുദിനജീവിതമണ്ഡലത്തിൽനിന്ന് വേർതിരിച്ചറിയാനാവാത്ത വിധം വ്യാപനശക്തിയുള്ളതാണ് ഇന്നത്തെ മാധ്യമ പരിതസ്ഥിതി. നെറ്റ് നമ്മുടെ കാലഘട്ടത്തിലെ ഒരു വിഭവകേന്ദ്രമാണ്. പണ്ട് ചിന്തിക്കാൻ സാധ്യമല്ലാതിരുന്ന അറിവിന്റെയും ബന്ധങ്ങളുടെയും ഉറവിടമാണത്. എന്നിരുന്നാലും ഉത്പാദനപ്രക്രിയ, വിതരണം, ഉള്ളടക്കത്തിന്റെ ഉപയോഗം എന്നിവയിൽ സാങ്കേതികവിദ്യ കൊണ്ടുവന്നിട്ടുള്ള അഗാധമായ പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ ആഗോളതലത്തിൽ യഥാർത്ഥ അറിവിനുള്ള അന്വേഷണം, അതിന്റെ പങ്കുവയ്ക്കൽ എന്നിവയെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങളെയും അനേകം വിദഗ്ധർ ഉയർത്തിക്കാണിച്ചിട്ടുണ്ട്. ഇന്റർനെറ്റ് അറിവിനെ സമീപിക്കാനുള്ള അസാധാരണ സാധ്യതയെ പ്രതിനിധീകരിക്കുമെങ്കിലും അത് തെറ്റായ അറിവു നല്കുന്നതും യാഥാർത്ഥ്യങ്ങളെയും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും വികലമാക്കുന്നതുമാണെന്നതും സത്യമാണ്.

ഒരുകാര്യം നാം തിരിച്ചറിയണം. സാമൂഹിക നെറ്റുവർക്കുകൾ ഒരുവശത്ത് പരസ്പരം നന്നായി ബന്ധപ്പെടാനും വീണ്ടും കണ്ടെത്താനും പരസ്പരം സഹായിക്കാനും നമ്മെ പ്രാപ്തരാക്കുന്നു. എന്നാൽ മറുവശത്ത് വ്യക്തിക്കും വ്യക്തിയുടെ അവകാശങ്ങൾക്കും അർഹമായ ബഹുമാനം നല്കാതെ രാഷ്ട്രീയമോ സാമ്പത്തികമോ

ആയ നേട്ടങ്ങൾക്കുവേണ്ടി വ്യക്തിപരമായ വിവരങ്ങൾ ദുരുപയോഗിക്കാൻ നിമിത്തമാകുന്നു. യുവജനങ്ങളിൽ നാലിൽ ഒരാൾ സൈബർ ബുള്ളിയിംഗിന്റെ പരമ്പരകളിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

ഈ സങ്കീർണാവസ്ഥയിൽ ഇന്റർനെറ്റു തുടങ്ങിയതിന്റെ അടിസ്ഥാനമായിരുന്ന നെറ്റ് എന്ന രൂപകാലങ്കാരത്തെപ്പറ്റി വീണ്ടും ചിന്തിക്കുന്നത് അതിന്റെ ഭാവാത്മകമായ കഴിവു കണ്ടെത്താൻ ഉപകാരപ്രദമായിരിക്കും. വല എന്ന ബിംബം തിരശ്ചീന രേഖകളുടെയും ലംബരേഖകളുടെയും ബഹുത്വത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ ക്ഷണിക്കുന്നു. ഒരു കേന്ദ്രസ്ഥാനമോ ശ്രേണീപരമായ ഘടനയോ ലംബസമാനമായ ഒരു സംയോജനാരൂപമോ ഇല്ലാത്ത അതിന് സ്ഥിരത ഉറപ്പുവരുത്തുന്നവയാണ് ഈ രേഖകൾ. എന്നാൽ പലപ്പോഴും അവ പൊതുതാത്പര്യങ്ങളെയോ നേർത്ത ബന്ധങ്ങൾ മാത്രം പേറുന്ന വിഷയങ്ങളെയോ മുൻനിറുത്തി പരസ്പരം അംഗീകരിക്കുന്ന വ്യക്തികളുടെ ഗണങ്ങൾ മാത്രമായി കഴിയുന്നു.

നരവംശശാസ്ത്രപരമായ വീക്ഷണപ്രകാരം നെറ്റ്, (സമൂഹം എന്ന) രൂപകാലങ്കാരം അർത്ഥപൂർണമായ മറ്റൊരു പ്രതിബിംബത്തെ, ഓർമിപ്പിക്കുന്നു. സമൂഹം പരസ്പരവിശ്വാസമുള്ളതായിരിക്കുകയും പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യണം. അത് സംയോഗശക്തിയുള്ളതും പിന്താങ്ങുന്നതുമായിരിക്കണം. ഐക്യദാർഢ്യത്തിന്റെ നെറ്റുവർക്ക് എന്ന നിലയിലുള്ള സമൂഹത്തിന് ഭാഷയുടെ ഉത്തരവാദിത്വപൂർണമായ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പരസ്പരശ്രവണവും സംവാദവും ഉണ്ടാകണം.

ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ നെറ്റുവർക്ക് സമൂഹങ്ങൾ സ്വാഭാവിക സമൂഹത്തിന്റെ പര്യായമല്ലെന്ന് ആർക്കും കാണാവുന്നതാണ്. അടിയന്തിരഘട്ടങ്ങളിൽ ഈ വെർച്ച്വൽ സമൂഹങ്ങൾ കൂടിച്ചേരലും ഐക്യദാർഢ്യവും പ്രദർശിപ്പിക്കാൻ കഴിവുള്ളതാണ്. എന്നാൽ പലപ്പോഴും ദുർബലമായ ബന്ധങ്ങളുടെ പൊതുതാത്പര്യംമൂലം പരസ്പരം തിരിച്ചറിയുന്ന ഗ്രൂപ്പുകളായി കഴിയുന്നു. കൂടാതെ, സോഷ്യൽ വെബിൽ തനിമ പലപ്പോഴും അപരനോട്, ഗ്രൂപ്പിൽപെടാത്തവനോടുള്ള വൈരുധ്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. നമ്മെ ഐക്യപ്പെടുത്തുന്നവയെ എന്നതിനെക്കാൾ നമ്മെ വിഭജിക്കുന്നവയെ അടിസ്ഥാനപ്പെടുത്തി നാം സ്വയം നിർവചിക്കുന്നു. സംശയത്തിനും എല്ലാതരം മുൻവിധിക്കും (വംശപരം, ലിംഗപരം, മതപരം മുതലായവ) ഇടയാക്കുന്നു. ഈ പ്രവണത വൈവിധ്യത്തെ ഒഴിവാക്കുന്ന ഗ്രൂപ്പു

കളെ പ്രോത്സാഹിപ്പിക്കുന്നു. അത് ഡിജിറ്റൽ സാഹചര്യത്തിലും വിദ്വേഷത്തിന്റെ ഓളങ്ങളെ ഇളക്കിവിടുന്ന അനിയന്ത്രിതമായ വ്യക്തിവാദത്തെ പോഷിപ്പിക്കുന്നു. അങ്ങനെ ലോകത്തിലേക്കുള്ള ഒരു ജനലായിരിക്കേണ്ടത് വ്യക്തിപരമായ സ്വദേഹപ്രേമം പ്രദർശിപ്പിക്കുന്ന ഒരു ഷോകെയ്സായിത്തീരുന്നു.

മറ്റുള്ളവരുമായിട്ടുള്ള കണ്ടുമുട്ടൽ വളർത്താനുള്ള അവസരമാണ് നെറ്റ്. എന്നാൽ അതിന് നമ്മുടെ ഏകാന്തതയെ വർദ്ധിപ്പിക്കാനാകും – നമ്മെ പിടികൂടിയ ഒരു വലപോലെ. യുക്തിപരമായ തലത്തിൽ പൂർണമായി തൃപ്തിപ്പെടുത്താൻ സോഷ്യൽ വെബിന് കഴിയുമെന്ന മിഥ്യാബോധം യുവജനത്തിനാണ് ഏറ്റവും കൂടുതൽ ഉള്ളത്. യുവജനം "സാമൂഹിക താപസന്മാർ" ആയിത്തീരുന്ന അപകടകരമായ ഒരു പ്രതിഭാസം ഉണ്ട്. അവർ സമൂഹത്തിൽ നിന്നു പൂർണമായി ഒറ്റപ്പെടുകയെന്ന അപകടസാധ്യതയിലാണ്. നാടകീയമായ ഈ അവസ്ഥ സാമൂഹികബന്ധത്തിൽ തകർച്ചയുണ്ടാക്കുന്നു എന്നത് നമുക്ക് അവഗണിക്കാനാവില്ല.

നാനാരൂപമുള്ളതും അപകടകരവുമായ ഈ യാഥാർത്ഥ്യം അവ സാന്മാർഗികമോ സാമുഹികമോ നിയമപരമോ രാഷ്ട്രീയമോ സാമ്പത്തികമോ ആയ വിവിധ ചോദ്യങ്ങളെ ഉയർത്തുന്നു. അവ സഭയെ വെല്ലുവിളിക്കുകയും ചെയ്യുന്നുണ്ട്. വെബിനെ നിയന്ത്രിക്കാനും സ്വതന്ത്രവും തുറവിയുള്ളതും സുരക്ഷിതവുമായ ഒരു നെറ്റുവർക്കിനെക്കുറിച്ച് തുടക്കത്തിലേ ഉള്ള കാഴ്ചപ്പാട് സംരക്ഷിക്കാനും സർക്കാരുകൾ നിയമപരമായ മാർഗങ്ങൾ തേടുന്നു. അതേസമയം അതിന്റെ ഭാവാത്മകമായ ഉപയോഗത്തെ വളർത്താൻ നമുക്ക് എല്ലാവർക്കും ബാധ്യതയും ഉത്തരവാദിത്വവും ഉണ്ട്.

ബന്ധങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം പരസ്പരധാരണ വളർത്താൻ കഴിയില്ലല്ലോ. അങ്ങനെയെങ്കിൽ ഓൺലൈൻ നെറ്റുവർക്കിൽ പരസ്പര ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധത്തോടെ എങ്ങനെ യഥാർത്ഥ സാമൂഹിക തനിമ കണ്ടെത്താനാവും?

## "നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്"

മൂന്നാമത്തെ ഒരു രൂപകാലങ്കാരത്തിൽനിന്ന്, ശരീരവും അവയവങ്ങളും എന്ന രൂപകാലങ്കാരത്തിൽനിന്ന് സാധ്യമായ ഒരു ഉത്തരം കണ്ടെത്താൻ കഴിയും. ആ രൂപകമാണ് മനുഷ്യരെ ബന്ധിപ്പിക്കുന്ന ശരീരത്തെ അടിസ്ഥാനപ്പെടുത്തി മനുഷ്യരുടെ പരസ്പരബന്ധം വിവരിക്കാൻ വിശുദ്ധ പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നത്: "അതിനാൽ

വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയൽക്കാരോട് സത്യം സംസാരിക്കണം. കാരണം, നാം ഒരേ ശരീരത്തിലെ അവയവങ്ങളാണ്" (എഫേ 4:25). പരസ്പരം അവയവങ്ങളായിരിക്കുകയെന്നത് ആഴമുള്ള ഒരു ലക്ഷ്യമാണ്. അത് ഉപയോഗിച്ച് അപ്പസ്തോലൻ നമ്മെ വ്യാജം വെടിയാനും സത്യം പറയാനും ക്ഷണിക്കുന്നു. സത്യത്തെ സംരക്ഷിക്കാനുള്ള കടമ ഐക്യത്തിന്റെ പരസ്പരബന്ധത്തിൽനിന്നുണ്ടാകുന്നു. സത്യം ഐക്യം വെളിവാക്കുന്നു. നുണയാകട്ടെ, നമ്മൾ ഒരേ ശരീരത്തിന്റെ അംഗങ്ങളാണെന്നത് നിഷേധിക്കുന്നു.

ശരീരത്തിന്റെയും അവയവങ്ങളുടെയും അലങ്കാരം നമ്മുടെ തനിമയെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ആ തനിമ ഐക്യത്തിലും "അപരത്വ"ത്തിലും അടിയുറച്ചതാണ്. ക്രിസ്തു ശിരസ്സായിട്ടുള്ള ഏക ശരീരത്തിലെ അവയവങ്ങളാണ് നമ്മൾ എന്ന് ക്രൈസ്തവരായ നമ്മൾ അംഗീകരിക്കുന്നു. ഭാവിയിൽ മത്സരിക്കാനുള്ളവരായി ആളുകളെ കാണാതിരിക്കാനും ശത്രുക്കളെപ്പോലും വ്യക്തികളായി കാണാനും ഇത് സഹായിക്കും. നമ്മെത്തന്നെ നിർവചിക്കാൻ നമുക്കു ശത്രുവിന്റെ ആവശ്യമില്ല. എന്തെന്നാൽ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന നോട്ടം നാം ക്രിസ്തുവിൽനിന്നു പഠിക്കുന്നുണ്ട്. അത് അപരത്വത്തെ പുതിയൊരു രീതിയിൽ കണ്ടെത്താൻ - അവശ്യഘടകമായും ബന്ധത്തിന്റെയും അടുപ്പത്തിന്റെയും വ്യവസ്ഥയായും കണ്ടെത്താൻ - നമ്മെ പ്രേരിപ്പിക്കുന്നു.

മനസ്സിലാക്കാനും ബന്ധപ്പെടാനും മനുഷ്യരിലുള്ള കഴിവ് ദൈവിക വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യത്തിൽ അടിയുറപ്പിച്ചതാണ്. ദൈവം ഏകാന്തതയല്ല, ഐക്യമാണ്. അവിടന്നു സ്നേഹമാണ്; അതുകൊണ്ട്, സമ്പർക്കമാണ്. എന്തെന്നാൽ സ്നേഹം എപ്പോഴും ആശയവിനിമയം നടത്തുന്നു. അന്യനെ കണ്ടെത്താൻ സ്വയം അങ്ങനെ ചെയ്യുന്നു. ചരിത്രത്തിലുടനീളം യഥാർത്ഥ സംവാദം സ്ഥാപിച്ചുകൊണ്ട് നമ്മോടു സംസാരിക്കുന്നതിനും നമ്മോടു ബന്ധപ്പെടുന്നതിനും ദൈവം നമ്മുടെ ഭാഷ സ്വീകരിക്കുന്നു. (cf. രണ്ടാം വത്തിക്കാൻ കൗൺസിൽ ഡോഗ്മാറ്റിക്ക് കോൺസ്റ്റിറ്റ്യൂഷൻ, ദേയി വെർബും 2).

നമ്മൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവിടന്ന് ഐക്യവും ആത്മസമ്പർക്കവുമാണ്. അതുകൊണ്ട് ഐക്യത്തിൽ ജീവിക്കാനുള്ള - ഒരു സമൂഹത്തിന്റേതായിരിക്കാനുള്ള ആഗ്രഹം നമ്മുടെ ഹൃദയത്തിൽ നാം കൊണ്ടുനടക്കുന്നു. "പരസ്പരബന്ധത്തിൽ പ്രവേശിക്കുക, പരസ്പരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുക - ഇതിനെക്കാൾ സവിശേഷമായ മറ്റൊന്നും നമ്മുടെ പ്രകൃതിയിലില്ല" വിശുദ്ധ ബേസിൽ പറയുന്നു.

ബന്ധങ്ങളിലായിരിക്കാനും മനുഷ്യത്വത്തിന്റെ വ്യക്ത്യന്തരബന്ധ സ്വഭാവം സൂക്ഷിക്കാനും ഇപ്പോഴത്തെ സാഹചര്യം നമ്മോട് ആവശ്യപ്പെടുന്നു - നെറ്റുവർക്കിലും നെറ്റുവർക്കിലൂടെയും അങ്ങനെ ചെയ്യണം. അതിലും കൂടുതലായി വിശ്വാസികൾ എന്ന നിലയിലുള്ള തനിമയുടെ അടയാളമായ ഐക്യം വെളിപ്പെടുത്താൻ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വാസംതന്നെ യഥാർത്ഥത്തിൽ ഒരു ബന്ധമാണ്, കണ്ടുമുട്ടലാണ്. ദൈവസ്നേഹത്തിന്റെ പ്രേരണകൊണ്ട് നമുക്കു സമ്പർക്കത്തിലാകാനും സ്വാഗതം ചെയ്യാനും അപരന്റെ ദാനത്തെ തിരിച്ചറിഞ്ഞ് അതിനോടു പ്രത്യുത്തരിക്കാനും കഴിയും. ഞാൻ ഞാൻ തന്നെ ആയിരിക്കണമെങ്കിൽ എനിക്ക് മറ്റുള്ളവരെ ആവശ്യമുണ്ട് എന്നത് ത്രിത്വമായ ദൈവത്തിലുള്ള വിശ്വാസത്തിൽനിന്നുളവാകുന്ന കാര്യമാണ്. ഞാൻ മറ്റുള്ളവരോടു ബന്ധപ്പെട്ടാൽ മാത്രമേ ഞാൻ യഥാർത്ഥത്തിൽ മനുഷ്യത്വവും വ്യക്തിത്വവും ഉള്ളവനായിരിക്കുകയുള്ളൂ. യഥാർത്ഥത്തിൽ, “വ്യക്തി“ എന്ന വാക്ക് ഒരു “മുഖം” എന്ന നിലയിൽ മനുഷ്യജീവിയെ സൂചിപ്പിക്കുന്നു. അവന്റെ മുഖം മറ്റുള്ളവരുടെ നേരേ തിരിഞ്ഞിരിക്കുകയാണ്. അവർ മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നവരുമാണ്. നമ്മുടെ ജീവിതം കൂടുതൽ മാനുഷികമായിത്തീരുന്നത് അതിന്റെ സ്വഭാവം കുറച്ചുമാത്രം ഒറ്റപ്പെട്ടതാകുകയും കൂടുതൽ വ്യക്തിത്വമുള്ളതാവുകയും ചെയ്യുമ്പോഴാണ്. മറ്റുള്ളവനെ എതിരാളിയായി കാണുന്ന ഒറ്റപ്പെട്ടവനായിരിക്കുന്നതിൽനിന്ന് മറ്റുള്ളവരെ സഹചാരികളായി അംഗീകരിക്കുന്ന വ്യക്തിയിൽ വിശ്വാസ്യമായ ഈ മാർഗം കാണാം.

## ‘ലൈക്ക്’ (like) എന്നതിൽനിന്നും ‘ആമ്മേൻ’ എന്നതിലേക്ക്

ശരീരത്തിന്റെയും അവയവങ്ങളുടെയും ബിംബം നമ്മെ ഒരു കാര്യം ഓർമിപ്പിക്കുന്നു: മറ്റൊരാളുടെ ശരീരം, ഹൃദയം, കണ്ണുകൾ, നോട്ടം, ശ്വസനം എന്നിവയിലൂടെ സജീവമായിത്തീരുന്ന ശരീരത്തിലുള്ള കണ്ടുമുട്ടലിന് സാമൂഹിക വെബ് ഉപകാരപ്രദമാണ്. അത്തരം ഒരു കണ്ടുമുട്ടലിന്റെ ഒരു വ്യാപിപ്പിക്കലോ പ്രതീക്ഷിക്കലോ ആയി നെറ്റ് ഉപയോഗിച്ചാൽ നെറ്റുവർക്ക് എന്ന സങ്കല്പം ഒറ്റിക്കൊടുക്കപ്പെടുകയില്ല. അത് ഐക്യത്തിനുള്ള നിമിത്തമായി നിലകൊള്ളും. ഒരു കുടുംബം കൂടുതൽ ബന്ധപ്പെടാനും തുടർന്ന് മേശയ്ക്കരികേ കണ്ട് പരസ്പരം കണ്ണുകളിലേക്കു നോക്കാനും നെറ്റ് ഉപയോഗിക്കുമ്പോൾ അത് വിഭവമായിത്തീരുന്നു. ഒരു സഭാസമൂഹം നെറ്റുവർക്കിലൂടെ പ്രവർത്തനം സംഘടിപ്പിക്കുകയും ഒന്നിച്ച് ദിവ്യകാരുണ്യാഘോഷം നടത്തുകയും ചെയ്താൽ നെറ്റ് വിഭവമായിത്തീരും. ശാരീരികമായി നമ്മിൽനിന്ന് അകന്നിരിക്കുന്ന സൗന്ദര്യത്തിന്റെയോ സഹനത്തിന്റെയോ കഥകളോ

അനുഭവങ്ങളോ പങ്കുവയ്ക്കാനുള്ള അവസരം നെറ്റ് തരുമ്പോൾ അത് വിഭവമാണ്. ഒന്നിച്ചുപ്രാർത്ഥിക്കാനും നന്മ അന്വേഷിക്കാനും ഐക്യപ്പെടുത്തുന്നവയെ കണ്ടെത്താനും നെറ്റ് സഹായിക്കുന്നു.

ഈ വിധത്തിൽ നമുക്ക് രോഗനിർണയത്തിൽ നിന്ന് ചികിത്സയിലേക്കു കടക്കാം. സംവാദത്തിനും കണ്ടുമുട്ടലിനും "പുഞ്ചിരികൾക്കും" വാത്സല്യപ്രകടനങ്ങൾക്കും ഉള്ള വഴി തുറക്കുന്നു. ഈ നെറ്റുവർക്കാണ് നമുക്കും വേണ്ടത്-കെണിയിൽപെടാനുള്ളതല്ല വിമോചിപ്പിക്കാനുള്ളത്, സ്വതന്ത്രജനതയുടെ ഐക്യം സംരക്ഷിക്കാനുള്ളത്. സഭതന്നെ ദിവ്യകാരുണ്യ ഐക്യം വഴി ഒന്നിച്ചു നെയ്യപ്പെട്ട ഒരു നെറ്റുവർക്കാണ്. അവിടെ ഐക്യത്തിന്റെ അടിസ്ഥാനം "ലൈക്ക്" അല്ല പിന്നെയോ സത്യത്തിൽ "ആമ്മേൻ" ആണ്. അതുവഴി ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ശരീരത്തോട് ഒട്ടിച്ചേരുകയും മറ്റുള്ളവർക്ക് സ്വാഗതമരുളുകയും ചെയ്യുന്നു.

**ഫ്രാൻസിസ് പാപ്പാ**
പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025.

**N.B:** ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മാധ്യമദിനമായ 2019 ജൂൺ 2-ാം തീയതി വായിക്കുകയോ, സന്ദേശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.




## 1. ബഹു. വൈദികരുടെ സ്ഥലംമാറ്റവും നിയമനവും (11.05.2019)

| | | |
|---|---|---|
| അച്ചാണ്ടിയിൽ ജോർജ് | വികാരി | ചീക്കാട് |
| അടപ്പൂർ ഫ്രാൻസിസ് O. Carm | ,, | കനകപ്പള്ളി |
| ആമക്കാട്ട് തോമസ് | ,, | അങ്ങാടിക്കടവ് |
| അമ്പാട്ട് സെബാസ്റ്റ്യൻ | ,, | ഓടന്തോട് |
| അമ്മനത്തുകുന്നേൽ കുര്യൻ MST | ,, | കോടോപ്പള്ളി |
| ആനചാരിൽ ജോസഫ് | അസോ. ഡയറക്ടർ | യൂത്ത് സെന്റർ, ചട്ടമല (അധികചുമതല) |
| ആനകുത്തിയിൽ മാത്യു | പഠനം | റോം |
| ആനിക്കാത്തോട്ടത്തിൽ ജേക്കബ്ബ് | വികാരി | നടുവിൽ |
| അന്ത്യാംകുളം ജോൺസൺ | ഡയറക്ടർ | മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു (അധികചുമതല) |
| അരീക്കുന്നേൽ ജോർജ് | | മെഡിക്കൽ ലീവ് |
| അരീപ്ലാക്കൽ മാത്യു | അസോ.ഡയറക്ടർ | കൗൺസിലിംഗ് സെന്റർ പൊന്ന്യം & വികാരി, മട്ടന്നൂർ |
| അട്ടങ്ങാട്ടിൽ തോമസ് | വികാരി | വാണിയപ്പാറ |
| ചാണക്കാട്ടിൽ ആന്റണി | ,, | കാര്യപ്പള്ളി |
| ചാത്തനാട്ട് ജോസഫ് | ഡയറക്ടർ | ശാന്തിഭവൻ, കരുവഞ്ചാൽ |
| ചെല്ലങ്കോട്ട് ജെയിംസ് | മാനേജർ | വിമൽജ്യോതി സ്ഥാപനങ്ങൾ, ചെമ്പേരി |
| ചെമ്പനാനിക്കൽ ജോൺ | വികാരി | ജയഗിരി |
| ചേന്നപ്പള്ളി ജോർജ് | ,, | ബാലേശുഗിരി |
| ചെരിപുറം സെബാസ്റ്റ്യൻ | ഡയറക്ടർ | കൗൺസിലിംഗ് സെന്റർ പൊന്ന്യം |
| ഇളംപുരയിടത്തിൽ ജോസഫ് | അസി. ഡയറക്ടർ | ശാന്തിഭവൻ (അധിക ചുമതല) |
| ഇളംതുരുത്തിപ്പടവിൽ മാത്യു | ഡയറക്ടർ | കരിസ്മാറ്റിക് പ്രസ്ഥാനം (അധിക ചുമതല) |
| എളൂക്കുന്നേൽ ജോർജ് | വികാരി | കൊട്ടോടി |
| ഈനാച്ചേരിൽ ജോസഫ് | ,, | കരുവഞ്ചാൽ |
| ഇരുപ്പക്കാട്ട് ഫിലിപ്പ് | ,, | നീലേശ്വരം |

| | | |
|---|---|---|
| എഴുപറയിൽ സെബാസ്റ്റ്യൻ | പഠനം | അജപാലനശുശ്രൂഷ, റോം |
| കദളിയിൽ ജോസഫ് | ചാപ്ലയിൻ | ക്രിസ്തുരാജ ഹോസ്പിറ്റൽ, സാൻജോസ് ഭവൻ, നിർമ്മലഗിരി |
| കാക്കരമറ്റത്തിൽ ജോസഫ് | പഠനം | |
| കളരിക്കൽ ജോസഫ് | വികാരി | ഉദയഗിരി |
| കളരിമുറിയിൽ ജോർജ് | ഡയറക്ടർ | എ.ഡി.എ.എം. & അസി. ഡയറക്ടർ ടി.എസ്. എസ്.എസ്. |
| കാരക്കാട്ട് ഫിലിപ്പ് | വികാരി | കോളയാട് (അധികചുമതല) |
| കാരക്കാട്ട് കുര്യാക്കോസ് | അസി. ഡയറക്ടർ | ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് |
| കാഞ്ഞിരത്തിങ്കൽ ജോസഫ് | പ്രോ വികാരി | പറമ്പ, സെന്റ് ജൂഡ്സ് കോളേജ്, വെള്ളരിക്കുണ്ട് |
| കട്ടക്കയത്തിൽ തോമസ് | വികാരി | അമ്മംകുളം |
| കവിയിൽ ഫിലിപ്പ് | ഡയറക്ടർ | സന്ദേശഭവൻ (അധികചുമതല) |
| കിഴക്കേത്തലക്കൽ മാർട്ടിൻ | ഫൊറോനവികാരി | തോമാപുരം |
| കോലക്കുന്നേൽ കുര്യാക്കോസ് | വികാരി | പയ്യാവൂർ |
| കോണിക്കൽ മാത്യു | വികാരി | വെള്ളരിയാനം (താല്ക്കാലികം) |
| കൂനങ്കിയിൽ ഇമ്മാനുവേൽ | ഉപരിപഠനം | കോട്ടയം |
| കൊട്ടുകാപ്പള്ളി തോമസ് | വികാരി | അറബി |
| കോയിപ്പുറം ജോസഫ് | ,, | കമ്പല്ലൂർ |
| കുടിപ്പറമ്പിൽ ചാക്കോ | അസോ.ഡയറക്ടർ | മദ്യവിരുദ്ധസമിതി, പ്രതീക്ഷ, മുക്തിശ്രീ, എ.ഡി.എസ്.യു |
| കുറ്റിക്കാട്ടുകുന്നൽ ജേക്കബ് | വികാരി | മാങ്ങോട് |
| മഠത്തിമ്യാലിൽ അബ്രാഹം | ,, | എണ്ണപ്പാറ |
| മണപ്പാത്തുപറമ്പിൽ സെബാസ്റ്റ്യൻ | ,, | ആനറ |
| മണവത്ത് തോമസ് | | ഉപരിപഠനം |
| മഞ്ഞളാംകുന്നേൽ ജോസഫ് | വികാരി | കാവുന്തല |
| മണ്ണൂരാംപറമ്പിൽ തോമസ് | വിരമിക്കൽ | ശാന്തിഭവൻ |
| മറ്റം ഫ്രാൻസീസ് | ,, | ശാന്തിഭവൻ |
| മേൽവെട്ടത്ത് തോമസ് | സെക്രട്ടറി | സീറോ മലബാർ മതബോധന കമ്മീഷൻ, കാക്കനാട് |
| മൂഞ്ഞേലിൽ പോൾ | വികാരി | ചേപ്പറമ്പ് |
| മുളങ്ങാട്ടിൽ ഇഗ്നേഷ്യസ് | ,, | ലിസിഗിരി |
| മുല്ലക്കര ജോൺ | ,, | പയ്യന്നൂർ |
| മുല്ലപ്പള്ളി മാത്യു | ,, | പൊട്ടൻപ്ലാവ് |
| മുണ്ടപ്ലാക്കൽ കുര്യാക്കോസ് | വികാരി ജനറൽ, ഭദ്രാവതി രൂപത | |
| നടാംകുഴി പോൾ എസ്.ജെ. | വികാരി | നെല്ലിയടുക്കം |

| | | |
|---|---|---|
| നരിക്കുഴി മാത്യു | വികാരി | കച്ചേരിക്കടവ് |
| നീണ്ടൂർ തോമസ് | അജപാലനസഹായം | പടന്നക്കാട് |
| നിരപ്പേൽ സ്കറിയ | ഡയറക്ടർ | ടി.എസ്.എസ്. എസ്. |
| നൂറമ്മാക്കൽ ജോൺ | വികാരി | ബദിയടുക്ക |
| നൂറമ്മാക്കൽ ജോസഫ് | അസി. ഡയറക്ടർ | മദർഹോം |
| ഓരത്തേൽ കുര്യാക്കോസ് | വികാരി | കണിച്ചാർ |
| ഒറ്റപ്ലാക്കൽ അബ്രാഹം | മാനേജർ | സാൻജോസ് സ്കൂൾ, തലശ്ശേരി, വികാരി വാഴമല & ചെറുവാഞ്ചേരി |
| ഒറ്റപ്ലാക്കൽ ജോസഫ് | വികാരി ജനറാൾ | കാസർഗോഡ് റീജൻ |
| പടിഞ്ഞാറേ ആനിശ്ശേരിൽ ജോർജ് | അസി.വികാരി | കുടിയാന്മല & പഠനം |
| പാലമറ്റം മാത്യു | വികാരി | മാടത്തിൽ |
| പള്ളിച്ചാംകുടി സെബാസ്റ്റ്യൻ TOR | ,, | മാമ്പോയിൽ |
| പള്ളിനീരാക്കൽ ജേക്കബ് | ,, | മണക്കടവ് |
| പാണ്ട്യാമ്മാക്കൽ അഗസ്റ്റിൻ | ഫൊറോനവികാരി | കുന്നോത്ത് |
| പനേൽ ജോസഫ് ISCH | വികാരി | ചെട്ടിയാപറമ്പ |
| പറപ്പള്ളിയാത്ത് ജോൺപോൾ | സ്റ്റാഫ് | മംഗലപ്പുഴസെമിനാരി |
| പറപ്പള്ളിയാത്ത് മാർട്ടിൻ | വികാരി | പൂളക്കുറ്റി (അധികചുമതല) |
| പഴേപറമ്പിൽ ജോർജ് | ,, | ദീപഗിരി, അസി. ഡയറക്ടർ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ, കരുവഞ്ചാൽ |
| പൊടിമറ്റം സെബാസ്റ്റ്യൻ | വികാരി | ചെറുപാറ |
| പൊന്നമ്പേൽ ജോൺ | ,, | ചെടിക്കുളം |
| പൂത്തോട്ടാൽ ജോസഫ് CSJBP | ,, | രാജഗിരി |
| പൂവത്താനിക്കുന്നേൽ സ്കറിയ | „ | കനകക്കുന്ന് |
| പൂവത്തോലിൽ ജോസഫ് | ,, | പെരുമ്പടവ് |
| പൊട്ടനാനി ജോസഫ് | വൈസ് റെക്ടർ, പ്രൊക്യുറേറ്റർ മൈനർ സെമിനാരി | |
| പൊട്ടംപ്ലാക്കൽ മാത്യു | വികാരി | മേരിപുരം |
| പുളിക്കൽ സെബാസ്റ്റ്യൻ | ,, | കുട്ടാപറമ്പ |
| പുള്ളോലിക്കൽ തോമസ് | ,, | കാഞ്ഞിരടുക്കം |
| പുത്തൻപുര സേവ്യർ (സീനി.) | ,, | ആര്യപറമ്പ |
| പുത്തൻപുരയ്ക്കൽ സേവ്യർ (ജൂനി.) | „ | അരീക്കമല |
| പുതുശ്ശേരി ജോസഫ് | ,, | വട്ടിയറ |
| റാത്തപ്പള്ളി ഫ്രാൻസിസ് | ,, | മണിപ്പാറ |
| ശാസ്താംപടവിൽ മാത്യു | മാനേജർ, കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി | |
| തയ്യിൽ തോമസ് | വികാരി പടന്നക്കാട്, & ഡയറക്ടർ, പാസ്റ്ററൽ സെന്റർ | |
| തെക്കേൽ ആൻഡ്രൂസ് | വികാരി | കോഴിച്ചാൽ |

| | | |
|---|---|---|
| തെക്കുംച്ചേരിൽ ജോർജ് | വികാരി | കീഴ്പ്പള്ളി |
| തേനംമാക്കൽ ജോസഫ് | ,, | താബോർ |
| തുണ്ടത്തിൽ ജോസഫ് | അജപാലനശുശ്രൂഷ ഓസ്ട്രിയ | |
| തൈക്കുന്നുംപുറം ജോസഫ് | വികാരി | ഭീമനടി |
| തൈത്തോട്ടം തോമസ് | വിരമിക്കൽ | ശാന്തിഭവൻ |
| ഉറുമ്പുകാട്ടിൽ അഗസ്റ്റിൻ | വികാരി | പടുപ്പ് |
| വടക്കേമുളഞ്ഞനാൽ തോമസ് | | സ്റ്റഡി ലീവ് |
| വടക്കേമുറിയിൽ അബ്രാഹം CMI | വികാരി | പടിയോട്ടുചാൽ |
| വളവനാൽ മാത്യു | അഡ്മിനിസ്ട്രേറ്റർ മദർഹോം | |
| വരിക്കാനിക്കൽ മാർട്ടിൻ | വികാരി വെണ്ണക്കല്ല്, നിർദിഷ്ട മീഡിയ സെന്റർ | |
| വാഴകാട്ട് സെബാസ്റ്റ്യൻ | വിരമിക്കൽ | ശാന്തിഭവൻ |
| വേങ്ങക്കുന്നേൽ മാത്യു | വികാരി | വിളക്കന്നൂർ |
| വെമ്മേനിക്കട്ടയിൽ സെബാസ്റ്റ്യൻ | വികാരി നെടുവാലൂർ & അഡ്മിനിസ്ട്രേറ്റർ | റ്റി.റ്റി.സി. കോളേജ്, തളിപ്പറമ്പ് |
| നെല്ലിത്താനത്ത് ഡെന്നീസ് | പ്രോ വികാർ | ആടാംപാറ |
| റാത്തപ്പള്ളി ജോസഫ് | പ്രോ വികാർ | പൂപറമ്പ, വാർഡൻ, വിമൽ ജ്യോതി |

**അസിസ്റ്റന്റ് വികാരിമാർ**

| | |
|---|---|
| ചാലിൽ ജോർജ് | പൈസക്കരി |
| എടത്തിനകത്ത് പോൾ | ചെമ്പേരി |
| എടൂക്കുന്നേൽ ഏലിയാസ് | നെല്ലിക്കാംപൊയിൽ |
| കളപ്പുരയ്ക്കൽ ജോസഫ് | വെള്ളരിക്കുണ്ട് |
| കൂവപ്പാറയിൽ ജോൺ | മാലോം |
| പ്രവർത്തുംമലയിൽ മാത്യു | ചെറുപുഴ |
| പുതുകുളങ്ങര കുര്യാക്കോസ് | തോമാപുരം |
| തെക്കേടത്ത് സെബാസ്റ്റ്യൻ | കാഞ്ഞങ്ങാട് |
| വെട്ടിയാനിക്കൽ വർഗ്ഗീസ് | ചെമ്പന്തൊട്ടി |
| ആഞ്ഞിലിക്കൽ ജിയോ വിൽസൺ OSFS | നെല്ലിപ്പാറ |
| കുറിയേടത്ത് ജെറോം OFM Conv | മേരിഗിരി |
| മണിയംകുളത്ത് നിഖിൽ OSFS | റയറോം |
| പാറയാടിയിൽ ജോർജ് CST | തിരുമേനി |
| ചക്കിട്ടമുറിയിൽ ജോസഫ് | പാലാവയൽ |
| കലയംകണ്ടത്തിൽ ആന്റണി | പെരുമ്പടവ് |
| മാഞ്ഞൂരാൻ പോൾ | വായാട്ടുപറമ്പ |
| നടുപ്പറമ്പിൽ ജോർജ് | വെളിമാനം |

## 2. നന്ദിയും സ്വാഗതവും

കനകപ്പള്ളി ഇടവകയുടെ വികാരിയായി നാലുവർഷം സേവനം ചെയ്തശേഷം സ്ഥലംമാറിപ്പോകുന്ന റവ. ഫാ. ജോൺസൺ ഇളയിടത്തുകുന്നേൽ O.Carmമിനും, കാര്യപ്പള്ളി ഇടവകയുടെ വികാരിയായി മൂന്നരവർഷത്തോളം സേവനം ചെയ്ത റവ.ഫാ. പോൾ പുലിമലയിൽ എം.എസ്.എടി.ക്കും, കാഞ്ഞിരടുക്കം ഇടവകയുടെ വികാരിയായി മൂന്നുവർഷം സേവനം ചെയ്ത റവ. ഫാ. ജോൺ നെല്ലുവേലിൽ O. Praem നും അറബി പള്ളിയുടെ വികാരിയായി മൂന്നുവർഷം സേവനം ചെയ്ത റവ. ഫാ. ജോമി ജോസഫ് തൊട്ടിയിൽ പി.എസ്.ഡി.പി.ക്കും തലശ്ശേരി അതിരൂപതയുടെ ഹൃദയപൂർവ്വമായ നന്ദി അറിയിക്കുന്നു. പുതിയ പ്രവർത്തനമേഖലകളിൽ ഇവർക്ക് വിജയാശംസ കൾ നേരുന്നു.

വിവിധ ഇടവകകളിൽ കൊച്ചച്ചന്മാരായി സേവനം ചെയ്തിരുന്ന ഫാ. അഗസ്റ്റിൻ ചിറയിൽ എം.എസ്.ടി (മേരിഗിരി), ഫാ. ജോസ് കാരുവേലിൽ എം.എസ്.എഫ്.എസ് (ഭീമനടി), ഫാ. റോയി വയലിക്കോടത്ത്, മാണ്ഡ്യ രൂപത (ചെമ്പന്തൊട്ടി) ഫാ. മുതുമരത്തിൽ വർഗ്ഗീസ് സി.എം.എഫ് (മാലോം), ഫാ. ജോസഫ് പ്ലാത്തോട്ടത്തിൽ സി.ആർ.എം.(പാലാവയൽ), ഫാ. ജെയിംസ് തറപ്പത്ത് സി.ഡി.എസ്. (കുടിയാന്മല), ഫാ. നോബിൾ ജോൺ പുതിയിടത്ത്, പിയറിസ്റ്റ് ഫാദേഴ്സ് (റയറോം) ഫാ.തോമസ് വലിയനിരപ്പേൽ കപ്പൂച്ചിൻ (പെരുമ്പടവ്), ഫാ. ദേവസ്യ ഇളംപുരയിടം കപ്പൂച്ചിൻ (നെല്ലിപ്പാറ), ഫാ. ആൻഡ്രൂസ് തടത്തിൽ കപ്പൂച്ചിൻ (കാഞ്ഞങ്ങാട്), ഫാ. ബിജു കുറ്റിക്കാട്ട് എം.സി. (ചെമ്പേരി), ഫാ. ആന്റണി മുഞ്ഞനാട്ട് ഒ.സി.ഡി (അങ്ങാടിക്കടവ്), ഫാ. ആൽബിൻ കുന്നത്ത്, മാണ്ഡ്യ (തോമാപുരം), ഫാ. ജോമറ്റ് കാഞ്ഞിരക്കുളം, മാണ്ഡ്യ (എടൂർ), ഫാ. റോണി പുത്തൻവീട്ടിൽ, മാണ്ഡ്യ (ആലക്കോട്) ഫാ. ബിൻസ് കടുക്കക്കുന്നേൽ സി.എം.ഐ. (പെരുമ്പുന്ന) ഫാ. അജേഷ് വടക്കേൽ സി.എം.ഐ (കടുമേനി), ഫാ. വർഗീസ് കൂരൂർ സി.എം.ഐ.(പുലിക്കുരുമ്പ) ഫാ. ജോസഫ് ചെത്തിപ്പുഴ എം.സി.ബി.എസ് (പുറവയൽ) എന്നിവരുടെ സ്തുത്യർഹമായ സേവനങ്ങളെ നന്ദിപൂർവ്വം അനുസ്മരിക്കുകയും പുതിയ പ്രവർത്തന മേഖലകളിൽ വിജയം ആശംസിക്കുകയും ചെയ്യുന്നു.

തലശ്ശേരി അതിരൂപതയിൽ സേവനം ചെയ്യാൻ വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നും രൂപതകളിൽനിന്നും എത്തിയിട്ടുള്ള ഫാ. ഫ്രാൻസീസ് അടപ്പൂർ O.Carm, ഫാ. കുര്യൻ അമ്മനത്തുകുന്നേൽ എം.എസ്.ടി, ഫാ. സെബാസ്റ്റ്യൻ പള്ളിച്ചാംകുടി റ്റി.ഒ.ആർ, ഫാ. ജോസഫ് കുര്യാക്കോസ് പനേൽ, ഷേൺസ്റ്റാറ്റ്, ഫാ. ലിയോ നടുപ്പറമ്പിൽ, സി.ആർ.എം.,

ഫാ. ആന്റണി കലയംകണ്ടത്തിൽ ഭദ്രാവതി, ഫാ. ജോസഫ് ചക്കിട്ടമുറിയിൽ ഭദ്രാവതി എന്നീ ബഹുമാനപ്പെട്ട വൈദികർക്ക് തലശ്ശേരി അതിരൂപത യിലേയ്ക്ക് ഹൃദയപൂർവ്വമായ സ്വാഗതം ആശംസിക്കുന്നു.

## 3. വികാരിമാറ്റ റിപ്പോർട്ട്

വികാരിയച്ചന്മാർ സ്ഥലംമാറിയ ഏതാനും ഇടവകകളിൽനിന്നും വികാരിമാറ്റ റിപ്പോർട്ടിന്റെ കോപ്പി ഇനിയും അതിരൂപതാ കൂരിയായിലേക്ക് അയച്ചുതന്നിട്ടില്ല. സ്ഥലം മാറിയ വികാരിയും പുതിയ വികാരിയും ഒപ്പിട്ട വികാരിമാറ്റ റിപ്പോർട്ടുകൾ ഇനിയും അയയ്ക്കാത്ത ഇടവകകൾ 2019 ജൂൺ 15നുമുമ്പ് അവ അതിരൂപതാ കൂരിയായിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 4. ഫൊറോന വികാരിമാരുടെ യോഗം

നമ്മുടെ അതിരൂപതയിലെ എല്ലാ ബഹു. ഫൊറോന വികാരിമാരുടെയും ഒരു യോഗം 2019 ജൂൺ 7-ാം തീയതി വെള്ളിയാഴ്ച രാവിലെ പത്തുമണിക്ക് തലശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിൽ വച്ച് ചേരുന്നതാണ്. എല്ലാ ബഹു. ഫൊറോന വികാരിയച്ചന്മാരും പ്രസ്തുത മീറ്റിംങ്ങിൽ സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

## 5. ജൂണിയർ വൈദികർക്കുള്ള കോഴ്സ്

2009-2010 വർഷം തിരുപ്പട്ടം സ്വീകരിച്ചവർ മുതൽ 2018-19 വർഷം തിരുപ്പട്ടം സ്വീകരിച്ചവർ വരെയുള്ള പത്ത് ബാച്ചുകളിലെ വൈദികർക്കായി ഒരു പരിശീലന പരിപാടി 2019 ജൂൺ 17ന് വൈകുന്നേരം 5 മണി മുതൽ ജൂൺ 19ന് ഉച്ചകഴിഞ്ഞ് 4 മണി വരെ തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നതാണ്. ബഹു. വൈദികരുടെ അഭിവന്ദ്യപിതാക്കന്മാരോടൊപ്പമുള്ള ബാച്ചടിസ്ഥാനത്തിലുള്ള കോൺഫറൻസും ഇതോടൊപ്പം നടത്തുന്നതാണ്. ഈ കോഴ്സിൽ പങ്കെടുക്കേണ്ട വൈദികരുടെ ലിസ്റ്റ് കഴിഞ്ഞ ലക്കം ഗിരിദീപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ അസി. വികാരിമാരായി സേവനം ചെയ്യുന്ന സന്യാസവൈദികരും ഇതിൽ പങ്കെടുക്കേണ്ടതാണ്.

## 6. ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സ്

ബഹു. വൈദികരുടെ ഈ വർഷത്തെ തുടർപരിശീലനപരിപാടി ജൂലൈ മാസം 15 മുതൽ 17 വരെയും 22 മുതൽ 24 വരെയും രണ്ട് ബാച്ചുകളിലായി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന ദിവസം വൈകുന്നേരം 6 മണിക്ക് തുടങ്ങുകയും അവസാനിക്കുന്ന ദിവസം ഉച്ചകഴിഞ്ഞ് 4 മണിക്ക് സമാപിക്കുന്നതുമാണ്. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് അടുത്ത ലക്കം ഗിരിദീപത്തിൽ പ്രസിദ്ധീക രിക്കുന്നതാണ്.

### 7. കൈക്കാരന്മാരുടെ സമ്മേളനം

2019-2020 വർഷത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കൈക്കാരന്മാരുടെ ഒരു സമ്മേളനം നാല് റീജണുകളിലായി ജൂൺ മാസത്തിൽ നടത്തുന്നതാണ്. എല്ലാ ഇടവകകളിൽനിന്നുമുള്ള കൈക്കാരന്മാരെ പള്ളിച്ചെലവിൽ ഈ സമ്മേളനങ്ങളിലേക്ക് പറഞ്ഞയയ്ക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. അഭിവന്ദ്യപിതാക്കന്മാർ യോഗത്തിൽ സംബന്ധിച്ച് ചർച്ചകൾക്ക് നേതൃത്വം കൊടുക്കുന്നതാണ്. രാവിലെ 10 മണിമുതൽ ഉച്ചക്ക് 1 മണിവരെയായിരിക്കും സമ്മേളനം.

| തീയതി | സ്ഥലം | പങ്കെടുക്കേണ്ടഫൊറോനകൾ |
|---|---|---|
| 28 വെള്ളി | ചെമ്പേരി | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി, തളിപ്പറമ്പ് |
| ,, | ഇരിട്ടി | പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ |
| 29 ശനി | ആലക്കോട് | ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ |
| ,, | പടന്നക്കാട് | കാഞ്ഞങ്ങാട്, പനത്തടി, വെള്ളരിക്കുണ്ട്, തോമാപുരം |

### 8. സംയുക്ത വൈദികസമിതി സമ്മേളനം - ജൂൺ 10ന്

2019 ഏപ്രിൽ 5ന് ചേർന്ന തലശ്ശേരി അതിരൂപതയിലെ വൈദികമേലദ്ധ്യക്ഷന്മാരുടെ യോഗത്തിൽ എടുത്ത തീരുമാനപ്രകാരം തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, ബൽത്തംഗടി, ഭദ്രാവതി, മാണ്ഡ്യ എന്നീ രൂപതകളിലെ വൈദികസമിതി (പ്രെസ്ബിറ്ററൽ കൗൺസിൽ) അംഗങ്ങളുടെ ഒരു സംയുക്ത സമ്മേളനം 2019 ജൂൺ 10-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 4 മണിവരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് ചേരുന്നതാണ്. വൈദികർ തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിനും സമകാലീന പ്രശ്നങ്ങളെ ചർച്ചചെയ്യുന്നതിനും കൂട്ടായ തീരുമാനമെടുക്കുന്നതിനും സഹായകമാകുമെന്ന പ്രതീക്ഷയോടാണ് ഈ പുതിയ സംരംഭത്തിന് തുടക്കം കുറിക്കുന്നത്. ആതിഥേയ രൂപതയിലെ വൈദികസമിതി അംഗങ്ങൾ എന്ന നിലയിൽ നമ്മുടെ അതിരൂപതയിലെ മുഴുവൻ വൈദികസമിതി അംഗങ്ങളും ജൂൺ 10-ന് രാവിലെ 10 മണിക്ക് മുമ്പ് സന്ദേശഭവനിൽ എത്തുകയും സമ്മേളനത്തിൽ ആദ്യന്തം പങ്കെടുക്കുകയും ചെയ്യണം.

### 9. പത്രോസിന്റെ കാശ് പിരിവ്

എല്ലാവർഷവും ജൂൺമാസത്തിൽ വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ചാണ് പത്രോസിന്റെ കാശ് പിരിക്കുന്നത്. ഈ സംഭാവന നല്കുന്നതിലൂടെ സാർവ്വത്രികസഭയുടെ പ്രവർത്തനങ്ങളിൽ ഓരോ വിശ്വാസിയും പങ്കാളിയാവുകയാണ്. ജൂൺ

29-നാണ് വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ. അതിന്റെ തലേ ഞായറാഴ്ച ജൂൺ 23-ാം തീയതി ഈ തിരുനാളിനെക്കുറിച്ചും പത്രോസിന്റെ കാശ് പിരിവിനെക്കുറിച്ചും ജനങ്ങളെ അറിയിച്ച് അന്നത്തെ സ്തോത്രക്കാഴ്ചയെടുത്ത് അതിരൂപതാകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## 10. സീറോ-മലബാർ സഭാദിനം -ജൂലൈ 3

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാൾ ദിനമായ ജൂലൈ 3 സീറോ-മലബാർ സഭാദിനമായി നാം ആചരിക്കുന്നു. അന്നത്തെ സ്തോത്രക്കാഴ്ച സീറോ-മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തനഫണ്ടിലേക്ക് നല്കുന്നതിനു വേണ്ടിയാണ് സമാഹരിക്കുന്നത്. ഓരോ വ്യക്തിയും കുറഞ്ഞത് 2 രൂപയെങ്കിലും സ്തോത്രക്കാഴ്ചയായി നല്കണം. പിരിഞ്ഞുകിട്ടുന്ന തുക ജൂലൈ 15 നു മുമ്പ് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

## 11. നന്ദി.... സ്വാഗതം

തലശ്ശേരി ആർച്ചുബിഷപ്പ്സ് ഹൗസിൽ കഴിഞ്ഞ നാലുവർഷമായി ഹൗസ് മാനേജർ ആയി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം കുന്നോത്ത് നസ്രത്ത് ഫോർമേഷൻ ഹൗസിൽ മദർ സുപ്പീരിയറായി സ്ഥലം മാറിപോകുന്ന സി. ബ്ലെസി എൻ.എസിന് ഹൃദയപൂർവ്വം നന്ദി അറിയിക്കുകയും പുതിയ ശുശ്രൂഷാ മേഖലയിൽ എല്ലാ ഭാവുകങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

അതിരൂപതാ കൂരിയായിൽ കഴിഞ്ഞ നാലുവർഷമായി നോട്ടറിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം കോളയാട് എഫ്.സി. കോൺവെന്റ് സുപ്പീരിയറായി സ്ഥലം മാറിപോകുന്ന സി. ജിസ്മി എഫ്.സി.സിക്ക് ഹൃദയപൂർവ്വം നന്ദി അറിയിക്കുകയും പുതിയ ഉത്തരവാ ദിത്വം ഭംഗിയായി നിറവേറ്റാനുള്ള ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അതിരൂപതാകേന്ദ്രത്തിൽ പുതിയ ഹൗസ് മാനേജർ ആയി നിയമിതയായിരിക്കുന്ന സി. റെജീന കുര്യാക്കോസ് എൻ.എസിനും അതിരൂപതാ കൂരിയ നോട്ടറിയായി നിയമിതയായിരിക്കുന്ന സി. ജയ എഫ്.സി.സിക്കും സ്വാഗതം.

## 11. ആദരാഞ്ജലി

**സി. ലീലാമ്മ എം.എസ്.ഐ. (74) :** ബഹു. മാത്യു മണിമലത്തറപ്പേൽ അച്ചന്റെ സഹോദരിയും എം.എസ്.ഐ. സഭാംഗവുമായ സി.ലീലാമ്മ 2019 മെയ് 8ന് നിര്യാതയായി. മൃതസംസ്ക്കാരം 2019 മെയ് 9ന് സെക്കന്താരാബാദിലെ എം.എസ്.ഐ. പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു. പരേതക്ക് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ബന്ധുമിത്രാദികളെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**സി. ആനീസ് എഫ്.സി.സി. (43):** ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിന്റെ സെന്റ് ജോസഫ് പ്രൊവിൻസിൽ, ഒഡീഷ ക്ലെയർ ജ്യോതി റീജിയൺ അംഗമായ സി. ആനീസ് 2019 ഏപ്രിൽ 27ന് നിര്യാതയായി. മൃതസംസ്ക്കാരം ഏപ്രിൽ 30 ന് രാവിലെ ആർച്ച് ബിഷപ് എമിരറ്റസ് മാർ ജോർജ് വലിയമറ്റത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ കുന്നോത്ത് നൊവിഷ്യറ്റ് ഹൗസ് സെമിത്തേരിയിൽ നടത്തി. പരേത പൈസക്കരി ഇടവകയിലെ ചക്കാലയിൽ ജോസഫ് -അന്നമ്മ ദമ്പതിമാരുടെ ആറുമക്കളിൽ രണ്ടാമത്തെ മകളാണ്. 2006 ഏപ്രിൽ 20 ൽ നിത്യവ്രതവാഗ്ദാനം നടത്തി. തലശ്ശേരി അതിരൂപതയിൽ ഭീമനടി, എമ്പേറ്റ്, മേലെ ചൊവ്വ എന്നിവിടങ്ങളിലും ഒഡിഷയിൽ സാമ്പൽപൂർ, ഭുവനേശ്വർ, രൂപതകളിൽ ബോഡ്മാൽ, റുത്തുംഗിയ, ബെൽപഹാഡ് എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സിസ്റ്ററിന്റെ ആത്മാവിനെ ദൈവം തന്റെ വിശുദ്ധരുടെ ഗണത്തിൽ ചേർക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.



**ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിൽ (83) :** താമരശ്ശേരി രൂപതാംഗവും അവിഭക്ത തലശ്ശേരി രൂപതയിലെ ആദ്യകാല വൈദികരിൽ ഒരാളുമായ ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിൽ 2019 മെയ് 16ന് നിര്യാതനായി. തലശ്ശേരി അതിരൂപതയിലെ കുടിയാന്മല, മാലോം, ചരൾ, റയറോം എന്നീ ഇടവകകളിലും താമരശ്ശേരി രൂപതയിലെ വിലങ്ങാട്, പെരുവണ്ണാമൂഴി, മഞ്ഞുവയൽ, ചാപ്പൻതോട്ടം, മരഞ്ചാട്ടി, നെന്മേനി, കാളികാവ്, പി.ടി. ചാക്കോ നഗർ, മഞ്ഞക്കടവ് എന്നീ ഇടവകകളിലും വികാരിയായി സേവനമനുഷ്ഠി ച്ചിട്ടുണ്ട്. മൃതസംസ്ക്കാരശുശ്രൂഷകൾ 2019 മെയ് 17ന് തിരുവമ്പാടി പള്ളിയിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും മാർ ജോർജ് വലിയമറ്റം പിതാവും മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു. പരേതന് ദൈവം നിത്യസമ്മാനം നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



**ഫാ. ജോസഫ് തൊണ്ടിപ്പറമ്പിൽ (69) :** മാനന്തവാടി രൂപതാംഗവും ആലുവസെമിനാരി അദ്ധ്യാപകനും പി.ഒ.സി.യിൽ ബൈബിൾ പരിഭാഷകനുമായിരുന്ന ഫാ. ജോസഫ് തൊണ്ടിപ്പറമ്പിൽ വിശുദ്ധ നാട്ടിലേക്കുള്ള യാത്രാമധ്യേ ഈജിപ്തിലെ കെയ്റോയിൽ വച്ച് 2019 മെയ് 20ന് നിര്യാതനായി. തലശ്ശേരി മൈനർ സെമിനാരിയിൽ വൈദികപഠനം ആരംഭിച്ച അച്ചൻ മാനന്തവാടി രൂപതയ്ക്കുവേണ്ടിയാണ് വൈദികനായത്. ബൈബിൾ പണ്ഡിതൻ എന്ന നിലയിൽ അനേകം വൈദികരുടെ അധ്യാപകനായിരുന്നു അദ്ദേഹം. ദീർഘകാലം



ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപരിശീലനം നല്കി. മൃതസംസ്കാരം 2019 മെയ് 25 ശനിയാഴ്ച നടവയൽ ഹോളി ക്രോസ് ഇടവകപള്ളിയിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും മാർ ജോർജ് വലിയമറ്റം പിതാവും മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുകയും അദ്ദേഹത്തിന്റെ ആകസ്മികമായ നിര്യാണത്തിൽ ദുഃഖിതരായിരിക്കുന്ന എല്ലാവരെയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

## 12. സ്നേഹസ്മൃതി

1. റവ. ഫാ. ഷാബോർ വള്ളവന്തറ സി.എം.ഐ - 01-06-1963
2. റവ. ഫാ. റാഫേൽ തറയിൽ - 03-06-2007
3. റവ. ഫാ. സിറിയക് ചെമ്മാഴം - 04-06-1985
4. റവ. ഫാ. മാത്യു വില്ലന്താനം - 05-06-2015
5. റവ. ഫാ. തോമസ് കാട്ടൂർ - 08-06-1977
6. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. - 09-06-1986
7. റവ. ഫാ. ഫ്രെഡറിക് ആലഞ്ചേരി സി.എം.ഐ. - 10-06-1982
8. റവ. ഫാ. സെബാസ്റ്റ്യൻ പുളിയന്മാക്കൽ - 10-06-1994
9. റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര - 11-06-2005
10. റവ. ഫാ. മാത്യു കുരുവൻപ്ലാക്കൽ - 15-06-2015
11. റവ. ഫാ. പോൾ മൂശാരിയേട്ട് - 19-06-2006
12. റവ. മോൺ. ജേക്കബ് വാരികാട്ട് - 21-06-2001
13. റവ. ഫാ. ജോസഫ് അടിപുഴ - 21-06-2008
14. റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ. - 24-06-1974
15. റവ. മോൺ. വർക്കി കുഴികുളത്തിൽ - 24-06-2009
16. റവ. ഫാ. ഫുൾജെൻസിയൂസ് തെക്കേമാളിയേക്കൽ സി.എം.ഐ. - 25-06-1970
17. റവ. ഫാ. മരിയാനൂസ് കുഴുപ്പിൽ സി.എം.ഐ. - 24-06-2003
18. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. - 26-06-1986
19. റവ. ഫാ. അന്തോണിനൂസ് കണിയാംകുന്നേൽ സി.എം.ഐ. - 28-06-2004
20. റവ. ഫാ. അഗസ്റ്റിൻ വിലങ്ങപ്പാറ സി.എം.ഐ. - 30-06-2007

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. മതബോധന ഞായർ ജൂൺ 02

2019-20 അധ്യയനവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾ ആരംഭിക്കുന്നത് 2019 ജൂൺ 2 നായിരിക്കും. കഴിഞ്ഞ അധ്യയന വർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി പറയുന്നു. പുതിയ അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. സൺഡേസ്കൂൾ വർഷാരംഭത്തിനു മുമ്പ് ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടുകയും സ്റ്റാഫ് ഫിക്സേഷൻ നടത്തുകയും പുതിയ അധ്യയനവർഷം നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കുകയും ചെയ്യണം. എല്ലാ മാസവും ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ഓരോ മാസത്തേയും അതിരൂപതാ ബുള്ളറ്റിനിൽ വിശ്വാസപരിശീലനത്തെ സംബന്ധിച്ച് കൊടുക്കുന്ന കാര്യങ്ങൾ സ്റ്റാഫിൽ പൊതുവായി വായിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്. ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യസമയത്തുതന്നെ ചെയ്ത് സഹകരിക്കണേ. എല്ലാ അദ്ധ്യാപകരും ടീച്ചിംഗ് നോട്ട് എഴുതുകയും ഹാൻഡ് ബുക്ക് ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. ബഹു. വികാരിയച്ചനോ, ഹെഡ്മാസ്റ്ററോ അവ പരിശോധിക്കുകയും വേണം.

2. കുട്ടികൾക്ക് ക്ലാസിലെ പഠനം കൂടാതെ മാസത്തിലൊരിക്കൽ ക്ലാസ്സടിസ്ഥാനത്തിലോ പല ക്ലാസുകൾകൂടിയോ ഒരു മണിക്കൂർ ആരാധന നടത്തുമല്ലോ. പ്രായോഗിക മതബോധനത്തിന്റെ ഭാഗമായി ടേമിൽ ഒരിക്കൽ ആതുരാലയങ്ങൾ സന്ദർശിക്കുന്നതിനും അന്തേവാസികളെ ശുശ്രൂഷിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കി കൊടുക്കേണ്ടതാണ്. കൂടാതെ എൽ.സി.ഡി പ്രോജക്ടർ ഉപയോഗിച്ച് പാഠങ്ങളും, വിശുദ്ധരുടെ ജീവചരിത്രവും ധാർമികമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന നല്ല ഫിലിമുകളും കുട്ടികളെ പൊതുവായി കാണിക്കേണ്ടതാണ്. അതിനായി സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറാക്കുന്നത് നല്ലതാണ്.

3. വേദപാഠ ക്ലാസുകൾക്ക് 2 മണിക്കൂർ സമയം കിട്ടുന്ന രീതിയിൽ ക്ലാസുകളുടെ സമയം പുനഃക്രമീകരിക്കണം.

4. പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പോകുന്ന കുട്ടികൾ അവർ പഠിക്കാൻ പോകുന്ന സ്ഥലത്തുള്ള ഇടവക ദൈവാലയത്തിൽ മതബോധന ക്ലാസുകളിൽ സംബന്ധിക്കേണ്ടതാണെന്നും പഠനം പൂർത്തിയാക്കിയതായ കത്ത് ഹാജരാക്കിയാൽ വാർഷികപരീക്ഷ സ്വന്തം ഇടവകയിൽ നടത്താൻ അവസരമുണ്ടായിരിക്കുമെന്നും ബഹു. അച്ചന്മാർ പള്ളിയിൽ അറിയിക്കുമല്ലോ.

5. എല്ലാ സൺഡേസ്കൂളിലും ഓഫീസും സ്റ്റാഫ്മീറ്റിംഗ് കൂടുന്നതിനാവശ്യമായ സൗകര്യങ്ങളും ക്രമീകരിക്കേണ്ടതാണ്. ഓഫീസ് വൃത്തിയായി സൂക്ഷിക്കുകയും റിക്കോർഡുകളും ഫയലുകളും മറ്റു രേഖകളും കൃത്യമായും ക്രമമായും അലമാരകളിൽ സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിന് പുറത്ത് സൺഡേസ്കൂൾ ഓഫീസ് എന്നെഴുതിയ ബോർഡ് സ്ഥാപിക്കേണ്ടതും ഓഫീസിനുള്ളിൽ ആപ്തവാക്യം (ലൂക്ക 2:52) ഭംഗിയായി എഴുതി വയ്ക്കേണ്ടതുമാണ്.

## 2. വിശ്വാസപരിശീലന പ്രവർത്തനവർഷ ഉദ്ഘാടനം

2019-2020 അധ്യയനവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം മാവുംചാൽ ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് നിർവ്വഹിക്കുന്നു.

## 3. നന്ദി ... ആശംസകൾ ...

തോമാപുരം, കുന്നോത്ത്, എന്നീ ഫൊറോനകളിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ വെരി. റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാമ്മാക്കൽ, വെരി. റവ. ഫാ. ജോസഫ് ചാത്തനാട്ട് എന്നിവർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഹൃദ്യമായ നന്ദി. മേൽപ്പറഞ്ഞ ഫൊറോനകളിൽ പുതിയ ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന വെരി. റവ. ഫാ. മാർട്ടിൻ കിഴക്കേതലക്കൽ, വെരി. റവ. ഫാ. അഗസ്റ്റിൻ പാണ്ട്യാമ്മാക്കൽ എന്നിവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

## 4. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് ജൂൺ 7-8 (വെള്ളി, ശനി)

2019-2020 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് സന്ദേശഭവനിൽവച്ച് ജൂൺ 7ന് വെള്ളിയാഴ്ച്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 8 ശനിയാഴ്ച്ച ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കുന്നതാണ്. എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും കോൺഫറൻസിൽ സംബന്ധിക്കേണ്ടതാണ്.

## 5. ആമുഖസെമിനാർ ജൂലൈ 12-15

വിശ്വാസപരിശീലകർക്കായി ജൂലൈ 12 മുതൽ 15വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു.

സെമിനാർ ജൂലൈ മാസം 12-ാം തീയതി വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 15-ാം തീയതി തിങ്കളാഴ്ച്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഫീസ് 1000 രൂപയായിരിക്കും സെമിനാറിൽ പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 30-ന് മുമ്പായി ഓഫീസിൽ അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ 60-ൽ കുറവാണെങ്കിൽ സെമിനാർ നടത്തുന്നതല്ല.

## 6. ബൈബിൾ നഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേസ്കൂളുകളിലും ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായി ബൈബിൾ നഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകവും സി.ഡിയും ഓഫീസിൽ ലഭ്യമാണ്.

## 7. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

## 8. വിശ്വാസോത്സവ ആൽബം

വിശ്വാസോത്സവത്തോടനുബന്ധിച്ച് ‘പ്രളയകാലത്തെ കേരളസഭയിലെ പ്രവർത്തനങ്ങൾ’ എന്ന വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കിയ ആൽബത്തിന് കണിച്ചാർ ഇടവക ഒന്നാംസ്ഥാനവും കച്ചേരിക്കടവ് രണ്ടാംസ്ഥാനവും പുറവയൽ, പുലിക്കുരുമ്പ എന്നീ ഇടവകകൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

## 9. ഓർക്കേണ്ട തീയതികൾ

2019-2020 അധ്യായനവർഷത്തിലെ പ്രധാനപ്പെട്ട തീയതികൾ. **ഓണപരീക്ഷ:** സെപ്റ്റംബർ 01, **ക്രിസ്മസ് പരീക്ഷ**: ഡിസംബർ 8, **ഡിപ്ലോമ പരീക്ഷ:** ജനുവരി 26, **വിശ്വാസോത്സവം:** മാർച്ച് 31 - ഏപ്രിൽ 4, **ഈസ്റ്റർ പരീക്ഷ:** ഏപ്രിൽ 06, **മതാധ്യാപക ദിനം:** നവംബർ 04.

## 10. ദിയാകോണിയ കർമ്മപദ്ധതി

ജൂൺ മാസം **ഫലസമൃദ്ധി** എന്ന ലക്ഷ്യം മുൻ നിർത്തിയുള്ള കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. സൺഡേസ്കൂൾ കുട്ടികൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ

1. സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ വൃക്ഷതൈകൾ, പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുക.
2. സൺഡേസ്കൂൾ പരിസരത്ത് ഫലവൃക്ഷതൈകൾ നടുക.
3. സ്വഭവനത്തിൽ പച്ചക്കറിയിനങ്ങളും ഫലവൃക്ഷതൈകളും നടുക.

**11. 2018-19 അധ്യയനവർഷത്തെ IV, VII, X ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷാഫലങ്ങൾ**

## A. IV-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

| അതിരൂപതാ റാങ്ക് ലിസ്റ്റ് | | |
|---|---|---|
| 1. അലീന തെരേസ് കോവാട്ട് | പൈസക്കരി | ഒന്നാം റാങ്ക് |
| 2. ജിസമരിയ കണിവേലിൽ | കൊട്ടൂർവയൽ | രണ്ടാം റാങ്ക് |
| 3. ഗ്രെയ്സ്മരിയ കളപ്പുരക്കൽ | തളിപ്പറമ്പ് | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. എലിസബത്ത് നരിമറ്റത്തിൽ | ഒറ്റത്തൈ | ആലക്കോട് |
| 2. എയ്ഞ്ചൽമേരി മുളന്തറ | മണ്ടളം | ചെമ്പന്തൊട്ടി |
| 3. ആന്റണി മറ്റത്തിൻകര | അരീക്കമല | ചെമ്പേരി |
| 4. ഡാനിയമേരി പരുന്തുംവീട്ടിൽ | കോഴിച്ചാൽ | ചെറുപുഴ |
| 5. ട്രീസ കൊരണ്ടിക്കവേലിൽ | കീഴ്പ്പള്ളി | എടൂർ |
| 6. അന്നമ്മ കളപ്പുരക്കൽ | കോടോത്ത് | കാഞ്ഞങ്ങാട് |
| 7. അന്നമരിയ കാപ്പിൽ | രണ്ടാംകടവ് | കുന്നോത്ത് |
| 8. പോൾ കലശ്ശീൽ | കാര്യപ്പള്ളി | മേരിഗിരി |
| 9. അൽഫോൻസ ചേറാടിക്കൽ | ആനറ | നെല്ലിക്കാംപൊയിൽ |
| 10. അൽഫോൻസ ഇളയാനിത്തോട്ടത്തിൽ | ചന്ദനക്കാംപാറ | പൈസക്കരി |
| 11. ഫിലോമിൻ മ്ലാക്കുഴിതെക്കേയറ്റത്ത് | പടുപ്പ് | പനത്തടി |
| 12. ഡോൺ ജോർജ് | എടത്തൊട്ടി | പേരാവൂർ |
| 13. അന്നമ്മ റിയ മൈലാടിയിൽ | പരിയാരം | തളിപ്പറമ്പ് |
| 14. ജോൺ എൽസ് ടോം കൊല്ലക്കൊമ്പിൽ | തോമാപുരം | തോമാപുരം |
| 15. ക്രിസ്റ്റി അറയ്ക്കൽ | വെള്ളാട് | വായാട്ടുപറമ്പ് |
| 16. അൽക്ക എലിൻ ചാണിയിൽ | ബളാൽ | വെള്ളരിക്കുണ്ട് |

## B. VII-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

**അതിരൂപതാ റാങ്ക് ലിസ്റ്റ്**

| | | |
|---|---|---|
| 1. റോസ്ലിറ്റ് വാലുമ്മേൽ | പരപ്പ | ഒന്നാം റാങ്ക് |
| 2. ക്ലെയർമരിയ ആനാനിയുറുമ്പേൽ | മാലോം | രണ്ടാം റാങ്ക് |
| 3. മെലിസ മരിയ പറപ്പള്ളി | തടിക്കടവ് | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. എലിസബത്ത് കുമ്പളപ്പള്ളി | മണക്കടവ് | ആലക്കോട് |
| 2. ആൻമരിയ വടക്കേൽ | കരയത്തുംചാൽ | ചെമ്പന്തൊട്ടി |

| | | |
|---|---|---|
| 3. തെരേസ് അയ്യങ്കാനാൽ | ചെമ്പേരി | ചെമ്പേരി |
| 4. ഡോണ മരിയ പുത്തൻപറമ്പിൽ | ചെറുപുഴ | ചെറുപുഴ |
| 5. മേരി ജാതികുളം | എടൂർ | എടൂർ |
| 6. ജോർജ് ചിറമാട്ടേൽ | കാസർഗോഡ് | കാഞ്ഞങ്ങാട് |
| 7. കാതറിൻ പുതിയാംപുറം | കുന്നോത്ത് | കുന്നോത്ത് |
| 8. അനബൽ മരിയ നമ്പ്യാപറമ്പിൽ | റയറോം | മേരിഗിരി |
| 9. എൽബീന കുന്നുംപുറത്ത് | ആനറ | നെല്ലിക്കാംപൊയിൽ |
| 10. അലീന മേരി പാലാക്കുഴി | ചുണ്ടപ്പറമ്പ് | പൈസക്കരി |
| 11. അന്ന പാലയ്ക്കൽ | പനത്തടി | പനത്തടി |
| 12. എലിസബത്ത് വലിയവീട്ടിൽ | രാജമുടി | പേരാവൂർ |
| 13. ടോം പരിയാരത്തുകുന്നേൽ | തളിപ്പറമ്പ് | തളിപ്പറമ്പ് |
| 14. എയ്ഞ്ചൽ മരിയ മാങ്കുന്നേൽ | തോമാപുരം | തോമാപുരം |
| 15. എലിസബത്ത് കുഴിപ്പള്ളിൽ | കരുവൻചാൽ | വായാട്ടുപറമ്പ് |
| 16. റോസ് മാപ്പിളപ്പറമ്പിൽ | മാലോം | വെള്ളരിക്കുണ്ട് |

## C. X-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

| **അതിരൂപതാ റാങ്ക് ലിസ്റ്റ്** | | |
|---|---|---|
| 1. അൽഫോൻസ കാരന്താനം | തളിപ്പറമ്പ് | ഒന്നാം റാങ്ക് |
| 2. എലിസബത്ത് ഊർക്കുന്നേൽ | കുടിയാന്മല | രണ്ടാം റാങ്ക് |
| 3. മരിയ പുത്തൻപറമ്പിൽ | ബല്ലാൽ | മൂന്നാം റാങ്ക് |
| **ഫൊറോന റാങ്ക് ലിസ്റ്റ്** | **ഇടവക** | **ഫൊറോന** |
| 1. ആൻമരിയ കച്ചിറയിൽ | മാമ്പൊയിൽ | ആലക്കോട് |
| 2. ജ്യോതിമരിയ കണിവേലിൽ | കൊട്ടൂർവയൽ | ചെമ്പന്തൊട്ടി |
| 3. മെർലിൻ കവളക്കാട്ട് | ചെമ്പേരി | ചെമ്പേരി |
| 4. മേരി മാമ്പുഴക്കൽ | രാജഗിരി | ചെറുപുഴ |
| 5. മെർലിൻ മുണ്ടിയാനിയിൽ | വെളിമാനം | എടൂർ |
| 7. കൊച്ചുത്രേസ്യ വട്ടംതൊട്ടിയിൽ | മുടയരഞ്ഞി | കുന്നോത്ത് |
| 8. ഒലിവിയ സൂസൻ കണ്ണോത്ത് | ചെറുപാറ | മേരിഗിരി |
| 9. ഡോൺബോസ്കോ വേങ്ങപ്പള്ളിൽ | മണിക്കടവ് | നെല്ലിക്കാംപൊയിൽ |
| 10. അൽഫോൻസ വെണ്ണായപ്പിള്ളിൽ | പൈസക്കരി | പൈസക്കരി |
| 11. അന്ന പുത്തൻപുരയിൽ | പാണത്തൂർ | പനത്തടി |
| 12. ഡെൽന ചെറുവള്ളിൽ | കോളയാട് | പേരാവൂർ |
| 13. എലിസബത്ത് ഇളയാനിത്തോട്ടത്തിൽ | കണ്ണൂർ | തളിപ്പറമ്പ് |
| 14. തോമസ് കാഞ്ഞിരത്തിങ്കൽ | മണ്ഡപം | തോമാപുരം |
| 15. ആൻമേരി ഇലഞ്ഞിമറ്റത്തിൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| 16. മേരി മരങ്ങാട്ട് | ബിരിക്കുളം | വെള്ളരിക്കുണ്ട് |

**12. ഗിരിദീപം**

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

**13. വെബ്സൈറ്റ് (catechismthalassery.org)**

വിശ്വാസപരിശീലന ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിലൂടെ (catechismthalassery.org) എല്ലാ മാസത്തേയും ബുള്ളറ്റിൻ വാർത്തകൾ, admission form, Transfer certificate, ഡിപ്ലോമ, ആസ്പെക്ട് പരീക്ഷകളുടെ മാർക്കുകൾ മുൻകാലപരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഓരോ ടേമിലെയും പരീക്ഷയ്ക്കുള്ള ജനറൽ ചോദ്യോത്തരങ്ങൾ മുതലായവ ലഭ്യമാണ്. മുഴുവൻ അധ്യാപകരുടേയും കുട്ടികളുടേയും പേരു വിവരങ്ങൾ കൃത്യതയോടും തെറ്റുകൂടാതെയും വെബ്സൈറ്റിൽ ചേർക്കേണ്ടതുമാണ്. ബഹു. അച്ചന്മാർ വെബ്സൈറ്റ് ഉപയോഗിക്കുവാൻ അധ്യാപകരെയും കുട്ടികളെയും പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നതിന് അധ്യാപകരെ സഹായിക്കുകയും ചെയ്യുമല്ലോ.

**14. WhatsApp Group**

തലശ്ശേരി അതിരൂപതയിലെ ഫൊറോന പ്രസിഡന്റുമാർക്കും, ഫൊറോനകളിലെ പ്രധാനാധ്യാപകർക്കും വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ അറിയിക്കണേ. ഇടവകയിൽ നിങ്ങൾ ചെയ്യുന്ന വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ഈ ഗ്രൂപ്പിൽ പങ്കുവയ്ക്കാവൂ.

**15. ദൈവശാസ്ത്ര കോഴ്സ്**

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നുകൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്ര കോഴ്സ്. 2019-20 അധ്യയനവർഷത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ മതാധ്യാപകരെയും ദൈവശാസ്ത്രപഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ ആരംഭം മുതൽ നടത്താവുന്നതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

## 16. സ്മാർട്ട് കാറ്റക്കിസം വെബ് പോർട്ടൽ

വിശ്വാസപരിശീലന ക്ലാസുകളും പാഠ്യപദ്ധതിയും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കൂടുതൽ ആകർഷകവും ഫലപ്രദവുമാക്കുന്നതിനായി സ്മാർട്ട് കാറ്റക്കിസം പദ്ധതിയും വെബ് പോർട്ടലും സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ ആരംഭിച്ചിരിക്കുന്നു. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾ, പഠനസഹായികൾ, പവർ പോയിന്റ് പ്രസന്റേഷൻ, അനുബന്ധ പ്രവർത്തനങ്ങൾ etc. എന്നിവയുടെ ഡിജിറ്റൽ പതിപ്പുകൾ ഇനി www.smsmartcatechism.org എന്ന വെബ് പോർട്ടലിലൂടെ ലഭിക്കും. വിശദവിവരങ്ങൾ ഡിസംബർ മാസത്തെ ഗിരിദീപത്തിൽ ലഭ്യമാണ്.

## 17. സ്മാർട്ട് കാറ്റക്കിസം മൊബൈൽ ആപ്പ്

വിശ്വാസപരിശീലന ക്ലാസ്സുകൾ നവീനവും ആകർഷകവുമാക്കുവാൻ സീറോമലബാർ സഭയുടെ വിശ്വാസപരിശീലനകമ്മീഷൻ പുതിയ മൊബൈൽ ആപ്ലിക്കേഷൻ ആവിഷ്ക്കരിച്ചു. ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസു വരെയുള്ള പാഠഭാഗങ്ങൾ, പഠനസഹായികൾ, അനുബന്ധപ്രവർത്തനങ്ങളുടെ ഡിജിറ്റൽ പതിപ്പുകൾ എന്നിവ മൊബൈൽ ആപ്ലിക്കേഷനിലൂടെ ലഭിക്കും. വിശ്വാസപരിശീലനക്ലാസ്സുകളിൽ പഠനഭാഗങ്ങളോടനുബന്ധിച്ചു പരിചയപ്പെടുത്താവുന്ന അനുദിന വിശുദ്ധർ, പ്രചോദനാത്മക കഥകൾ, ഹ്രസ്വചിത്രങ്ങൾ, ആക്ഷൻ സോംഗുകൾ, ഡോക്യുമെന്ററികൾ എന്നിവയും ആപ്ലിക്കേഷനിലുണ്ടാകും. ഓരോ പാഠങ്ങളെയും ആധാരമാക്കിയുള്ള ക്ലാസിന്റെ ഓഡിയോ വേർഷൻ, ഉള്ളടക്കത്തിന്റെ പശ്ചാത്തലം, പവർപോയിന്റ് പ്രസന്റേഷൻ എന്നിവയും ആപ്ലിക്കേഷനിൽ ലഭ്യമാണ്.

മൊബൈൽ ആപ്ലിക്കേഷനിലെ പാഠഭാഗങ്ങളും പഠനസഹായികളും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. സ്മാർട്ട് ഫോണുകളിലെ പ്ലേസ്റ്റോറിൽ നിന്ന് സ്മാർട്ട് കാറ്റക്കിസം എന്ന പേരിൽ സൗജന്യമായി മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യാം. ആൻഡ്രോയിഡിലും ഐഫോണിലും ഇത് ലഭ്യമാണ്.

## 18. പാഠപുസ്തകവിതരണം

സൺഡേസ്കൂൾ ആരംഭദിനത്തിൽതന്നെ കുട്ടികൾക്കാവശ്യമായ പുസ്തകങ്ങളുടെ എണ്ണം ശേഖരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ. താഴെകൊടുത്തിരിക്കുന്ന ക്രമത്തിൽ വേണം ഫൊറോനാ യിൽനിന്ന് വരുവാൻ. ഫൊറോനാ അടിസ്ഥാനത്തിൽ ഒരുമിച്ചുവരുന്നത് ഉചി തമായിരിക്കും. (ഓഫീസിലെ തിരക്കൊഴിവാക്കുവാൻ അതു സഹായിക്കും).

**ജൂൺ 03 തിങ്കൾ:** ചെറുപുഴ, മേരിഗിരി, ആലക്കോട്, വായാട്ടുപറമ്പ് **ജൂൺ 04 ചൊവ്വ:** ചെമ്പന്തൊട്ടി, ചെമ്പേരി, നെല്ലിക്കാംപൊയിൽ, പൈസക്കരി **ജൂൺ 05 ബുധൻ:** കുന്നോത്ത്, എടൂർ, തളിപ്പറമ്പ്, പേരാവൂർ.

## 19. കാസർഗോഡ് റീജിയൻ

കാസർഗോഡ് റീജിയണിൽപ്പെട്ട കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, പനത്തടി, തോമാപുരം എന്നീ ഫൊറോനകളിലെ ഇടവകകൾക്കുള്ള പുസ്തകങ്ങൾ പടന്നക്കാട് റീജിയണൽ പാസ്റ്ററൽ സെന്ററിൽവച്ച് **ജൂൺ 6ന്** വിതരണം ചെയ്യുന്നതായിരിക്കും.

## 20. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോന കമ്മിറ്റിയിലെ അംഗമാണ്. ഫൊറോന ഭാരവാഹികളുടെ കാലാവധി മൂന്നു വർഷമാണ്. ജൂൺ മാസത്തിൽ തന്നെ ഫൊറോനകമ്മിറ്റി കൂടുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ ലിസ്റ്റും ഫൊറോനാ വിസിറ്ററുടെ പേരും ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 21. വിവിധ കുടിശികകൾ

2018-2019 വർഷത്തെ കുട്ടികളുടെ ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം വരിസംഖ്യ എന്നിവ അടയ്ക്കാത്തവർ അടച്ചു സഹകരിക്കുമല്ലോ. ഓഫീസിൽ അടയ്ക്കുവാനുള്ള തുകകൾ ബാങ്കുവഴി ട്രാൻസ്ഫർ ചെയ്യാൻ സാധിക്കും. അപ്രകാരം ചെയ്യുന്നവർ പണം അടച്ചതിനുശേഷം ഓഫീസിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രസീത് അയച്ചുതരുന്നതാണ് (ഫോൺ: 0490 2344430). താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുകകൾ അയക്കേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503, IFSC : SIBL 0000078
Bank : South Indian Bank, Thalassery

2019-2020 അധ്യയനവർഷം ദൈവാനുഗ്രഹപ്രദമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

**കുടുംബ കൂട്ടായ്മയുടെ ഓഫീസിൽ നിന്നും ആശംസകൾ!**

പ്രിയപ്പെട്ടവരെ,

നമ്മുടെ എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മകൾ രൂപീകരിക്കുകയും സജീവമായി നടത്തിക്കൊണ്ട് പോകുവാൻ നേതൃത്വം കൊടുക്കുകയും ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

ചില കാര്യങ്ങൾ ഓർമ്മപ്പെടുത്തട്ടെ.

1. കുടുംബക്കൂട്ടായ്മകൾ വെറും പ്രാർത്ഥനായോഗങ്ങളല്ല; പ്രാർത്ഥിക്കുവാൻ ഒന്നിച്ച് ചേർന്ന് സർഗ്ഗാത്മകമായ ചർച്ചകളും സംഭാഷണങ്ങളും നടത്തി ഒന്നിച്ച് ഭക്ഷണം കഴിച്ച് വ്യക്തികളും കുടുംബങ്ങളും തമ്മിൽ ഇഴയടുപ്പം ഉണ്ടാക്കുവാൻ ശ്രമിക്കുന്ന പുതിയ അജപാലന ശൈലിയാണ്. അതിനാൽ പ്രാർത്ഥന, മീറ്റിംഗ്, ഒന്നിച്ചുള്ള ഭക്ഷണം ഇവയിൽ ഏതെങ്കിലും ഒന്നിലേയ്ക്ക് മാത്രം ഒതുക്കിയാൽ, ഒന്നിനെ മാറ്റി നിർത്തിയാൽ ഈ കൂട്ടായ്മകൾ സാവധാനം അനാകർഷണീയമായി മാറും; അതിനെ തുടർന്ന് ആളുകളുടെ പങ്കാളിത്തം കുറഞ്ഞ് മുൻപത്തെപോലെ ശുഷ്കമാകും. കട്ടിലിന് നാല് കാലുകൾ വേണം. പണകുറവുകൊണ്ടോ, അലസതകൊണ്ടോ മൂന്ന് കാലുകൾ മതിയെന്ന് ശില്പി തീരുമാനിച്ചാൽ പിന്നെ അത് ഉപകാരപ്പെടാതെ പോകുമെന്ന് ഓർക്കണം. അതിനാലാണ് കുടുംബക്കൂട്ടായ്മകൾ കൃത്യമായ രീതിയിലും ക്രമത്തിലും നടത്തണമെന്ന് ബോധ്യപ്പെടുത്താൻ ഭാരവാഹികളെ പല സോണുകളായി വിളിച്ച് ചേർത്ത് പത്രോസ് കൺവെൻഷനുകൾ നടത്തി പരിശീലനം കൊടുത്തത്. അതിനാൽ ബഹുമാനപ്പെട്ട വൈദികരും ഭാരവാഹികളും കുടുംബക്കൂട്ടായ്മയുടെ അന്തസത്തയ്ക്ക് അനുസരിച്ച് കൂട്ടായ്മകൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

2. മുടങ്ങാതെ പങ്കുചേരുവാൻ താല്പര്യം തോന്നത്തക്കവിധം സജീവവും ആകർഷണീയവും പ്രധാനപ്പെട്ടതുമായി കൂട്ടായ്മകളെ അവതരിപ്പിക്കണം. വിളിച്ച് ചേർക്കണം.

   അടുപ്പ്കല്ലിനോട് ചേർന്നിരിക്കുന്ന ഭക്ഷണത്തിന്റെ ചൂട് കുറയാതെ നിലനില്ക്കുമെന്ന പ്രാഥമിക പാഠം നാം എന്നും ഓർക്കണം. ഒരു മാസംപോലും ഈ കൂട്ടായ്മ മുടക്കരുത്. മഴയോ, പ്രകൃതി വ്യതിയാനങ്ങളോ കാരണം തീയതികൾ മാറ്റിയാലും മാസകൂട്ടായ്മ മുടക്കാതിരിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കണം. എന്തിനും മടി

പറയുന്ന കുറച്ചുപേരുടെ നിഷേധ സ്വരം കേട്ട് കൂട്ടായ്മകൾ വേണ്ടെന്നു വയ്ക്കരുത്.

### 3. സെൻട്രൽ ടീം രൂപീകരണം

എല്ലാ യൂണിറ്റ് ഭാരവാഹികളെയും ഈ മാസം അച്ചൻ വിളിച്ച് ചേർക്കണം. അതിൽനിന്നും ഇടവകാ കോർഡിനേറ്റർ കൺവീനറും എല്ലാ കൂട്ടായ്മ പ്രസിഡന്റുമാരും, സിസ്റ്റർ ആനിമേറ്ററും അംഗങ്ങളായ ഒരു സെൻട്രൽ ടീമിനെ രൂപീകരിക്കണം. (ഇതിലേയ്ക്ക് ഒന്നോ രണ്ടോപേരെ അച്ചന് കൂട്ടി ചേർക്കാം). അവരായിരിക്കണം കൂട്ടായ്മകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കേണ്ടത്. പ്രാർത്ഥനകൾക്ക് നേതൃത്വം കൊടുക്കുക. ചർച്ചകൾ നയിക്കുക, കർമ്മ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയവ ഈ സെൻട്രൽ ടീം നടപ്പിൽ വരുത്തണം.

കുടുംബക്കൂട്ടായ്മകളുടെ അഞ്ച് ഭാരവാഹികളെയും വിളിച്ചു ചേർക്കുന്ന ദിവസം, അവർക്കായി ദിവ്യബലി, ക്ലാസ്സ്, ചർച്ചകൾ, ഭക്ഷണം ഇവ സംഘടിപ്പിക്കാവുന്നതാണ്. കാരണം അവരാണല്ലോ കുടുംബക്കൂട്ടായ്മകൾ സജീവമാക്കുവാൻ പരിശ്രമിക്കുന്നവരും സമയം ചെലവഴിക്കുന്നവരും. ഇത്തരം മീറ്റിംഗുകൾ വർഷത്തിൽ മൂന്ന് പ്രാവശ്യമെങ്കിലും ചേരണം.

## ജൂൺമാസത്തെ കർമ്മപദ്ധതികൾ

1. ജൂൺമാസം ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമാണല്ലോ. വീടുകളിൽ തിരുഹൃദയ രൂപം സ്ഥാപിച്ച് വീടുകൾ വെഞ്ചരിച്ച്, തിരുഹൃദയ പ്രതിഷ്ഠ നടത്തുവാൻ ബഹുമാനപ്പെട്ട വൈദികർ ശ്രമിക്കുന്നത് നല്ലതാണ്. വീടുകളിൽ ഈ മാസം സന്ധ്യാപ്രാർത്ഥനയോടുകൂടി തിരുഹൃദയ ജപമാലകൂടി ചൊല്ലുവാൻ ആവശ്യപ്പെടാം.
2. ജൂൺ 2-ാം തീയതി മതബോധനം ആരംഭിക്കുന്ന ദിവസം തന്നെ മുഴുവൻ കുട്ടികളെയും മതബോധനത്തിന് എത്തിക്കുവാൻ പരിശ്രമിക്കണം. പ്രകൃതിജന്യമായ അലങ്കാരങ്ങളോടെ കുഞ്ഞുങ്ങളെ ദൈവാലയത്തിലേയ്ക്ക് സ്വീകരിക്കാം. അലങ്കാരത്തിൽ പ്ലാസ്റ്റിക്, തോരണം ഇവ ഒഴിവാക്കാം.
3. ജൂൺ 9 ഞായർ 'പന്തക്കുസ്ത ഞായർ' വിദ്യാരംഭ ദിനമായി മാറ്റാം. ബഹുമാനപ്പെട്ട വൈദികർ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അക്ഷരം എഴുതിച്ച് കൊടുക്കുകയും ചെയ്യുന്ന ചടങ്ങ് നടത്താവുന്നതാണ്. കരിസ്മാറ്റിക് പ്രാർത്ഥനാ ഗ്രൂപ്പിനോട് ചേർന്ന് ശനിയാഴ്ച രാത്രി കുറച്ച്സമയം ദിവ്യകാരുണ്യ നാഥനുമുന്നിൽ പരിശുദ്ധ മറിയത്തോടൊത്ത് പ്രാർത്ഥിച്ച് പരിശുദ്ധാത്മാവ് നിറയുവാൻ ജാഗരണ പ്രാർത്ഥന നടത്താം.

4 ജൂൺ 5 പരിസ്ഥിതി ദിനമാണ്
പരിസ്ഥിതിയെ പരിപാലിക്കേണ്ട ആവശ്യകതയെക്കുറിച്ച് ഈ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ചകളും കർമ്മപദ്ധതികളും അവതരിപ്പിക്കുക.

5. മഴക്കാലം വരുമ്പോൾ നമ്മുടെ നാടും പരിസരങ്ങളും വൃത്തിയാക്കി സൂക്ഷിക്കുവാൻ ശ്രമിക്കണം ഓരോ കൂട്ടായ്മകളും തങ്ങളുടെ പ്രദേശത്തെ ഓടകൾ വൃത്തിയാക്കിയും മാലിന്യങ്ങൾ നിർമാർജനം ചെയ്തും മാലിന്യവിമുക്തമാക്കാൻ ശ്രമിക്കണം.

6. ഏതെങ്കിലും അപകടമോ പ്രകൃതിക്ഷോഭമോ സംഭവിച്ചാൽ രക്ഷാസൈന്യം പോലെ പ്രവർത്തിക്കണം. കൺവീനർമാരുടെ നേതൃത്വത്തിൽ ഒരു വോളണ്ടിയർ ടീം രൂപീകരിക്കണം.

8. ജൂൺമാസം വിദ്യാരംഭത്തിന്റെ നാളുകൾ കൂടിയാണല്ലോ കുട്ടികളുടെ സാമൂഹിക വിദ്യാഭ്യാസപരമായ കാര്യങ്ങൾ നാം പ്രോത്സാഹിപ്പിക്കണം. നിർദ്ധനരായ കുട്ടികൾക്ക് പഠനസഹായം കൊടുക്കുന്നത് നല്ലതാണ്. സാമ്പത്തിക വൈഷമ്യംമൂലം ഉന്നത വിദ്യാഭ്യാസത്തിനു പോകാൻ കഴിയാത്തവർക്ക് സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും സംലഭ്യമാക്കുവാൻ പരിശ്രമിക്കണം. IELTS, ജർമ്മൻഭാഷാപഠനം തുടങ്ങിയ നമ്മുടെ രൂപത ഒരുക്കുന്ന സംവിധാനങ്ങളെക്കുറിച്ച് കൂട്ടായ്മകളിൽ അറിയിക്കണം. വിളിച്ച് അന്വേഷിക്കേണ്ട ഫോൺ നമ്പറുകൾ കൂട്ടായ്മയിൽ പങ്കുവയ്ക്കണം

IELTS : Sanjose Academy : Ph. 8281 750 777
German Language : AIFL : „ 8281 303 477
Coaching : Sanjose Academy : „ 8281 730 777
Engieneering : Vimal Jyothi : „ 9447 373 415, 8547 429 540

വളരെ മികവുറ്റ ഈ സേവന കേന്ദ്രങ്ങളിലേക്കാണ് നമ്മുടെ കുട്ടികൾ എത്തിച്ചേരേണ്ടത്.

9. ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ കൂട്ടായ്മയിൽ അഭിനന്ദിക്കണം.

10. ഓഗസ്റ്റ് മാസം ആരംഭത്തിൽ പ്രവാസി സംഗമം സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. വിദേശത്ത് ജോലിചെയ്യുന്നവരെ അതിരൂപതാലത്തിൽ ഒന്നിച്ച് വിളിച്ചുകൂട്ടുവാൻ ആഗ്രഹിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## 1. ഹൃദ്യമായ സ്വാഗതം

ബൈബിൾ അപ്പൊസ്റ്റൊലേറ്റിന്റെയും ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും അസി.ഡയറക്ടറായി പുതുതായി നിയമിതനായിരിക്കുന്ന ഫാ. കുര്യാക്കോസ് കാരക്കാട്ടിന് (ദീപു) സ്നേഹോഷ്മളമായ സ്വാഗതം. റോമിൽ ദൈവശ്ശാസ്ത്രപഠനത്തിനുശേഷം വൈദികപട്ടമേറ്റ് ഇപ്പോൾ മാമ്പൊയിൽ പള്ളിയിൽ വികാരിയായിരിക്കുമ്പോഴാണ് ഈ പുതിയ നിയമനം. പുതിയ കർമ്മരംഗത്ത് പ്രാർത്ഥനാമംഗളങ്ങളും ആശംസകളും നേരുന്നു.

## 2. റസിഡൻഷ്യൽ ക്ലാസ്സ്

ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി മെയ് 13,14 തീയ്യതികളിലായി തലശ്ശേരി സന്ദേശഭവനിൽവച്ച് മാർ ജോസഫ് പാംപ്ലാനി, ഡോ. ബിജു ചേന്നാട്ട്, ഡോ. സോജൻ കരോട്ട്, സി.ഡോ. ബിൻസി മാത്യു എസ്.എച്ച് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## 3. ല്യൂമെൻ എക്ലേസിയ – ദൈവശാസ്ത്ര പഠനക്ലാസ്സുകൾ പുന:സംഘടിപ്പിക്കുന്നു

തലശ്ശേരി അതിരൂപതയുടെ മതാദ്ധ്യാപകർക്കും ആത്മായ സഹോദരങ്ങൾക്കുമായി ആരംഭിച്ച ല്യൂമെൻ എക്ലേസിയ ദൈവശാസ്ത്രപഠനകോഴ്സ് വിജയകരമായി ഒരു ഘട്ടം പൂർത്തിയാക്കി. ദൈവശാസ്ത്രത്തിൽ ബിരുദം നേടിയ 600 – ഓളം മതാദ്ധ്യാപകർ രൂപതയിലുണ്ട് എന്നത് തികച്ചും അഭിനന്ദാർഹമാണ്. ബി.റ്റി.എച്ച് കഴിഞ്ഞ അനേകം പേർ എം.റ്റി.എച്ച് ആരംഭിച്ചിട്ടുമുണ്ട്. 2000–ത്തിലധികം മതാദ്ധ്യാപകർ ഉള്ള നമ്മുടെ രൂപതയിൽ മൂന്നിലൊരു ഭാഗം മാത്രമേ ദൈവശാസ്ത്രപഠനത്തിനായി മുമ്പോട്ടു വന്നിട്ടുള്ളൂ. ബാക്കിയുള്ളവരും ദൈവശാസ്ത്രം പഠിക്കണമെന്നത് അതിരൂപതാ മതബോധന കേന്ദ്രത്തിന്റെയും അഭിവന്ദ്യ പിതാക്കന്മാരുടെയും വലിയൊരാഗ്രഹമാണ്.

ല്യൂമെൻ എക്ലേസിയ ക്ലാസ്സുകൾ പുനർക്രമീകരിക്കുവാൻ ആഗ്രഹിക്കുന്നു. രണ്ടോ മൂന്നോ ഇടവകകൾ ഒരുമിച്ചുകൂടി ഏറ്റവും സൗകര്യപ്രദമായ സ്ഥലത്തും സമയത്തും ക്ലാസ്സുകൾ നടത്തുവാൻ ക്രമീകരിക്കുന്നതാണ്. ഓരോ ഫൊറോനയിലും അതിനായി ഉത്തരവാദിത്വപ്പെട്ട ഒരച്ചന് ചുമതല ഏല്പിച്ച് ല്യൂമെൻ എക്ലേസിയ ക്ലാസ്സുകൾ വീണ്ടും ഊർജ്ജസ്വലമാക്കുവാൻ ആഗ്രഹിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 4. ലോഗോസ് ക്വിസ് 2019

ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരം സെപ്റ്റംബർ 29–ാം തീയ്യതി ഉച്ചക്കഴിഞ്ഞ് 2 മുതൽ 3.30 വരെയായിരിക്കും.

## പഠനഭാഗങ്ങൾ

| | |
|---|---|
| നിയമാവർത്തനം | 12 - 21 |
| പ്രഭാഷകൻ | 11 - 17 |
| മത്തായി | 19 - 28 |
| വെളിപാട് | 17 - 22 |

## 5. ആൽഫാ ലോഗോസ് ക്വിസ് 2019 - പഠനസഹായി

ലോഗോസ് ക്വിസ് 2019 - വർഷത്തെ മത്സരത്തിന്റെ പഠനസഹായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നു. മുൻവർഷങ്ങളിലെ ചോദ്യ മാതൃകയിൽ വിദഗ്ധരായ ബൈബിൾ പണ്ഡിതർ തയ്യാറാക്കുന്ന പഠനസഹായി മുൻകൂട്ടി ഓർഡർ ചെയ്താൽ കുറഞ്ഞനിരക്കിൽ ഇടവകകൾക്ക് നൽകാൻ സാധിക്കും. വിലവിവരങ്ങൾ ജൂലൈ മാസത്തിലെ ഗിരിദീപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## 6. ദൈവശാസ്ത്ര കോൺടാക്ട് ക്ലാസ്സുകൾ

| തീയതി | സ്ഥലം | സമയം | വിഷയം |
|---|---|---|---|
| 05.06.2019 | Kothamangalam CMC | 9.30-4.30 | Sacraments in General<br>Theological Anthropology<br>Eschatology<br>Christology |
| 05.06.2019 | Pullarikkunnu DSHJ | 9.30-4.30 | Sacraments in General<br>Theological Anthropology<br>Eschatology<br>Christology |
| 15.06.2019 | Deepthi Bhavan | 9.30-4.30 | Sacraments in General<br>Theological Anthropology<br>Eschatology<br>Christology |
| 15.06.2019 | Dwaraka | 9.30-4.30 | Sacraments in General<br>Theological Anthropology<br>Eschatology<br>Christology |
| 15.06.2019 | Nadavayal | 9.30-4.30 | Sacraments in General<br>Theological Anthropology |

| | | | |
|---|---|---|---|
| | | | Eschatology<br>Christology |
| 20.06.2019 | Kulathuvayal | 9.30-4.30 | Sacraments in General<br>Theological Anthropology<br>Eschatology<br>Christology |
| 29.06.2019 | Aluva F C C | 9.30-4.30 | Sacraments in General<br>Theological Anthropology<br>Eschatology<br>Christology |
| 29.06.2019 | Ernakulam CMc | 9.30-4.30 | Sacraments in General<br>Theological Anthropology<br>Eschatology<br>Christology |

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, മിഷനറിമാരെ,

ഓരോ പുലരിയും പുതുമകൾ സമ്മാനിക്കാറുണ്ട്. പുത്തൻ പ്രതീക്ഷ നിറഞ്ഞ പുലരികൾ ഏവരെയും വളർത്തുന്നു വലുതാക്കുന്നു. മധ്യവേനല വധിക്കാലം പ്രാർത്ഥിച്ചും കൂട്ടുകൂടിയും വായിച്ചും ചിലവഴിച്ചതിനുശേഷം വരും അധ്യയന വർഷത്തിലേയ്ക്ക് വിടരാൻ വെമ്പുന്ന പൂമൊട്ടുപോലെ, പറക്കാൻ കൊതിക്കുന്ന കുഞ്ഞിക്കിളികളെപ്പോലെ കണ്ണും നട്ട് പ്രതീക്ഷ യോടെ കാത്തിരിക്കുന്ന പ്രിയ കുഞ്ഞു മിഷനറിമാർക്ക് പുതിയ അധ്യയന വർഷത്തിന്റെ പ്രാർത്ഥനകൾ... ആശംസകൾ...

ജീവിതത്തിലെ നിസാരതകളെയും, ലോകം വലുതാക്കി പ്രദർശിപ്പി ക്കുന്നവയെയും ദൈവത്തിന്റെ കണ്ണിലൂടെ നോക്കിക്കാണാനും നന്മതിന്മ കളെ വിവേചിച്ചറിഞ്ഞ് സ്നേഹമാണ് സൗന്ദര്യമെന്നും, ത്യാഗമാണ് സന്തോ ഷമെന്നും, സേവനമാണ് ബലമെന്നും സഹനമാണ് സായൂജ്യമെന്നും തിരി ച്ചറിയാൻ ഈ അധ്യയന വർഷത്തിൽ കുഞ്ഞുമിഷനറിമാരായ നിങ്ങൾക്ക് കഴിയട്ടെ. പുത്തൻ പുസ്തകങ്ങളും, വസ്ത്രങ്ങളും, കൂട്ടുകാരും, സാഹച ര്യങ്ങളും നിങ്ങൾക്ക് ഈശോയൊടൊപ്പം വിശ്വസ്തരായി ജീവിക്കാനുള്ള വഴികളാകട്ടെ.... ഓരോ കുഞ്ഞുഹൃദയത്തിലും നന്മയുടെ വിത്തുവിതറാനും പ്രേഷിതപ്രഭാവത്തിന്റെ പുത്തൻ പ്രതീക്ഷകളെ പെറുക്കിയെടുത്ത് പ്രശോ ഭിക്കാനും പുതിയ പ്രവർത്തന വർഷത്തിൽ സാധിക്കട്ടെ.

| | |
|---|---|
| **അനുസ്മരിക്കുന്ന തിരുനാൾ** | : ഈശോയുടെ തിരുഹൃദയതിരുനാൾ |
| **അനുസ്മരിക്കുന്ന വിശുദ്ധർ** | : വി. പത്രോസ്, വി. പൗലോസ് |
| **പ്രാർത്ഥനാ നിയോഗം** | : നവാഗതരായ വിദ്യാർത്ഥികൾക്കുവേണ്ടി |
| **സുകൃതജപം** | : ഈശോയുടെ തിരുഹൃദയമേ എന്നെ അനുഗ്രഹിക്കണമെ |
| **വചനഭേരി** | : വി. മത്തായി 19-21 അധ്യായങ്ങൾ മനഃപാഠമാക്കുക. |
| ***ദിയാക്കോണിയ*** | : ഏദൻതോട്ടം, പഴവും പയറും |

## ശാഖകൾ ശ്രദ്ധിക്കാൻ

ജൂൺ 1 ശനി : അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് സംഗമവും

2 ഞായർ : ശാഖാതല പ്രവർത്തന വർഷം ആരംഭിക്കുന്നു. പുതിയ ഭാര വാഹികൾ ചുമതലയേൽക്കുന്നു.

9 ഞായർ : പന്തക്കുസ്താത്തിരുനാൾ
: ഗ്രൂപ്പ് തിരിച്ച് മാനുവൽ ബുക്ക് പൂരിപ്പിക്കുക. ബി. എം.ജി. ഗ്രൂപ്പ് ആരംഭിക്കുന്നു.
28 വെള്ളി : തിരുഹൃദയതിരുനാൾ
29 ശനി : വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യുട്ടീവ്, എയ്ഞ്ചൽസ് മീറ്റ്, ശാഖാ- മേഖലാവാർഷിക റിപ്പോർട്ട് ജൂൺ 15നുള്ളിൽ അതിരൂപതയിൽ എത്തിക്കുക.

## ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും

ചെറുപുഷ്പ മിഷൻലീഗ് 2019-20 പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ് ഡയറക്ടേഴ്സ് മീറ്റിംഗും തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 1 ശനിയാഴ്ച രാവിലെ 9.15ന് മാർ ജോസഫ് പാംപ്ലാനി പിതാവ് അർപ്പിക്കുന്ന വി. കുർബാനയോടുകൂടി ആരംഭിക്കും. തുടർന്ന് 10.15ന് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനം അഭിവന്ദ്യപിതാവ് നിർവ്വഹിക്കും. തുടർന്ന് മിഷൻലീഗ് - തിരുബാലസംഖ്യം മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. എല്ലാ വൈസ് ഡയറക്ടേഴ്സും, മേഖലാ ഭാഹവാഹികളും ശാഖകളിൽനിന്നും സീനിയർ പ്രസിഡന്റ് അല്ലെങ്കിൽ ഓർഗനൈസർ എന്നിവരും ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ. സംഘടന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുവാനും കുടിശ്ശിക അടയ്ക്കുവാനുമുള്ള സൗകര്യവും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്.

## ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം

ഈ വർഷത്തെ ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം അതിരൂപതാതലത്തിൽ ജൂൺ 2 ഞായറാഴ്ച കൊളക്കാട് ശാഖയിൽ വച്ച് നടക്കും. അന്നേദിവസം പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ ശാഖാതല പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

## ശാഖാ- മേഖലാ വാർഷിക റിപ്പോർട്ട്

2018-19 പ്രവർത്തനവർഷത്തെ ശാഖാ - മേഖലാ വാർഷിക റിപ്പോർട്ടുകൾ ജൂൺ 15 നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശാഖാ- മേഖലാവാർഷിക റിപ്പോർട്ടുകളിൽ ഒപ്പ്, സീൽ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം.

## ശാഖാ- മേഖലാതല തിരഞ്ഞെടുപ്പ്

ശാഖാ- മേഖലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഇനിയും നടത്താത്ത ശാഖകളും മേഖലകളും എത്രയുംവേഗം അവ പൂർത്തിയാക്കി അതിരൂപതയിൽനിന്നും നൽകിയിരിക്കുന്ന ഭാരവാഹികളുടെ ഫോം പൂരിപ്പിച്ച് ഓഫീസിൽ എത്തിക്കുമല്ലോ.

## സമർപ്പണ ഫണ്ട്

പാവപ്പെട്ട കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സമർപ്പണഫണ്ട് ലഭിക്കുന്നതിന് അർഹമായ അപേക്ഷകൾ ജൂൺ 30നു മുമ്പ് വികാരിയച്ചന്റെ കത്തോടുകൂടി ഓഫീസിൽ എത്തിക്കുമല്ലോ. സമർപ്പണഫണ്ട് രൂപതയിൽ അടയ്ക്കാത്ത ശാഖകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## ഉപരിപഠന സ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ ജൂൺ 30നു മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി എന്നിവയോടൊപ്പം ഓഫീസിൽ എത്തിക്കുമല്ലോ.

## അംഗത്വ സ്വീകരണം

ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 30നുള്ളിൽ കഴിഞ്ഞ വർഷത്തേതിന്റെ തുടർച്ചയായ നമ്പറിന് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കണേ.

## എം.ടി.സി. മിഷൻ തീർത്ഥയാത്ര

2019 ഏപ്രിൽ 23 മുതൽ 26വരെ താബോറിൽ വച്ച് നടന്ന എം.ടി.സി. ക്യാമ്പിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 35 കുട്ടികളും അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും അതിരൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തിയ അദീലാബാദ് മിഷൻയാത്ര കുട്ടികൾക്ക് വ്യത്യസ്തവും ഹൃദ്യവുമായ അനുഭവമായി. 29-ാം തിയതി വൈകുന്നേരം അഭിവന്ദ്യ മാർ. ജോർജ് ഞറളക്കാട്ട് പിതാവിന്റെ അനുഗ്രഹാശിസുകളോടെ ആരംഭിച്ച യാത്ര 'മിഷൻ' എന്താണെന്നും മിഷൻ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും മനസ്സിലാക്കാൻ എല്ലാവാരെയും സഹായിച്ചു. അദിലാബാദിൽ സേവനമനുഷ്ഠിക്കുന്ന അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും തീക്ഷ്ണതയേറിയ അനുഭവം പങ്കുവയ്ക്കൽ കൂടുതൽ മിഷനെ സ്നേഹിക്കാൻ അംഗങ്ങളെ പര്യാപ്തമാക്കി. അദിലാബാദ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ പ്രിൻസ് പിതാവിന്റെ ഉത്തേജനം നല്കുന്ന വാക്കുകളും സാന്നിധ്യവും അനുഗ്രഹപ്രദമാ

യിരുന്നു. 20-ൽ അധികം വില്ലേജുകളും ദൈവാലയങ്ങളും സ്ഥാപനങ്ങളും സന്ദർശിക്കാനും അനുഭവം പങ്കുവയ്ക്കലുകൾ കേൾക്കാനും ടീം അംഗങ്ങൾക്കു സാധിച്ചു. മിഷൻ യാത്ര ക്രമീകരിച്ച അദിലാബാദ് രൂപതയിൽ സേവനമനുഷ്ഠിക്കുന്ന യോഹാൻ അച്ചനെയും, പ്രവീൺ അച്ചനെയും ഷിന്റോ അച്ചനെയും, മറ്റ് എല്ലാ വൈദികരെയും സിസ്റ്റേഴ്സിനെയും നന്ദിപൂർവ്വം ഓർക്കുന്നു. മിഷൻ യാത്രയ്ക്കായി കുഞ്ഞുമിഷനറിമാരെ പ്രാർത്ഥിച്ച്, ആശീർവദിച്ച് യാത്രയാക്കിയ അഭിവന്ദ്യപിതാക്കന്മാരെയും ബഹു. ഡയറക്ടറച്ച ന്മാരെയും സിസ്റ്റേഴ്സിനെയും മാതാപിതാക്കളെയും നന്ദിയോടെ ഓർക്കുന്നു.

## ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ

ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ എന്ന പദ്ധതിപ്രകാരം വിവിധ ശാഖകളിൽ നിന്നും മേഖലകളിൽനിന്നുമായി ലഭിച്ച തുക അദിലാബാദ് രൂപതയിലെ സാലിഗാം വില്ലേജിലെ ബോഡിങ്ങിൽ പഠിക്കുന്ന കുട്ടികൾക്ക് കട്ടിൽ വാങ്ങുവാനായി നൽകി. പാവപ്പെട്ട കുട്ടികളെ സഹായിക്കാൻ സന്മനസ്സ് കാട്ടിയ എല്ലാ ശാഖാ- മേഖലാ ഡയറക്ടർ, അച്ചൻമാർ, വൈസ് ഡയറക്ടേഴ്സ്, കുഞ്ഞുമിഷനറിമാർ എല്ലാ വർക്കും പ്രത്യേകം നന്ദി. വളരെ താല്പര്യപൂർവ്വം ഈ ഫണ്ട് കണ്ടെത്താൻ സഹകരിച്ച എല്ലാവരെയും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

## എയ്ഞ്ചൽസ് മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മേഖലാതല സംഗമമായ ഏയ്ഞ്ചൽസ് മീറ്റ് 2019 ചെമ്പേരി, പൈസക്കരി, നെല്ലിക്കാം പോയിൽ, വായാട്ടുപറമ്പ്, കുന്നോത്ത്, ചെമ്പന്തൊട്ടി, ചെറുപുഴ, എടൂർ, മേരിഗിരി, ആലക്കോട്, തളിപ്പറമ്പ്, വെള്ളരിക്കുണ്ട്, തോമാപുരം, എന്നീ മേ ഖലകളിൽ നടന്നു. മാർ ജോർജ് ഞറളക്കാട്ട് പിതാവും മാർ ജോസഫ് പാംപ്ലാനി പിതാവും മാർ ജോർജ്ജ് വലിയമറ്റം പിതാവും മോൺ. അലക്സ് താരാമംഗലം അച്ചനും വിവിധ മേഖലകളിൽ ഏയ്ഞ്ചൽസ് മീറ്റിൽ പങ്കെ ടുത്ത് സന്ദേശം നൽകുകയും CML ബാഡ്ജ്, പ്രാർത്ഥനാ പുസ്തകം, മാനുവൽ ബുക്ക് എന്നിവ നൽകി മിഷൻലീഗ് സംഘടനയിലേക്ക് കുഞ്ഞു ങ്ങളെ ഔദ്യോഗികമായി സ്വീകരിക്കുകയും ദിവ്യകാരുണ്യ സ്വീകരണ സർട്ടി ഫിക്കററ് നൽകുകയും ചെയ്തു. ഏയ്ഞ്ചൽസ്മീറ്റ് മനോഹരമായി ക്രമീക രിച്ച എല്ലാ ഫൊറോന വികാരിയച്ചന്മാർക്കും, മേഖലാഡയറക്ടർ അച്ച ന്മാർക്കും വൈസ് ഡയറക്ടേഴ്സ്, മേഖലാ ശാഖാ ഭാരവാഹികൾക്കും അതി രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

## സംസ്ഥാന മാനേജിംഗ് കമ്മിറ്റി - ക്യാമ്പ്

മെയ് 10, 11 എന്നീ തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വെച്ച് നടന്ന സംസ്ഥാന ക്യാമ്പിൽ അതിരൂപതയിൽ നിന്നും 11 പേർ പങ്കെടുത്തു. അതോ ടൊപ്പം 12-ാം തിയതി നടന്ന സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും ക്ലാസ്സിലും അതിരൂപതാ ഡയറക്ടറും എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു.

## ദി ലീഡർ

സാൻജോസ് അക്കാഡമിയുടെയും ചെറുപുഷ്പമിഷൻ ലീഗിന്റെയും നേതൃത്വത്തിൽ മെയ് 8 മുതൽ 11വരെ സന്ദേശഭവനിലും മെയ് 15 മുതൽ 18 വരെ പടന്നക്കാട് പാസ്റ്ററൽ സെന്ററിലും വെച്ച് നടന്ന നേതൃത്വപരിശീലന ക്യാമ്പിൽ 129 കുട്ടികൾ പങ്കെടുത്തു. സാൻജോസ് അക്കാഡമി ഡയറക്ടർ റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ, CML ഡയറക്ടർ റവ. ഫാ. ജോസഫ് വേങ്ങക്കുന്നേൽ, ഫാ. ആന്റണി ചിറ്റേട്ട്, ഫാ. ജെയ്സ് കുരിശുംമൂട്ടിൽ,സി. ജോസിറ്റ, ബ്രദർ അമൽ പഞ്ഞിക്കുന്നേൽ, ബ്രദർ റിജോ മഞ്ഞക്കുന്നേൽ, ബ്രദർ ക്രിസ്റ്റോ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. കുട്ടികളെ പറഞ്ഞ യച്ച എല്ലാ ബഹു. ഡയറക്ടർ അച്ചൻമാർക്കും വൈസ് ഡയറക്ടേഴ്സിനും മാതാപിതാക്കൾക്കും അതിരൂപതാ കുടുംബത്തിന്റെ പ്രത്യേകം നന്ദി.

## പഠന ഒരുക്കധ്യാനം

ചെറുപുഷ്പ മിഷൻലീഗിന്റെയും ക്രിസ്റ്റീൻ മലബാർ റീജണിന്റെയും മദർഹോമിന്റെയും നേതൃത്വത്തിൽ മെയ് 20-24വരെ പരിയാരം മദർഹോ മിൽ വച്ച് നടന്ന പഠന ഒരുക്ക ധ്യാനത്തിൽ 480 കുട്ടികൾ പങ്കെടുത്തു. കുട്ടികളെ ധ്യാനത്തിനായി പറഞ്ഞയച്ച എല്ലാ ഡയറക്ടർ അച്ചന്മാർക്കും, സിസ്റ്റേഴ്സിനും, ശാഖാ - മേഖലാ ഭാരവാഹികൾക്കും മാതാപിതാക്കൾക്കും പ്രത്യേകം നന്ദി. അതോടൊപ്പം ധ്യാനത്തിന്റെ വിജയത്തിനാവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ചെയ്തു തന്ന മദർഹോമിലെ ബഹുമാനപ്പെട്ട എല്ലാ വൈദികർക്കും, പ്രേഷിതർക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## വചനഭേരി മെഗാക്വിസ്

മെയ് 12-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ വെച്ച് നടത്തപ്പെട്ട സംസ്ഥാനതല വചനഭേരി മെഗാക്വിസ് ജൂനിയർ വിഭാഗത്തിൽ 3-ാം സ്ഥാനം കരസ്ഥമാക്കിയ തളിപ്പറമ്പ് ശാഖയിലെ അൽഫോൻസ കാരന്താനം & ടോം പരിയാരത്ത് കുന്നേലിനും (തളിപ്പറമ്പ് മേഖല), സീനിയർ വിഭാഗത്തിൽ 4-ാം സ്ഥാനം കരസ്ഥമാക്കിയ വിജയഗിരി ശാഖയിലെ അതുല്യ പെരുമ്പ്രാ യിലിനും & അലീന നിരപ്പേലിനും (ആലക്കോട് മേഖല) അതിരൂപതാ കുടും ബത്തിന്റെ അഭിനന്ദനങ്ങൾ....

## ഹൃദയംനിറഞ്ഞ നന്ദി

വിവിധ ഫൊറോനകളിൽ മിഷൻലീഗ് മേഖലാ ഡയറക്ടർ, വൈസ് ഡയ റക്ടർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ ഇടവകകളിലേയ്ക്ക് സ്ഥലം മാറിയ ഫാ. ജോസഫ് പൂത്തോട്ടാൽ, ഫാ. തോമസ് അട്ടേങ്ങാട്ടിൽ, ഫാ. മാത്യു മുല്ലപ്പള്ളിൽ, ഫാ. സേവ്യർ പുത്തൻപു രയ്ക്കൽ, ഫാ. സെബാസ്റ്റ്യൻ എഴുപറയിൽ, ഫാ. അബ്രഹാം ഒറ്റപ്ലാക്കൽ സി. മെർളിൻ FCC സി.ജിൻസി ജോർജ് CSM സി. ജ്യോതിസ് SH

സി. അലീന MSMI സി. ജോസ്മരിയ CMC, സി. ആൻസല SABS, സി. റോസിലിയ NS സി. ലിസ്ന, SH എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി.

## സെമിനാറുകൾ

1-4-19ന് അതിരൂപതാ പ്രസിഡന്റ്, ബേബി പ്ലാശ്ശേരിൽ രണ്ടാംകടവ് ശാഖ യിൽ സെമിനാർ നടത്തി.

27-4-19ന് താമരശ്ശേരി രൂപതാ ദിനത്തോടനുബന്ധിച്ച് കൂരാച്ചുണ്ട് ശാഖയിൽ ഡയറക്ടർ കുട്ടികൾക്ക് ക്ലാസ്സ് എടുത്തു.

18-5-19ന് വിമലശ്ശേരി ശാഖയിൽ കുട്ടികൾക്ക് ഡയറക്ടർ ധ്യാനം നടത്തി.

## ആദരാഞ്ജലികൾ

ഈ ഭൂമിയിൽ തന്റെ ദൗത്യം പൂർത്തിയാക്കി സ്വർഗ്ഗീയഭവനിലേയ്ക്ക് പറന്നുയർന്ന മുൻ അതിരൂപതാ വൈസ് ഡയറക്ടർ സി. ഡോണ FCC യുടെ മാതാവ് സെലിൻ മുതുകാട്ടിലിന്റെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും...

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

രണ്ടുമാസത്തെ അവധിക്കാലത്തിനുശേഷം വീണ്ടും പുതിയൊരു പ്രവർത്തനവർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ഉണ്ണീശോയുടെ അനുഗ്രഹത്തിനും സംരക്ഷണത്തിനുമായി ഈ വർഷത്തെ നമ്മുടെ പ്രവർത്തനങ്ങളെയും സമർപ്പിക്കാം. സുകൃതജപങ്ങളും, തിരുവചനങ്ങളും പ്രാർത്ഥനകളും വിശുദ്ധരുടെ ജീവിതകഥകളുമൊക്കെ പഠിച്ച് നമുക്കും ഈശോയെപ്പോലെ വളരാം. ഉണ്ണീശോയുടെ അനുഗ്രഹവും സംരക്ഷണവും എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## ആനിമേറ്റേഴ്സ് മീറ്റിംഗ്

തിരുബാലസംഖ്യം ആനിമേറ്റേഴ്സ് മീറ്റിംഗ് 2019 ജൂൺ 1 ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 9.15ന് വി. കുർബ്ബാനയോടുകൂടി ആരംഭിക്കുന്നു. 10.15ന് നടക്കുന്ന പ്രവർത്തന വർഷ ഉദ്ഘാടന കർമ്മത്തിൽ അഭിവന്ദ്യമാർജോസഫ് പാംപ്ലാനിപിതാവിന്റെ സന്ദേശവും മാർഗ്ഗരേഖാപ്രകാശനവും മാർഗ്ഗരേഖാ വിശദീകരണ ക്ലാസ്സും ഉണ്ടായിരിക്കും. എല്ലാ ആനിമേറ്റേഴ്സും ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ഈശോയെപ്പോലെ വളരാം.... വലുതാകാം....

തിരുബാലസംഖ്യം കുട്ടികൾക്കായി ഈ വർഷത്തെ പ്രവർത്തനമാർഗ്ഗരേഖയെ ആധാരമാക്കി കഥകൾ, പാട്ടുകൾ, നിറംകൊടുക്കാം, വചനം പൂരിപ്പിക്കാം തുടങ്ങിയ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കുട്ടികൾക്ക് ഉപകാരപ്രദവും വചനപഠനത്തിന് സഹായകവുമായ വിധത്തിൽ ഈശോയെപ്പോലെ വളരാം...വലുതാകാം... Vo 1 എന്ന വർക്ക് ബുക്ക് പുസ്തകം തയ്യാറായിക്കൊണ്ടിരിക്കുന്നു. 27 രൂപയാണ് ഇതിന്റെ വില. 1 മുതൽ 4 വരെയുള്ള എല്ലാ കുട്ടികൾക്കും ഈ വർക്ക്ബുക്ക് നൽകാൻ ബഹു. ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

## " Go MAD " - Make A Difference

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപത ഒരു യുവജനവർഷത്തിനപ്പുറം 2019 ൽ പുതിയ പ്രവർത്തന മേഖലയിലേയ്ക്ക് കടക്കുകയാണ്....

ഇനിയുമുണ്ട് ഈ പ്രസ്ഥാനത്തിന് ഏറെ ദൂരം താണ്ടുവാൻ.

യുവജനങ്ങൾക്ക് കരുത്താകുവാൻ....

അനേകായിരങ്ങൾക്ക് തണലേകുവാൻ....

രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ഒരു മുപ്പത്തിമൂന്നുകാരനായ ചെറുപ്പക്കാരൻ കണ്ട ഭ്രാന്തൻ സ്വപ്നങ്ങളുടെ തുടർക്കഥയാണ് കത്തോലിക്കാതിരുസഭയും യുവജനപ്രസ്ഥാനവും.

ഗുരുവിന്റെ വിളികേട്ട് എല്ലാം ത്യജിച്ച് പുറകേ പോയ ശിഷ്യന്മാരിലും ഉണ്ടായിരുന്നു ഈ ചിത്തഭ്രമം: സ്വന്തം ജീവനേക്കാൾ അപരന്റെ ജീവന് വില കൊടുത്തവൻ, സഹോദരന്റെ പ്രാണൻ എടുക്കലല്ല-സ്വന്തം പ്രാണൻ കൊടുക്കലാണ് വിപ്ലവം എന്ന് ജീവിതം കൊണ്ട് തെളിയിച്ചവന്റെ പിന്നാലെയുള്ള യാത്ര ആരംഭിക്കുന്നു.

തലശ്ശേരി അതിരൂപതയിലെ പതിനാറ് ഫൊറോനകളിലെയും യുവജനങ്ങൾ മനസ്സുകൾ ചേർത്തുവച്ച് അവൻ നടന്ന വ്യത്യസ്തമായ, ഭ്രാന്തമായ വഴിയിലൂടെ കർമ്മ രംഗത്തേയ്ക്ക് ചുവടുവയ്ക്കുന്നു....

## " Go MAD " - Make A Difference

വ്യക്തി ജീവിതത്തിലും, കുടുംബത്തിലും, കുടുംബകൂട്ടായ്മയിലും, ഇടവകയിലും, ഫൊറോനയിലും, രൂപതയിലും, സമൂഹത്തിലും സമൂലമായ ഒരു മാറ്റം നടക്കട്ടെ....അതിരൂപത യുവജനപ്രസ്ഥാനം ഈ വർഷം മൂന്നു മേഖലകളിൽ: പ്രവർത്തനം കേന്ദ്രീകരിക്കുന്നു.

M = Media interventions
(മാധ്യമ ഇടപെടലുകൾ)

A = Agricultural self-sufficiency
(കാർഷിക സ്വയം പര്യാപ്തത)

D = Dignity of human life
(മനുഷ്യ ജീവന്റെ മഹത്വം)

എല്ലാം ചേർന്ന "Go MAD " - ന്റെ പിന്നാലെ ഈ വർഷം നമുക്കൊരു യാത്ര പോകാം....

കണ്ണും പൂട്ടി പത്രോസ് ശ്ലീഹാ പോയത് പോലൊരു യാത്ര....

KCYM, SMYM തലശ്ശേരി അതിരൂപതയുടെ 2019 വർഷത്തിലെ
"Go MAD" - Make A Difference ചില പ്രോഗ്രാമുകൾ.

## 1. മാലാഖ 2K19

Nurses' day celebration (May 12)

ഭൂമിയിൽ ദൈവം ചിലർക്ക് തന്റെ കരങ്ങൾ നൽകും; വേദന അനുഭവിക്കുന്നവരെ തൊട്ടു സുഖപ്പെടുത്താൻ, വീഴ്ചകളിൽ ആശ്വാസമാകാൻ. അത്തരത്തിൽ ദൈവത്തിന്റെ കരങ്ങളുമായി, വെള്ള വസ്ത്രം ധരിച്ച് രോഗികളുടെ ഇടയിലൂടെ ഓടി നടക്കുന്ന മാലാഖമാരുണ്ട് നമ്മുടെ ഇടയിൽ - നഴ്സുമാർ ആയിരങ്ങളുടെ ജീവിതങ്ങൾക്ക് പ്രത്യാശയുടെ വെളിച്ചം പകരുന്നവർ ചെറുചിരി കൊണ്ട് ലോകം കീഴടക്കുന്നവർ. അവർക്കായുള്ള ദിനമാണ് മെയ്യ് - 12 ഞായറാഴ്ച. ഭൂമിയിലെ മാലാഖമാരുടെ ദിനത്തിന് നിറമേകാൻ, ഒപ്പം സന്തോഷം പങ്കുവയ്ക്കാൻ, തലശ്ശേരി അതിരൂപത യുവജന പ്രസ്ഥാനവും അവരോടൊപ്പം ചേരുന്നു.

## 2. "I love me" (ജീവിതമാണ് ലഹരി)

(ലഹരി വിരുദ്ധ ദിനാചരണം) (May 31)

ആധുനീക ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ് മയക്കുമരുന്നുകളുടെ വർദ്ധിച്ച ഉപയോഗവും വിപണനവും. പുതിയതെന്തും അനുഭവിക്കാനാഗ്രഹിക്കുന്ന കൗമാരക്കാരെയും യുവാക്കളെയുമാണ് ലഹരിമാഫിയ പ്രധാനമായും ലക്ഷ്യമിടുന്നത്. നിർഭാഗ്യം എന്ന് പറയട്ടെ നമ്മുടെ യുവാക്കളിൽ ഒരു പങ്ക് ഇത്തരത്തിൽ ലഹരി മരുന്നുകൾക്ക് അടിമകളായി മാറികഴിഞ്ഞു. അവരെ ജീവിതത്തിന്റെ മൂല്യങ്ങളിലേക്ക് തിരികെ കൊണ്ടുവരുവാനും, ഉത്തമ ക്രൈസ്തവരായി, ഉത്തമ പൗരൻമാരായി ജീവിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മെയ് മാസം 31 ന് ലോക പുകയില വിരുദ്ധ ദിനത്തിൽ, ജീവിതമാണ് ലഹരി എന്ന ആദർശവാക്യം ഉയർത്തിപ്പിടിച്ച് ലഹരി ഹോമ പ്രവർത്തനം സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാ ഇടവകകളിലും അഗ്നികുണ്ഡം തയ്യാറാക്കി അതിൽ ലഹരി വസ്തുക്കൾ ദഹിപ്പിക്കുകയും വരുംതലമുറയ്ക്ക് ലഹരി സമൂഹത്തിൽനിന്നും തുടച്ചുമാറ്റപ്പെടേണ്ട ഒന്നാണെന്ന് മനസ്സിലാക്കി കൊടുക്കുകയും ചെയ്യുകയാണ് പ്രവർത്തനത്തിന്റെ ലക്ഷ്യം. നമുക്ക് ഒന്നിച്ച് കൈകോർക്കാം - ജീവിതമാണ് ലഹരി എന്ന് വിളിച്ച് പറയുന്ന സമൂഹത്തിനായി.

## 3. Go MAD - give blood (രക്തദാന ക്യാമ്പുകൾ)

ഒരു വ്യക്തിക്ക് മറ്റൊരാൾക്ക് നൽകാവുന്ന ഏറ്റവും വിലപ്പെട്ട സമ്മാനമാണ് രക്തം. ഈ ലോകത്തിൽ രക്തദാനം ജീവദാനമാണ്. അപകടത്തിൽപ്പെടുന്ന 50% ൽ അധികം ആളുകളും മരിക്കുന്നത് ശരിയായ സമയത്ത് രക്തം കിട്ടാതെയാണ്. സഹജീവി, സ്നേഹത്തിന്റെ ഏറ്റവും വലിയ ഉദാഹരണമായ രക്തദാന-മഹാദൗത്യവുമായി അതിരൂപത യുവജനപ്ര

സ്ഥാനം മുന്നിട്ടിറങ്ങുകയാണ്. തലശ്ശേരി അതിരൂപതയിലെ എല്ലാ കെ സി വൈ എം യൂണിറ്റുകളിലും-ലോക രക്തദാന ദിനത്തിൽ യുവജനങ്ങൾ എല്ലാവരും രക്തം ദാനം ചെയ്ത് ഈ മഹാ ദൗത്യത്തിൽ പങ്കാളികളാകുക. സ്നേഹിക്കാം നമുക്ക് സഹജീവികളെയും, സഹോദരങ്ങളെയും – ജീവിതം കൊണ്ട്.

**4. Go MAD - Go smule** (Smule competition world music day) (June 21)

ആധുനീകത ചലിക്കുന്നത്, വിവരസാങ്കേതിക വിദ്യയിലാണ്. എല്ലാം ഞൊടിയിടയിൽ വിരൽത്തുമ്പിൽ എത്തുന്നതും നിമിഷനേരങ്ങൾകൊണ്ട് വൈറൽ ആകുന്നതും എല്ലാം ഈ നൂറ്റാണ്ടിന്റെ സംഭാവനയാണ്. അതിരൂപത യുവജനപ്രസ്ഥാനത്തിന്റെ 2019 – 2020 കർമ്മവർഷത്തെ പ്രവർത്തനങ്ങൾ എല്ലാം ആധുനീക വിവരസാങ്കേതിക വിദ്യയോടൊപ്പം പോകുന്നു. അതിന്റെ നല്ല വശങ്ങൾ മാത്രം കണ്ടെത്തുവാനും, അതുവഴി പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുവാനും ആഗ്രഹിക്കുന്നു. മുൻകാലഘട്ടങ്ങളിൽ ഒരു ഗായകൻ അല്ലങ്കിൽ ഗായിക കഴിവ് തെളിയിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരിക എന്നത് ബുദ്ധിമുട്ടേറിയ കാര്യമായിരുന്നു. എന്നാൽ ഇന്ന് അത് എളുപ്പമായി മാറിയിരിക്കുന്നു. സ്മ്യൂൾ ആപ്ലിക്കേഷനിൽ ഒന്ന് പാടിയാൽ അത് എത്രയധികം ആളുകളിലേക്ക് എത്തിക്കാനും എന്നതിൽ യാതൊരു കണക്കുമില്ല. ലോക ഗാന ദിനത്തിൽ കെ സി വൈ എം തലശ്ശേരി അതിരൂപത ഒരു smule ഗാന മത്സരം സംഘടിപ്പിക്കുന്നു. പാടാൻ കഴിവുള്ള യുവജനങ്ങൾക്ക് ഈ അവസരം പ്രയോജനപ്പെടുത്താം.

## 5. Go MAD - Troll hard (Troll competition (July 1st)

പ്രതികരണത്തിന്റെ വേദിയായികൂടി ഇന്ന് സോഷ്യൽ മീഡിയകൾ മാറികഴിഞ്ഞിരിക്കുന്നു. സമൂഹത്തിലെ കൊള്ളരുതായ്മകൾ മുഖം നോക്കാതെ ഉയർത്തികൊണ്ടുവരുവാൻ ആധുനീക കാലഘട്ടത്തിൽ സാമൂഹീക മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അതിൽ തന്നെ ആക്ഷേപഹാസ്യത്തിലൂടെ പ്രതികരിക്കുന്ന ട്രോൾ രീതി ഇന്ന് വലരെയേറെ ജനശ്രദ്ധ ആകർഷിച്ചു കഴിഞ്ഞിരിക്കുന്നു. തലശ്ശേരി അതിരൂപതയിലെ കെ സി വൈ എം, എസ് എം വൈ എം ഒരു ട്രോൾ മേക്കിംഗ് മത്സരം ഒരുക്കുന്നു. മുൻകൂട്ടി തരുന്ന വിഷയത്തെക്കുറിച്ച് ട്രോൾ തയ്യാറാക്കി ഞങ്ങൾക്ക് അയച്ച് ആർക്കും മത്സരത്തിൽ പങ്കെടുക്കാം.

**6. "കണ്ണുകൊണ്ട് കേൾക്കാം" (ബധിര മൂക കുട്ടികളോടൊപ്പം) (Sep. 23)**

സഹജീവികളുടെ കുറവുകൾ മനസ്സിലാക്കി അവരെ ഒപ്പം ചേർത്ത് നിർത്തുന്നവരാണ് യഥാർത്ഥ മനുഷ്യർ. എല്ലാവരും ദൈവത്തിന്റെ സൃഷ്ടിയാണ്. ഓരോ ജൻമത്തിനും ഓരോ ലക്ഷ്യങ്ങൾ ഉണ്ട് എന്ന് മനസ്സിലാക്കിയാൽ തീരാവുന്നതേയുള്ളു സമൂഹത്തിലെ പാർശ്വവൽക്കരിക്കലുകൾ. അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സമൂഹത്തിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ടവരെ ഒപ്പം ചേർത്ത് നിർത്തുന്നു. സമൂ

ഹത്തിന്റെ മുന്നിലേക്ക് കൂട്ടികൊണ്ട് വരുന്നു. ഈ നന്മയുടെ പ്രവർത്തന ത്തിൽ പങ്കാളിയാകാം...കൈ കോർക്കാം.

### 7. "I love you" (വൃദ്ധ മാതാപിതാക്കളോടൊപ്പം)

പ്രായമായവർ വീടിന് അലങ്കാരമാണ്, നാടിന് അഭിമാനമാണ്. ആധു നീക കാലഘട്ടം മനഃപൂർവ്വം മറന്ന് കളയുന്ന ഒരു വസ്തുതയാണിത്. പ്രായമായവരെ വൃദ്ധസദനങ്ങളിലേക്ക് തള്ളുമ്പോൾ നാം ഓർക്കേണ്ട ഒന്നുണ്ട് പച്ചിലയും പഴുക്കുന്ന കാലം വരും. കെ സി വൈ എം തലശ്ശേരി അതിരൂപതയിലെ യുവജനങ്ങൾ പ്രായമായവരെ ചേർത്ത് നിർത്തി അവ രോടൊപ്പം ഒരു ദിനം, തങ്ങളുടെ സ്നേഹവും പങ്കിടുന്നു. ഒന്നു ചേരാം ഈ പ്രവർത്തനത്തിൽ വരുംതലമുറക്ക് മാതൃകയായി.

### 8. Go MAD - No shave (ക്യാൻസർ രോഗികൾക്ക് കേശദാനം) (November )

### 9. Go MAD - Day out
### Childrens day celebration (ബാലഭവൻ കുട്ടികളോടൊപ്പം outing)

ജീവിതത്തിന്റെ ക്യാൻവാസിൽ നിറങ്ങൾ പകരേണ്ട കാലഘട്ടമാണ് ബാല്യം. എന്നാൽ പാറിനടക്കേണ്ട കാലഘട്ടത്തിൽ അനാഥത്വത്തിന്റെ വേദ നയനുഭവിച്ച് ക്യാൻവാസിൽ കറുപ്പും, വെള്ളയും നിറങ്ങൾ മാത്രം ചാലി ക്കാൻ വിധിക്കപ്പെട്ട കുരുന്നുകൾ ഉണ്ട് നമ്മുടെ സമൂഹത്തിൽ. കെ സി വൈ എം തലശ്ശേരി അതിരൂപതയിലെ യുവജനങ്ങൾ ഒരു ദിവസം അവർക്കായി കൈകോർക്കുന്നു. അവർക്കൊരു ജീവിതത്തിനായി നമുക്കും കൈ നീട്ടാം.

### 13. തേങ്ങാക്കൊല coconut day celebration

തെങ്ങ് ചതിക്കില്ല എന്നൊരു പഴമൊഴി ചരിത്രാതീത കാലം മുതലെ നിലനിൽക്കുന്നതാണ്. കേരളചരിത്രം പരിശോധിക്കുകയാണെങ്കിൽ കേര വൃക്ഷത്തിന് വളരെയേറെ പ്രാധാന്യം ഉണ്ട്. ഈ ആശയത്തെ മുൻനിർ ത്തി കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപത കേര വൃക്ഷത്തിന്റെ പ്രാധാന്യം യുവജനങ്ങളിലേക്ക് എത്തിക്കുവാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നു.

### 14. Go MAD - Stay Bold women's day (March 8)

കെ സി വൈ എം തലശ്ശേരി അതിരൂപത എല്ലാവർഷവും വനിതാദിനം ആചരിക്കുന്നു. ഈ ദിനത്തിന് ഒരുപാട് ചരിത്രനിമിഷങ്ങളുടെ ഓർമ്മകൾ കൂട്ടുണ്ട്. സ്വന്തം ജോലിസ്ഥലത്തെ സൗകര്യങ്ങളും ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്താനായി സ്ത്രീകൾ നടത്തിയ മുന്നേറ്റത്തിന്റെ പിൻബലവും, വ്യ വസായ കുത്തകകളുടെ ആധിപത്യത്തിനുമേൽ വിയർപ്പും കണ്ണീരുംകൊണ്ട് സ്ത്രീകൾ വരിച്ച വിജയത്തിന്റെ കഥയും .. ഇന്ന് വനിതകൾ സമൂഹത്തിൽ വിജയം നേടി മുന്നേറുമ്പോൾ കെ സി വൈ എം തലശ്ശരി അതിരൂപതയും അവരുടെ നേട്ടങ്ങളെകുറിച്ച് ഓർക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു.

**15. Go MAD - MEET DAD** (കിടപ്പുരോഗികളോടൊപ്പം ഒരു ദിനം)

സമൂഹത്തിൽ വേദന അനുഭവിക്കുന്നവരുടെ നേരെ സഹായഹസ്തങ്ങൾ നീട്ടുക എന്നത് നമ്മുടെ കടമയാണ്, ഉത്തരവാദിത്വമാണ്. ആ ഉത്തരവാദിത്വത്തെ ഹൃദയത്തിലേറ്റിയാണ് തലശ്ശേരി അതിരൂപതയിലെ യുവജനങ്ങൾ സമൂഹത്തിൽ വേദന അനുഭവിക്കുന്നവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ കണ്ണീരൊപ്പുന്നത്.

## ക്യാമ്പ് – (പ്രകൃതി സഹവാസ ക്യാമ്പ്)

സൗഹൃദങ്ങളാണ് കെ സി വൈ എം പ്രസ്ഥാനത്തിലെ അംഗങ്ങളെ ഒരു നൂലിൽ കെട്ടിയ മുത്തുകൾ പോലെ ചേർത്ത് നിർത്തുന്നത്, പ്രസ്ഥാനം നൽകുന്ന അതേ സൗഹൃദങ്ങൾ തന്നെയാണ് ജീവിത വഴികളിൽ പലപ്പോഴും വഴി വിളക്കുകളായി നിൽക്കാറുള്ളതും. സൗഹൃദങ്ങൾ പലപ്പോഴും സൃഷ്ടിക്കപ്പെടുന്നത് സഹവാസക്യാമ്പുകൾ വഴിയാണ്. ക്യാമ്പുകളിലെ ഇണക്കങ്ങളും പിണക്കങ്ങളും നുറുങ്ങു തമാശകളും എല്ലാം പിന്നീട് ഓർത്തിരിക്കാനുള്ള മധുരസ്മരണകളായി മാറാറുണ്ട്. കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപത 2019 – 20 കർമ്മവർഷത്തെ പ്രകൃതി സഹവാസ ക്യാമ്പ് നെല്ലിക്കാംപൊയിൽ ഫൊറോനയുടെ ആതിഥേയത്വത്തിൽ കാഞ്ഞിരക്കൊല്ലി വിനോദ സഞ്ചാരകേന്ദ്രത്തിൽ 14,15,16 തിയ്യതികളിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നു. എല്ലാ യുവജന സുഹൃത്തുക്കളെയും ക്യാമ്പിലേക്ക് സ്വാഗതം ചെയ്യുന്നു.

## ഡയറക്ടർ അച്ചൻമാരെയും സിസ്റ്റർ ആനിമേറ്റേഴ്സിനെയും തിരഞ്ഞെടുക്കുക

ഫൊറോനകളിൽ നിന്നും സ്ഥലം മാറിപ്പോയ ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും പകരം പുതിയ ഡയറക്ടേഴ്സിനെയും ആനിമേറ്റേഴ്സിനെയും അടുത്ത മാസധ്യാനത്തിൽ കണ്ടെത്തി അതിരൂപത ഓഫീസിൽ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## വിവാഹ ആശംസകൾ

കെ സി വൈ എം അതിരൂപത സമിതിയിൽ അംഗമായി പ്രവർത്തിച്ച് വിവാഹ ജീവിതത്തിലേക്ക് പ്രവേശിച്ച ഷിജു വേങ്ങത്തടത്തിനും വധു ദീപക്കും അതിരൂപത കുടുംബത്തിൽ നിന്നും പ്രാർത്ഥനാശംസകൾ.

## ആത്മ സംസ്ഥാന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് മീറ്റ്

ആത്മ ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് മീറ്റിൽ ഡയറക്ടർ റവ. ഫാ. സോണി വടശ്ശേരി, സി. സെലിൻ ചെല്ലംകോട്ട് എസ് എച്ച്, സി. പ്രീതി മരിയ സി.എം.സി എന്നിവർ പങ്കെടുത്തു.

## അഭിവന്ദ്യ പിതാക്കൻമാരെ സന്ദർശിച്ചു

2019 – 20 വർഷത്തിലെ കെ സി വൈ എം, എസ് എം വൈ എം അതിരൂപത സമിതി അഭിവന്ദ്യ പിതാക്കൻമാരായ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട്, ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി എന്നിവരെ സന്ദർശിച്ച് കർമ്മ പദ്ധതി ചർച്ച ചെയ്തു അതോടൊപ്പം ആനിമേറ്റർ സിസ്റ്ററിന്റെ ജന്മദിനം ആഘോഷിച്ചു.

## സംസ്ഥാന സമാധാന യാത്ര

ക്രൈസ്തവ സമൂഹത്തെ ലക്ഷ്യമിട്ട് ലോകമെമ്പാടും വർദ്ധിച്ച് വരുന്ന തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരെ സമൂഹ മനസ്സാക്ഷിയെ ഉണർത്താൻ കെ സി വൈ എം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ സമാധാന യാത്ര സംഘടിപ്പിക്കുന്നു. ജൂൺ – 9 ഞായറാഴ്ച ആരംഭിക്കുന്ന സമാധാന യാത്രക്ക് ആരംഭം കുറിക്കുന്നത് തലശ്ശേരി രൂപതയിലെ തോമാപുരം ഫൊറോന പള്ളിയിലാണ്. സഭയുടെ കാവൽക്കാരായ യുവജനങ്ങൾ സാധിക്കുന്നത്ര കെ സി വൈ എം പ്രവർത്തകരെ അന്നേദിവസം തോമാപുരം പള്ളിയിൽ അണിനിരത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. ജൂൺ – 9 ഞായറാഴ്ച രാവിലെ 8.30 ന് സമാധാന യാത്രയുടെ ഉദ്ഘാടനം മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിക്കും. ഫൊറോന ഡയറക്ടറച്ചൻമാരും പ്രസിഡന്റുമാരും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുമല്ലോ.

## 'ആലിപ്പഴം' പ്രകൃതി പഠന സഹവാസ ക്യാമ്പ്

കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ ജൂൺ 14,15,16 തിയ്യതികളിൽ നെല്ലിക്കാംപൊയിൽ ഫൊറോനയുടെ ആതിഥേയത്വത്തിൽ കാഞ്ഞിരക്കൊല്ലിയിൽ വച്ച് ആലിപ്പഴം എന്ന പേരിൽ പ്രകൃതി പഠന സഹവാസ ക്യാമ്പ് നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ജൂൺ 8ന് മുമ്പ് അതിരൂപത ഓഫീസിൽ അറിയിക്കേണ്ടതാണ്. പങ്കെടുക്കുന്നവർ ഇടവക വികാരിയുടെ കത്തോടെ വൈകുന്നേരം 5 ന് മുമ്പ് എത്തിച്ചേരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 400 രൂപ ആയിരിക്കും. എല്ലാ യുവജനസുഹൃത്തുക്കൾക്കും ഹൃദ്യമായ സ്വാഗതം.

## ലോക പരിസ്ഥിതി ദിനം – ജൂൺ 5

ഓരോ പരിസ്ഥിതി ദിനവും ഇല്ലാതാകുന്ന പച്ചപ്പിനെയും തകിടം മറിയുന്ന ആവാസ വ്യവസ്ഥയെയും തിരിച്ച് പിടിക്കാൻ ഓർമ്മപ്പെടുത്തുകയാണ്. പ്രകൃതിയുടെ രമണീയത കാത്ത് സൂക്ഷിക്കാൻ പ്രകൃതിയെ നാം സ്നേഹിച്ചേ മതിയാവൂ. ഈ ദിനത്തിന് പ്രാധാന്യം കൊടുത്ത് പരിസ്ഥിതിയെ മലിനപ്പെടുത്തുന്നതിനെതിരെ നമുക്കും ഉണർന്ന് പ്രവർത്തിക്കാം. മുൻവർഷങ്ങളിൽ ചെയ്തിരുന്നതുപോലെ കിണർ റീച്ചാർജിംഗ്, മഴക്കുഴി നിർമ്മാണം, മരത്തൈകൾ വച്ച് പിടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ യൂണിറ്റ് തലത്തിൽ നടത്തുമല്ലോ.

## വി. തോമസ്സ് മൂർ അനുസ്മരണം

'ദൈവത്തിൽ സന്തോഷിക്കുക' എന്ന ജീവിത ദർശനത്താൽ മനുഷ്യായുസ്സ് ധന്യമാക്കിയ യുവജനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി.തോമസ്സ് മൂറിന്റെ തിരുനാൾ ജൂൺ 22 ന് ആഘോഷിക്കുമ്പോൾ അന്നേദിവസം എല്ലാ യൂണിറ്റിലും പ്രാർത്ഥനാദിനമായി ആചരിക്കുകയും അനുസ്മരണം നടത്തുകയും ചെയ്യുമല്ലോ.

## യുവജന ദിനം. ജൂലൈ – 9

യുവജനങ്ങളുടെ ആത്മീയ ഭൗതീക ഉന്നമനത്തിനായി പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനും സഭയോടും സമൂഹത്തോടുമുള്ള അവരുടെ ഉത്തരവാദിത്വത്തെ ഉണർത്തുവാനുമായി തിരുസഭാമാതാവ് നമുക്ക് പ്രത്യേകം തന്നിരിക്കുന്ന ദിനം. യുവജന ദിനം വേണ്ടവിധം ഭംഗിയായി ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## സഭാ ദിനം ജൂലൈ – 3

മാർത്തോമ്മാ ക്രിസ്ത്യാനികളായ നമ്മുടെ ക്രൈസ്തവ സാക്ഷ്യം ആധുനിക ജീവിത സാഹചര്യങ്ങളിൽ കൂടുതൽ പ്രതിബദ്ധതയോടെ നിർവ്വഹിക്കുന്നതിനുള്ള ഊർജ്ജം സംഭരിക്കുകയാണ് സഭാ ദിനാചരണത്തിന്റെ ലക്ഷ്യം. വിശ്വാസ തീക്ഷ്ണത സഭാ മക്കളിൽ ജ്വലിപ്പിക്കുവാൻ ഈ സഭാ ദിനാചരണം ഉപകരിക്കട്ടെ. യുവജനങ്ങളിൽ വിശ്വാസ ജീവിതം പരിപോഷിപ്പിക്കാനുതകുന്ന പരിപാടികൾ സഭാ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

## മാലാഖ 2 k 19 (നഴ്സസ് മീറ്റ്)

ഭൂമിയിലെ മാലാഖമാർ നഴ്സസ് കൂത്തുപറമ്പ് ക്രിസ്തുരാജ നഴ്സിംഗ് സ്കൂളിന്റെ ആതിഥേയത്വത്തിൽ തലശ്ശേരി ജോസ്ഗിരി ആശുപത്രിയിലെ നേഴ്സുമാരോടൊപ്പം മെയ് 12 തിയ്യതി മാലാഖ എന്ന പരിപാടി സമുചിതമായി ആഘോഷിച്ചു. ക്രിസ്തുരാജ ആശുപത്രി അഡ്മിനിസ്ട്രേറ്റർ സി. സിൻസി എസ് എച്ച് ഉദ്ഘാടനവും നിർവ്വഹിച്ചു. കെ സി വൈ എം അതിരൂപത പ്രസിഡന്റ് സിജോ കണ്ണേഴത്ത് അദ്ധ്യക്ഷതയും, ഡയറക്ടർ റവ. ഫാ. സോണി വടശ്ശേരിയിൽ നഴ്സസ് ദിന സന്ദേശവും നൽകി. ജനറൽ സെക്രട്ടറി വിപിൻ മാറാട്ടുകുന്നേൽ സ്വാഗതവും, ക്രിസ്തുരാജ നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ സി.വിമല എസ് എച്ച് ആശംസയും, ജോ.സെക്രട്ടറി നിമിഷ ടോം നന്ദിയും അറിയിച്ചു. നഴ്സുമാർ ഭൂമിലെ മാലാഖമാർ എന്ന വിഷയം തന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഡോ.ടോജോ ചെറിയാൻ എംബിബിഎസ്, എംഡി ക്ലാസ്സെടുത്തു. നഴ്സസ് മീറ്റ് ഏറ്റവും ഭംഗിയാക്കാൻ സ്ഥലസൗകര്യങ്ങൾ ഒരുക്കി തന്ന് വേണ്ട ക്രമീകരണങ്ങൾ എല്ലാം നടത്തിത്തന്നുകൊണ്ട് ആദ്യഅവസാനം വരെ ഞങ്ങളൊടൊപ്പമുണ്ടായിരുന്ന ക്രസ്തുരാജ ആശുപത്രിയിലെ സിസ്റ്റേഴ്സിനും, അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും, സ്നേഹത്തിന്റെ ഭാവമാണ് ത്യാഗം എന്ന് ഞങ്ങളെ ഓർമ്മപ്പെടുത്തുമാറ്തലശ്ശേരി ജോസ്ഗിരി ആശുപത്രിയിൽ നിന്നും യാത്ര

ചെയത് ഈ ദിനം മനോഹരമാക്കുവാനായി ക്രിസ്തുരാജ നേഴ്സിംഗ് സ്കൂളിൽ എത്തിച്ചേർന്ന മാലാഖമാർക്കും, ബി.കെ.ജെ.എം നേഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ സി.സ്റ്റെല്ല എസ്എബിഎസ്നും ഉത്തരവാദിത്വപ്പെട്ട എല്ലാവർക്കും, വിവിധങ്ങളായ കലാപരിപാടികളോടെ ഈ ദിനത്തിന് മാറ്റ് കൂട്ടിയ കലാകാരികൾക്കും, സഹായ സഹകരണങ്ങളുമായി ഓടി എത്തിയ പേരാവൂർ ഫൊറോന യുവജനങ്ങൾക്കും, വിവിധ ഇടവകയിൽ നിന്നും എത്തിയ യുവസാനിധ്യങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ ഹൃദയം നിറഞ്ഞ നന്ദി...

## 2018-2019 സമിതിക്ക് കൃതജ്ഞതയോടെ ...

യുവജനങ്ങൾ ക്രിസ്തുവിനോടൊപ്പം, തിരുസഭയോടൊപ്പം, സമൂഹത്തോടൊപ്പം എന്ന യുവജന വർഷത്തിലെ ആപ്തവാക്യം ജീവിക്കുകയും ജീവിക്കാൻ യുവജനങ്ങൾക്ക് പ്രചോദനം നൽകുകയും ചെയ്തുകൊണ്ട് തങ്ങളുടെ ദൗത്യം വിജയകരമായി പൂർത്തിയാക്കിയ ശ്രീ ജിതിൻ മുടപ്പാലയുടെ നേതൃത്വത്തിലുള്ള അതിരൂപതാ സമിതി അംഗങ്ങളെ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. ശക്തനായ ദൈവത്തിന്റെ കരങ്ങളിൽ പിടിച്ചുകൊണ്ട് നമ്മൾ നടന്നുനീങ്ങിയത് ദൈവാനുഗ്രഹത്തിന്റെ വഴികളിലൂടെയായിരുന്നു. 197 ഇടവകകളെയും ഒരു ചരടിൽ കോർത്തിണക്കിയ നിരവധി പ്രവർത്തനങ്ങൾക്ക് തലശ്ശേരി അതിരൂപത സാക്ഷ്യം വഹിച്ചു.

- ഫൊറോന അസംബ്ലികൾ
- ഫൊറോന കൺവെൻഷനുകൾ
- ആർമി - യുവജനവർഷ ഫൊറോനാ കൺവെൻഷനുകൾ
- കർഷകജാഥ, നഴ്സസ്മീറ്റ്
- സ്പന്ദനം ഇ-മാഗസിൻ
- സത്യമറിയാൻ പുസ്തക പ്രകാശനം
- ഫലസമൃദ്ധി- വിഷരഹിത ഫലവൃക്ഷതൈ വിതരണം
- മഴക്കാല രോഗപ്രതിരോധ ക്ലാസുകൾ
- സ്കൂൾകിറ്റ് വിതരണം
- കാലവർഷക്കെടുതിയിൽ നാളുകൾ നീണ്ട സഹായഹസ്തം
- യുവജന വർഷ ദിനാചരണം
- മലബാർ യൂത്ത് കൺവെൻഷൻ
- കുട്ടനാട് പ്രളയബാധിത സഹായം
- വിവിധ പ്രതിഷേധ പ്രകടനങ്ങൾ
- സമ്പൂർണ്ണ കെ സി വൈ എം അതിരൂപതയായി തലശ്ശേരി അതിരൂപതയെ പ്രഖ്യാപിച്ചത്.
- പ്രോലൈഫ് എക്സിബിഷൻ
- പ്രീസ്റ്റ് ഹോം സന്ദർശനം
- മിഷൻ വയനാട
- അഗതിദിനാചരണം
- ക്ലീൻ സിറ്റി

♦ മുൻസിപ്പാലിറ്റി ജീവനക്കാരെ ആദരിക്കൽ
♦ സംസ്ഥാന അർദ്ധവാർഷിക സെനറ്റിന് ആതിഥേയത്വം
♦ മഞ്ഞ്- പ്രകൃതി പഠനക്യാമ്പ്
♦ മഹായുവജന സംഗമം
♦ യുവജനവർഷ അവാർഡുകൾ
♦ യുവജന ലോഗോസ്ക്വിസ്
♦ സമരിറ്റൻ ഹോമിലെ ക്രിസ്മസ് പ്രോഗ്രാം
♦ വാലന്റൈയിൻസ് ഡേ വൃദ്ധസദനത്തിൽ
♦ യൂണിറ്റ് ഫൊറോന സന്ദർശനങ്ങൾ
♦ റൂബി ജൂബിലി സമാപനം
♦ എൻഡോസൾഫാൻ മേഖല സന്ദർശനം
♦ സ്വപ്നവീട് ധനസഹായം
♦ സംസ്ഥാന കൊട്ടത്തലച്ചി കുരിശുമല തീർത്ഥാടനം
♦ യുവജന വർഷസമാപനം
♦ ചർച്ച് ആക്റ്റ് ബില്ലിനെതിരെപ്രതിഷേധം
♦ കുമ്പസാരം ഹാസ്യവൽക്കരണത്തിനെതിരെ പ്രതിഷേധം
♦ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി അനുസ്മരണം
♦ ഇലക്ഷൻ ക്യാമ്പ്-എക്സ്പ്ലോറ 2019

തുടങ്ങിയവ ഈ യുവജന വർഷത്തിൽ നമ്മൾ ഒരുമിച്ച് നടത്തിയ കാലിക പ്രസക്തിയുള്ള പ്രവർത്തനങ്ങളായിരുന്നു.

അതിരൂപത പ്രസിഡന്റ് ജിതിൻ മുടപ്പാലയുടെ നേതൃത്വത്തിലുള്ള സമിതി, ജനറൽ സെക്രട്ടറി കിരൺ അർത്തശ്ശേരിൽ, വൈസ് പ്രസിഡന്റ് അലിഡ മരിയ, ഡെപ്യൂട്ടി പ്രസിഡന്റ് അഖിൽ ചാലിൽ പുത്തൻപുരയിൽ, സെക്രട്ടറി & ജനറൽ സെക്രട്ടറി ഇൻചാർജ് ശ്രീ. ജെറാൾഡ് കാഞ്ഞിര ത്തിങ്കൽ, ജോയിൻ സെക്രട്ടറി കുമാരി ലിജി ജോർജ് കൊടക്കാട്ട്, ട്രഷറർ ശ്രീ. പ്രിൻസ് തുണ്ടത്തിൽ, ശ്രീ. കിരൺ വടക്കേൽ, കൗൺസിലേഴ്സ് ശ്രീ. സിജോ അമ്പാട്ട്, കുമാരി. അൽക്ക കണ്ണേപ്പറമ്പിൽ, എന്നിവരുടെ ദൈവാ ശ്രയബോധവും കൂട്ടായ്മയോടെയുള്ള പ്രവർത്തനവുമാണ് ഈ യുവജന വർഷത്തെ വിജയത്തിലെത്തിച്ചത്. ഒരു വർഷത്തെ യുവജന ശുശ്രൂഷ ദൈവ നിയോഗമായികണ്ട് മനോഹരമായി പൂർത്തിയാക്കിയ ജിതിന്റെ നേതൃത്വ ത്തിലുള്ള അതിരൂപതാ സമിതിക്കും ഒരു വർഷക്കാലം കൈകോർത്ത് പ്രവർത്തിച്ച സിൻഡിക്കേറ്റ് അംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിലെ എല്ലാ യുവജനങ്ങളുടെയും, യുവജന സ്നേഹിതരുടെയും ആത്മാർത്ഥമായ നന്ദിയും വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു.

## എക്സ്പ്ലോറ 2019

2019-20 പ്രവർത്തന വർഷത്തിലേക്കുള്ള അതിരൂപതാ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനും ഫൊറോന ഭാരവാഹികൾക്ക് നേതൃത്വ പരിശീ ലനം നൽകുന്നതിനും വേണ്ടി ഏപ്രിൽ 6,7 തിയതികളിലായി പരിയാരം ഐ, ആർ, സി, സെന്ററിൽവച്ച് എക്സ്പ്ലോറ 2019 നടത്തപ്പെട്ടു. പരിയാരം

മദർതെരേസ ചർച്ച് വികാരി റവ. ഫാ. തോമസ്സ് മാപ്പിളപ്പറമ്പിൽ അച്ചൻ എക്സ്പ്ലോറ 2019 ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോർജ് തയ്യിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 16 ഫൊറോനകളിൽ നിന്നുമായി 115 സെനറ്റ് അംഗങ്ങൾ പങ്കെടുത്തു. ഓരോ ഫൊറോനയും റിപ്പോർട്ടുകൾ അവതരിപ്പിച്ചു. തലശ്ശേരി അതിരൂപതാ വാർഷിക റിപ്പോർട്ട് ജനറൽസെക്രട്ടറി ഇൻചാർജ് ശ്രീ. ജെറാൾഡ് കാഞ്ഞിരത്തിങ്കൽ വായിച്ച് പാസാക്കി. വാർഷിക കണക്ക് ട്രഷറർ ശ്രീ കിരൺ വടക്കേൽ അവതരിപ്പിച്ച് പാസാക്കി. ക്യാമ്പിൽ വച്ച് അതിരൂപതാ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഇലക്ഷൻ ക്യാമ്പിനുവേണ്ടി സ്ഥലസൗകര്യങ്ങൾ ഒരുക്കിതന്ന ഐ ആർ സി ഡയറകടർ റവ. ഫാ ജോസ് എസ്. ജെ യ്ക്കും സിസ്റ്റേഴ്സിനും വിവിധ ഫൊറോനകളിൽ നിന്നും വന്ന എല്ലാ സെനറ്റ് അംഗങ്ങൾക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## 2019-20 പ്രവർത്തന വർഷത്തിലെ അതിരൂപത ഭാരവാഹികൾ

ഏപ്രിൽ 6, 7 തിയതികളിലായി പരിയാരം ഐ ആർ സി സെന്ററിൽ വച്ചു നടന്ന വാർഷികസെനറ്റിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. സിജോ കണ്ണേഴത്ത് -കുടിയാൻമല, ചെമ്പേരി |
| ജനറൽ സെക്രട്ടറി | : | ശ്രീ. വിപിൻ മാറുകാട്ടുകുന്നേൽ-മഞ്ഞളാംപുറം, പേരാവൂർ |
| വൈസ് പ്രസിഡന്റ് | : | കുമാരി. ചിഞ്ചു വി ജെ-മാങ്ങോട്, എടൂർ |
| ഡെപ്യൂട്ടി പ്രസിഡന്റ് | : | ശ്രീ. ടോമിൻ തോമസ് പോൾ കല്ലൂർ - കിളിയന്തറ, കുന്നോത്ത് |
| സെക്രട്ടറി | : | ശ്രീ. ജോയൽ തൊട്ടിയിൽ-പൈസക്കരി |
| ജോ. സെക്രട്ടറി | : | കുമാരി നിമിഷ ടോം മേമനയിൽ-മണ്ഡപം, തോമാപുരം |
| ട്രഷറർ | : | ശ്രീ. ബോണി കൊല്ലംകുന്നേൽ-പുളിങ്ങോം, ചെറുപുഴ |
| കൗൺസിലർ | : | ശ്രീ. എബിൻ കുമ്പുക്കൽ-ഉളിക്കൽ, നെല്ലിക്കാംപോയിൽ |
| കൗൺസിലർ | : | കുമാരി. ഡെൽന മരിയ ഞാറക്കുളത്ത്- പൈസക്കരി |
| ഓഡിറ്റേഴ്സ് | : | ശ്രീ. ജിൻസ് മാണിപുഴയ്ക്കൽ-പടുപ്പ്, പനത്തടി |
| | : | ഡിമിലി തോമസ് വരിയ്ക്കാനിക്കൽ - പേരാവൂർ |
| വനിത സിൻഡിക്കേറ്റ് | : | അലീന ജോർജ് - പൂപ്പറമ്പ്, ചെമ്പേരി |
| | : | ജിലിയ ജോയി - തോമാപുരം |

എസ്. എം. വൈ. എം ഡെപ്യൂട്ടി പ്രസിഡണ്ട് ശ്രീ. ജിതിൻ മുടപ്പാലയിൽ: ചെറുപുഴ

പുതിയ നേതൃത്വനിരക്ക് എല്ലാ വിജയാശംസകളും, പ്രാർത്ഥനകളും നേരുന്നു.

## അഫിലിയേഷൻ

ജൂൺ മാസം കെ സി വൈ എം, എസ് എം വൈ എം അംഗത്വമാസമാണ്. 15-35 വയസുവരെ പ്രായമുള്ള എല്ലാ യുവജനങ്ങളും അംഗത്വം സ്വീക

രിക്കേണ്ടതാണ്. ജൂൺ 30 നകം അഫിലിയേഷൻ പൂർത്തിയാക്കി അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. കെ സി വൈ എം, എസ് എം വൈ എം അംഗങ്ങൾ എല്ലാ വർഷവും അംഗത്വം പുതുക്കേണ്ടതാണ്. അഫിലിയേഷനിൽ പേരില്ലാത്ത ഒരു വ്യക്തിയെയും ഇലക്ഷന് നിൽക്കാനോ, വോട്ടു ചെയ്യാനോ അനുവദിക്കുന്നതല്ല. കലാ മത്സരങ്ങളിലും സംഘടനയുടെ പ്രധാന പരിപാടികളിലും അഫിലിയേഷൻ ആവശ്യമാണ്. ഓരോ അംഗവും തങ്ങളുടെ പേരുകൾ അഫിലിയേഷനിൽ ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. അഫിലിയേഷൻ പൂർത്തിയാക്കാൻ താഴെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിർബന്ധമാണ്.

1. കെ.സി.വൈ.എം ഓഫീസിൽ നിന്നും നൽകുന്ന ഫോമിൽ തന്നെ അഫിലിയേഷൻ നടത്തണം.
2. ഫോമിൽ പറഞ്ഞിരിക്കുന്ന വ്യക്തികളുടെ ഒപ്പ് നിർബന്ധമാണ്.
3. അഫിലിയേഷൻ ഫീ അടച്ചിരിക്കണം
4. ഫൊറോന പ്രസിഡണ്ട് നേരിട്ട് ഓഫീസിൽ വന്ന് അഫിലിയേഷൻ നടത്തണം.
5. അഫിലിയേഷൻ നടത്താൻ നിർദ്ദേശച്ചിരിക്കുന്ന തിയ്യതിക്ക് ശേഷം വരുന്ന ഫോമുകൾ സ്വീകരിക്കുന്നതല്ല.
6. അഫിലിയേഷന്റെ മൂന്ന് കോപ്പികൾ നൽകേണ്ടതാണ്.(ഒരെണ്ണം യൂണിറ്റിൽ, ഒരെണ്ണം ഫൊറോനയിൽ, ഒരെണ്ണം അതിരൂപതാ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.)

ഫൊറോന പ്രസിഡന്റുമാരും, ഡയറക്ടേഴ്സും ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## അംഗത്വ കാർഡ്

കെ സി വൈ എം, എസ് എം വൈ എം ഈ വർഷം അംഗമായി ചേരുന്നവരും, ഐ ഡി കാർഡ് ഇല്ലാത്തവരും ഐ ഡി കാർഡ് സ്വന്തമാക്കാൻ ശ്രദ്ധിക്കുക, ഓഫീസുമായി ബന്ധപ്പെടുക. സംഘടനയുടെ പ്രധാനപ്പെട്ട എല്ലാ പരിപാടികൾക്കും ഐ ഡി കാർഡ് നിർബന്ധമായിരിക്കും.

## ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി അനുസ്മരണം

തലശ്ശേരി അതിരൂപതയുടെ പ്രഥമ മെത്രാനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവിന്റെ 13-ാം ചരമ വാർഷികത്തോടനുബന്ധിച്ച് നടത്തിയ മലബാർ കുടിയേറ്റ എക്സിബിഷൻ ഏപ്രിൽ 1,2,3,4 തിയതികളിലായി സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂളിൽ വച്ച് നടത്തപ്പെട്ടു. പ്രോ-ലൈഫ് എന്ന വിഷയത്തെ ആസ്പദമാക്കി കെ സി വൈ എം വളരെ മനോഹരമായി എക്സിബിഷൻ നടത്തി. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച കെ സി വൈ എം അതിരൂപതാ സമിതി, ജീസസ് യൂത്ത്, ജോയ്സ്, ജോമിസ് മാനടുക്കം, ബി കെ ജെ എം നേഴ്സിംഗ് സ്കൂൾ, എസ് എച്ച് സ്റ്റുഡൻസ് എല്ലാവർക്കും തലശ്ശേരി അതിരൂപതയുടെ നന്ദി അറിയിക്കുന്നു.

## ഷോർട്ട്ഫിലിം അവാർഡ്

കെ സി വൈ എം, എസ് എം വൈ എം തലശ്ശേരി അതിരൂപത സംഘടിപ്പിച്ച ലഹരി വിരുദ്ധ ഷോട്ട് ഫിലിം മത്സരത്തിൽ പ്രോത്സാഹന സമ്മാനം കരസ്ഥമാക്കിയ കിളിയന്തറ യൂണിറ്റിനും, നേതൃത്വം നല്കിയ റിന്റോ പുലിപ്പറമ്പിൽ, അക്ഷയ് പോൾ കല്ലൂർ, ടിൻസ് കാട്ടൂർ, ജോർജ്ജ് കുന്നപ്പള്ളി എന്നിവർക്കും തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങൾ. എക്സ്പ്ലോറ ക്യാമ്പിൽ വച്ച് സമ്മാനം കൈമാറി.

## ദി റിസൻ 2സ 19

യുവജനങ്ങളെ സ്വന്തം ഇടവകകളിൽ ഒരുമിച്ചുകൂട്ടി യുവജന കൂട്ടായ്മ ശക്തിപ്പെടുത്തുവാനായി ഏപ്രിൽ 20 ന് ദി റിസൻ 2സ19 വളരെ മനോഹരമായി നടത്തിയ എല്ലാ ഡയറക്ടേഴ്സിനും, ആനിമേറ്റേഴ്സിനും, സംഘടനാ ഭാരവാഹികൾക്കും അതിരൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

## യാത്രാമംഗളങ്ങൾ .... ബഹു. സിസ്റ്റർ സെലിൻ ചെല്ലംങ്കോട്ട് എസ്.എച്ച്

സന്യാസത്തിന്റെ മാധുര്യവും സന്തോഷവും ഹൃദയത്തിൽ ഏററുവാങ്ങി തിരുഹൃദയത്തണലിൽ വസിച്ച് കെ സി വൈ എം ആനിമേറ്ററായി കഴിഞ്ഞ നാലുവർഷക്കാലം സ്തുത്യർഹമായ സേവനം കാഴ്ച്ചവച്ച സി.സെലിൻ ചെല്ലംങ്കോട്ടിന് അനുമോദനങ്ങളും പ്രാർഥനകളും കൃതജ്ഞതയുടെ നറുമലരുകളും അർപ്പിക്കുന്നു.

2005 ൽ സി. സെലിൻ ആരംഭിച്ച യുവജന ശുശ്രൂഷ പൂർത്തിയാക്കുമ്പോൾ എടുത്ത് പറയേണ്ട അഭിമാനകരമായ നേട്ടങ്ങൾ ഏറെയാണ്. സംസ്ഥാന കലോൽസവത്തിൽ തലശ്ശേരി അതിരൂപതയെ ഒന്നാം സ്ഥാനത്ത് എത്തിച്ചതും വിവിധ സംസ്ഥാനതല പ്രോഗ്രാമുകൾക്ക് തലശ്ശേരി അതിരൂപത ആതിഥേയത്വം അരുളിയതും നന്ദിയോടെ ഓർക്കുന്നു. സംസ്ഥാന സിൻഡിക്കേറ്റ് എന്ന നിലയിൽ പലവർഷങ്ങളിൽ സി. സെലിൻ നൽകിയ സേവനങ്ങൾ കേരളത്തിലെ എല്ലാ രൂപതകളും ഒരുപോലെ പ്രശംസിച്ചിരുന്നു. കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ കെ സി വൈ എം രൂപതയായി തലശ്ശേരി അതിരൂപതയെ മാറ്റിയതും സെലീനാമ്മയുടെ നിതാന്ത പരിശ്രമത്താലാണ്. വർഷങ്ങളായി തുടരുന്ന സത്യമറിയാൻ എന്ന ടി വി പരമ്പര സെലീനാമ്മയുടെ നേട്ടങ്ങളിൽ ചിലത് മാത്രം. പ്രണയം, മിശ്രവിവാഹം എന്നീ വിഷയങ്ങളെ അതികരിച്ച് പുസ്തകം ഇറക്കിയതും സംവാദങ്ങൾ സംഘടിപ്പിച്ചതും എടുത്ത് പറയേണ്ടവയാണ്. ഓഖി ദുരന്തം സംഭവിച്ചപ്പോഴും പ്രളയം ഉണ്ടായപ്പോഴും യുവജനങ്ങളെ കോർത്തിണക്കി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിൽ സിസ്റ്റർ മുഖ്യ പങ്ക് വഹിച്ചു. യുവജനവർഷത്തിലെ ആർമി പ്രോഗ്രാമുകളും യുവജനവർഷ മഹാസംഗമവും യുവജനവർഷത്തിലെ മറ്റ് പ്രവർത്തനങ്ങളും വിജയകരമാക്കിതീർത്തതിൽ സെലീനാമ്മ വഹിച്ച പങ്ക് പ്രശംസനീയമാണ്. ഓരോ അംഗത്തെയും പേരെടുത്ത് വിളിക്കാനും ആവശ്യങ്ങളിൽ സഹായിക്കാനും പ്രാർത്ഥിക്കാനും സിസ്റ്റർ ശ്രദ്ധിച്ചിരുന്നു.

കെ സി വൈ എം നൗകയെ ധീരതയോടെ നയിക്കുന്ന ഡയറക്ടറച്ചൻമാരോട് ചേർന്ന് ഓഫീസ് സംബന്ധമായ കാര്യങ്ങൾ കൃത്യതയോടെ

നിർവ്വഹിക്കുവാൻ സിസ്റ്റർ ചെയ്ത പരിശ്രമങ്ങൾ ഏറെ പ്രശംസനീയമാണ്. കെസിവൈഎം, എസ്എംവൈഎം പ്രവർത്തനങ്ങളെ സ്നേഹത്തിന്റെ നൂലിഴകൾകൊണ്ട് കൂട്ടിയിണക്കി നാലുവർഷം യുവജന പ്രസ്ഥാനത്തെ വളർച്ചയുടെ പടവുകളിലേക്ക് നയിച്ച സെലീനാമ്മയ്ക്ക് യാത്രാമംഗളങ്ങളും പ്രാർത്ഥശംസകളും.

## ഡയറക്ടറച്ചൻമാർക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും നന്ദി...

കഴിഞ്ഞ വർഷങ്ങളിൽ ആലക്കോട് ഫൊറോനയിലെ യുവജനങ്ങളെ വിജയകരമായി നയിച്ച ബഹു. ഫൊറോന ഡയറക്ടർ ജോയി മഠത്തിമ്യാലിൽ അച്ചനും യുവജനവർഷത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച കാസർഗോഡ് റീജിയന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ബഹു. ജോജോ പൊടിമറ്റത്തിലച്ചനും യുവജനങ്ങളെ സ്നേഹത്തിൽ കോർത്തിണക്കി ബൃഹത്തായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച സിറിളച്ചനും (തളിപ്പറമ്പ് ഫൊറോന ഡയറക്ടർ) റിമൽ ചെമ്പനാനിക്കലച്ചനും തലശ്ശേരി അതിരൂപതയുടെ അകമഴിഞ്ഞ നന്ദിയും പുതിയ ഇടങ്ങളിൽ വിജയാശംസകളും സ്നേഹത്തോടെ നേരുന്നു.

കാലത്തിന്റെ നാൾവഴികളിൽ ദൈവം ഏൽപ്പിച്ച യുവജനസഹോദരങ്ങളെ ഡയറക്ടറച്ചൻമാരോട് ചേർന്ന് കരുതലോടെ നയിച്ച് സഭയുടെയും സമൂഹത്തിന്റെയും പ്രതീക്ഷയായ അവരെ സാന്നിധ്യവും പ്രോത്സാഹനവും പ്രാർത്ഥനയും നൽകി വളത്തിയ പ്രിയപ്പെട്ട ആനിമേറ്റേഴ്സിന് ഹൃദയം നിറഞ്ഞ നന്ദി.

## അഭിനന്ദനങ്ങൾ....

എസ് എം വൈ എം കേരള റീജിയൻ പ്രഥമ ഡെപ്യൂട്ടി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ.ജിതിൻ മുടപ്പാലയക്ക് തലശ്ശേരി അതിരൂപത കെ സി വൈ എം, എസ് എം വൈ എം കുടുംബത്തിന്റ അഭിനന്ദനങ്ങൾ. യുവജനവർഷത്തിൽ അതിരൂപതയിലെ യുവജനപ്രസ്ഥാനത്തെ ധീരമായി നയിച്ച ജിതിന്റെ അനുഭവസമ്പത്ത് മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരട്ടെ.

## യുവജനപ്രസ്ഥാനത്തിന് പുതിയ ആനിമേറ്റർ സിസ്റ്റർ

കെ സി വൈ എം, എസ് എം വൈ എം അതിരൂപത ആനിമേറ്ററായി ഉത്തരവാദിത്തം ഏറ്റെടുത്ത സി. പ്രീതി മരിയ സി എം സി ക്ക് പുതിയ കർമ്മരംഗത്ത് എല്ലാവിധ നൻമകളും പ്രാർത്ഥനകളും ആശംസിക്കുന്നു.

**“Go MAD” - Make A Difference**

സ്നേഹപൂർവ്വം,

**ഫാ. സോണി സ്കറിയ വടശ്ശേരിൽ**
യുവജനപ്രേഷിതത്വം, ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

പങ്കുവച്ചു നൽകുന്ന കരുണയുടെയും ശാന്തതയുടെയും എളിമയുടെയും ഉറവിടമാണ് ഈശോയുടെ തിരുഹൃദയം. ഈശോയുടെ തിരുഹൃദയം നമുക്കു പകർന്നു നൽകുന്ന സ്നേഹത്തിന്റെ പാഠമാണിത്. അവസാനത്തെ തുള്ളി രക്തവും നമുക്കുവേണ്ടി നൽകിക്കൊണ്ട് അവിടുന്നത് വ്യക്തമാക്കി. ലോകത്തിലാരും ഇന്നേവരെ നൽകിയിട്ടില്ലാത്ത വലിയ പാഠമാണത്. അവിടുത്തെ ദിവ്യമാതൃക സ്വന്തമാക്കിക്കൊണ്ട് നമുക്കും പ്രാർത്ഥിക്കാം. ഈശോയെ എന്റെ ഹൃദയവും അങ്ങയുടെ ഹൃദയത്തിനനുയോജ്യമാക്കണമെ.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

847, 848, 849 എം.പി.സി കോഴ്സ് ഏപ്രിൽ 24-26, മെയ് 7-9, മെയ് 21-23 എന്നീ തീയ്യതികളിൽ തലശ്ശേരി സന്ദേശഭവൻ, പടന്നക്കാട് ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ എന്നീ സ്ഥലങ്ങളിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 198 ആൺകുട്ടികളും, 216 പെൺകുട്ടികളും ഉൾപ്പെടെ 414 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ക്ലാസിൽ 425 പേർ സംബന്ധിച്ചു. ആവശ്യമുള്ളവർക്കുവേണ്ടി പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| JUNE | 25 - 27 | 11 - 13 | Nil |
| JULY | 9 – 11 | Nil | 23 - 25 |
| AUGUST | 6 – 8, 27 – 29 | Nil | Nil |
| SEPTEMBER | 24 – 26 | 17 – 19 | Nil |
| OCTOBER | 15 – 17 | Nil | 29 - 31 |
| NOVEMBER | 5 – 7 | 12 – 14 | 26 - 28 |
| DECEMBER | 10 - 12 | 17-19 | Nil |

## പ്രത്യേക ശ്രദ്ധയ്ക്ക്:-

1. കെ.സി.ബി.സി ഫാമിലി കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം എം.പി.സി യുടെ സമാപനദിനം ഉച്ചയ്ക്ക് 2 മണി മുതൽ 4 മണി വരെ കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കു വേണ്ടി ക്ലാസ് ഉണ്ടായിരിക്കും. കോഴ്സ് സർട്ടിഫിക്കറ്റ് മാതാപിതാക്കളുടെ കൈയ്യിലാണ് നൽകുക. **മാതാപിതാക്കൾ നിർബന്ധമായും ഈ ക്ലാസിൽ പങ്കെടുക്കേണ്ടതാണ്. മാതാപിതാക്കൾ രണ്ടുപേരും ഈ ക്ലാസിൽ സംബന്ധിക്കാൻ സാധിക്കാത്ത ഗൗരവമായ കാരണങ്ങൾ ഉണ്ടെങ്കിൽ വികാരിയച്ചന്മാരുടെ കത്തിൽ അക്കാര്യം സൂചിപ്പിക്കുകയോ വികാരിയച്ചന്മാർ നേരിൽ വിളിച്ചറിയിക്കുകയോ ചെയ്യേണ്ടതാണ്.** ഇക്കാര്യം വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.
- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt ന്റെ Screen shot അയച്ചുതരിക/Bank Transfer Receipt സൈറ്റിൽ അപ്പ്ലോഡ് ചെയ്യുക.
- Mobile transaction നടത്തുന്നവർ Payment ന്റെ Screen shot അയച്ചുതരിക. **വാട്ട്സ് ആപ്പ് നമ്പർ : 9400206974**
- നേരിട്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ സ്ലിപ്പ് നൽകുന്നതായിരിക്കും. കോഴ്സിന് പങ്കെടുക്കുവാൻ വരുമ്പോൾ രജിസ്ട്രേഷൻ നടത്തിയതിന്റെ രേഖയും ബാക്കി 500 രൂപയും കൊണ്ടുവരിക.

**Family Apostolate, Contact Number: 0490 2343414, Mob: 9400206974**
**Account Details :**
**Name : Director Family Apostolate**
**A/c No : 0078053000073775**
**IFSC Code: SIBL0000078**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ

വിവാഹവേദിയിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്തുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ബ്യൂറോ പ്രവർത്തിച്ചു വരുന്നു. ഇന്നിത് സീറോ മലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്ത് വളരെ വിപുലമായ രീതിയിൽ പ്രവർത്തിച്ച് വരുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. **www.anugraha marry. com** ഓൺലൈൻ രജിസ്ട്രേഷൻ അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

## III. മാതൃവേദി

### 1. വി. ജാന്ന ബെറാത്ത അനുസ്മരണം അതിരൂപതാതല ആചരണം ചെമ്പന്തൊട്ടി മേഖല

2019 ഏപ്രിൽ 28-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ വി.ജാന്നബെറാത്ത അനുസ്മരണം ചെമ്പന്തൊട്ടി പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. മാതൃവേദി ചെമ്പന്തൊട്ടി മേഖലാ ഡയറക്ടർ ഫാ.ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. റീജന്റ് ബ്രദർ ജിസ്സ് മാത്യു, സി.ലീന റോസ് സി.എസ്.എൻ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. തുടർന്ന് ചെമ്പന്തൊട്ടി യൂണിറ്റ് വി.ജാന്ന ബെറാത്തയുടെ ജീവചരിത്രം സ്കിറ്റായി അവതരിപ്പിച്ചു. ശേഷം മാതൃവേദി രൂപതാ ആനിമേറ്റർ സി.ജീസ് മാത്യു സി.എച്ച്.എഫ് ജീവന്റെ മൂല്യത്തെക്കുറിച്ച് ക്ലാസ് നൽകി. മേഖല പ്രസിഡണ്ട് ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് ഏവർക്കും നന്ദിയർപ്പിച്ചു. ജാന്ന ബെറാത്ത അനുസ്മരണം നല്ല രീതിയിൽ സംഘടിപ്പിച്ച ചെമ്പന്തൊട്ടി മേഖലാ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡണ്ട്, ഭാരവാഹികൾ, മാതൃവേദി അംഗങ്ങൾ എന്നിവർക്കും അഭിനന്ദനങ്ങൾ.

### 2. ജ്വാല – വായാട്ടുപറമ്പ്

2019 മെയ് 4-ാം തീയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ വായാട്ടുപറമ്പ് മേഖലയുടെ ജ്വാല പ്രോഗ്രാം കരുണാപുരം സെന്റ് ജൂഡ് പള്ളിയിൽ വച്ച് നടന്നു. വായാട്ടുപറമ്പ് മേഖലാ ആനിമേറ്റർ സി.ലിസ്ന എസ്.എച്ച് സ്വാഗതം ആശംസിച്ചു. വായാട്ടുപറമ്പ് മേഖലാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി ലീലാമ്മ പുത്തൻപുര അദ്ധ്യക്ഷത വഹിക്കുകയും മാതൃവേദി ഫൊറോന ഡയറക്ടർ ഫാ.ജിയോ പുളിക്കൽ അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ചടങ്ങിൽ റീജന്റ് ബ്രദർ ജിസ്സ് മാത്യു ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. വായാട്ടുപറമ്പ് മേഖലാ സെക്രട്ടറി ശ്രീമതി തങ്കമ്മ കാഞ്ഞിരവിള റിപ്പോർട്ടും മേഖലാ ട്രഷറർ ശ്രീമതി മേരി കുരുവിനാപകുതിയിൽ കണക്കും അവതരിപ്പിച്ചു. ശ്രീമതി ഷേർളി ചിറക്കലകത്ത് ഏവർക്കും നന്ദി അർപ്പിച്ചു. തുടർന്ന് ശ്രീ. രാധാകൃഷ്ണൻ എസ്.ഐ സൈബർ സുരക്ഷയെക്കുറിച്ചുള്ള ക്ലാസ്സ് നയിച്ചു. ജ്വാല പ്രോഗ്രാം മനോഹരമായി സംഘടിപ്പിച്ച വായാട്ടുപറമ്പ് മേഖലാ മാതൃവേദിയെ അഭിനന്ദിക്കുന്നു.

### 3. ജ്വാല – വെള്ളരിക്കുണ്ട് – ഹരിതം 2019 അതിരൂപതാതല ഉദ്ഘാടനം

2019 പ്രവർത്തനവർഷത്തെ ജ്വാല പരിപാടി വെള്ളരിക്കുണ്ട് മേഖലയ്ക്കുവേണ്ടി ജൂൺ 22 ന് നടത്തപ്പെടുന്നു. കൊടിയേറ്റ്, പൊതുസമ്മേളനം,

ക്ലാസ്, കലാപരിപാടികൾ എന്നിവ ഉൾക്കൊള്ളുന്ന ജ്വാലയുടെ ക്രമീകരണത്തെക്കുറിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. റെക്കോർഡ്സ്, യൂണിറ്റ് രജിസ്ട്രേഷൻ ഫോം, മിനിട്ട്സ് ബുക്ക്, അക്കൗണ്ട് ബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഭാരവാഹികളും കൂടാതെ 5 മാതൃവേദി അംഗങ്ങളും പങ്കെടുക്കണം.

## 3. തൂവാനീസ : - നിയോഗം

കെ.എസ്.ടി യുടെ കീഴിൽ പ്രവർത്തിക്കുന്ന തൂവാനീസ (ഭാഗ്യവതി) മിനിസ്ട്രിയോട് സഹകരിച്ച് മാതൃവേദി അംഗങ്ങളും ചെയിൻ റോസറി നടത്തി സഭയുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കണമെന്ന് അഭിവന്ദ്യപിതാക്കന്മാർ ആഗ്രഹിക്കുന്നു. വെഞ്ചരിച്ച ജപമാലകൾ കൈമാറി തുടർച്ചയായി നടത്തുന്ന ജപമാലകൾ മാതൃവേദി അംഗങ്ങളുടെ പ്രാർത്ഥനാചൈതന്യം പോഷിപ്പിക്കുവാൻ സഹായകമാണ്. ഈ മാസത്തെ ജപമാലയിൽ നമുക്ക് ജയിൽ നിവാസികൾക്കുവേണ്ടി പ്രാർത്ഥിക്കാം.

## 4. അതിരൂപതാ അർദ്ധവാർഷിക ജനറൽബോഡി മീറ്റിംഗ് - തളിപ്പറമ്പ്

ജൂൺ 29 ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് മാതൃവേദി ജനറൽബോഡി മീറ്റിംഗ് നടത്തപ്പെടുന്നു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികളും 16 ഫൊറോനകളിൽ നിന്നുള്ള ആനിമേറ്റേഴ്സും, മേഖലാ ഭാരവാഹികളും, യൂണിറ്റിൽ നിന്ന് ഒരു പ്രതിനിധിയും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഏതെങ്കിലും കാരണത്താൽ പങ്കുചേരാൻ സാധിക്കാത്തവർ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ വിളിച്ച് വിവരം മുൻകൂട്ടി അറിയിക്കേണ്ടതാണ്.

## 5. മാതൃവേദി അന്തർദേശീയ സമ്മേളനം

സീറോമലബാർ മാതൃവേദി അന്തർദേശീയ സമ്മേളനത്തിന് ഈ വർഷത്തെ ആതിഥ്യം തലശ്ശേരിരൂപത ഏറ്റെടുത്തിരിക്കുകയാണ്. സീറോ മലബാർ സഭയുടെ എല്ലാ രൂപതകളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കുന്ന രണ്ടുദിവസത്തെ പരിപാടിയിലേക്ക് മാതൃവേദി മേഖലാ പ്രസിഡണ്ടുമാർ, ഡയറക്ടർമാർ, ആനിമേറ്റർമാർ എന്നിവരെയും ക്ഷണിക്കുന്നു. അതിരൂപതാ എക്സിക്യൂട്ടീവിന്റെ തീരുമാനപ്രകാരം ഇതിന്റെ ചിലവിലേക്കായി ഒരുയൂണിറ്റിൽനിന്ന് 250 രൂപ വീതം നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ജൂൺ മാസത്തിനുള്ളിൽ എല്ലാ യൂണിറ്റുകളും ഈ തുക നൽകി സഹകരിക്കുമല്ലോ.

## 6. സഖറിയാസ് കൺവെൻഷൻ

60 വയസ്സിനു മുകളിൽ പ്രായമുള്ള ദമ്പതികൾക്കുവേണ്ടി ഫാമിലി അപ്പസ്റ്റോലേറ്റ് മലബാർ ക്രിസ്റ്റീൻ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്ന ധ്യാനം. ചെമ്പേരി ഫൊറോനയ്ക്കുവേണ്ടി ജൂൺ 18,19,20 തീയതികളിലും,

ആലക്കോട് ഫൊറോനയ്ക്കുവേണ്ടി ജൂൺ 26,27, 28 തീയതികളിലും നടക്കുന്നതാണ്. ദമ്പതികളെ കണ്ടെത്തുന്നതിനും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനും മാതൃവേദി അംഗങ്ങൾ സഹകരിക്കുക.

## IV. പ്രോലൈഫ്

### 1) ചലനം 2019 - ഫോളോഅപ്പ് മീറ്റിംഗ് - തളിപ്പറമ്പ്

ചലനം പ്രോലൈഫ് ട്രെയിനിംഗ് പരിപാടിയുടെ തുടർപരിപാടികൾ ചർച്ചചെയ്യാൻ നടത്തിയ മീറ്റിംഗിൽ ബഹു. അബ്രാഹം പോണാട്ട്, ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, സി. സ്റ്റെല്ല എം.എസ്.എം.ഐ എന്നിവർ സംസാരിച്ചു. തുടർപരിപാടികളെപ്പറ്റി ചർച്ച നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു.

### 2). ഒന്നാകാൻ - മലബാർ മേഖല വിവാഹാർത്ഥികളുടെ സംഗമം

കെ.സി.ബി.സി മലബാർ മേഖല പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വിവാഹാർത്ഥികളുടെ ഒരു സംഗമം നടത്തപ്പെടുന്നു. മലബാറിലെ മൂന്നു റീത്തുകളിൽപ്പെട്ട 7 രൂപതകളിൽനിന്നുള്ളവരാണ് പങ്കെടുക്കുന്നത്. 25 വയസ്സിന് മുകളിലുള്ള പെൺകുട്ടികൾക്കും 30 വയസ്സിനു മുകളിലുള്ള ആൺകുട്ടികൾക്കും 50 വയസ്സിനു താഴെയുള്ള വിധവകൾക്കും വിഭാര്യർക്കും പങ്കെടുക്കാം. സംഗമം നടക്കുന്നത് 2019 സെപ്റ്റംബർ 12, 13 തീയ്യതികളിൽ കോഴിക്കോട് ചേവായൂർ പ്രസന്റേഷൻ സ്കൂൾ ഓഡിറ്റോറിയത്തിലായിരിക്കും. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ. ഇടവകകളിൽ പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫീസ് 200 രൂപ (മാതാപിതാക്കൾക്കൊപ്പം സംഗമത്തിനു വരുന്നവർ ഒരാൾക്ക് 100 രൂപ വീതം) വെബ്സൈറ്റ് വഴി സംഗമത്തിനുശേഷവും ബന്ധപ്പെടാനും വിവരങ്ങൾ കൈമാറാനും അവസരം ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ജൂൺ 1 ന് ആരംഭിച്ച് ആഗസ്റ്റ് 31 ന് അവസാനിക്കുന്നു. രജിസ്ട്രേഷൻ നടത്തുന്നതിന് വികാരിയച്ചന്മാർ മുൻകൈ എടുക്കണമെന്നഭ്യർത്ഥിക്കുന്നു. നോട്ടീസുകളും രജിസ്ട്രേഷൻ ഫോമുകളും മാതൃവേദി അംഗങ്ങൾ ഇടവകകളിൽ എത്തിക്കുന്നതായിരിക്കും.

## V. നന്ദി

കഴിഞ്ഞ ഒൻപത് മാസക്കാലമായി ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ റീജന്റ് ബ്രദറായി നിസ്വാർത്ഥമായി സേവനമനുഷ്ഠിച്ച ബ്രദർ സച്ചിൻ കരക്കൊഴുപ്പിലിന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബത്തിന്റെ ഹൃദയപൂർവ്വകമായ നന്ദി. തുടർപരിശീലനത്തിന് കോട്ടയം സെമിനാരിയിലേക്ക് പോകുന്ന ബ്രദറിന് എല്ലാവിധ പ്രാർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.

## VI. സ്വാഗതം

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ പുതിയ റീജന്റ് ബ്രദറായി കടന്നുവന്നിരിക്കുന്ന ബ്രദർ ജിസ്സ് കരിങ്ങാലിക്കാട്ടിലിന് ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബാംഗങ്ങൾ സ്വാഗതം ആശംസിക്കുന്നു.

## VII. ഹൃദയം നിറഞ്ഞ നന്ദി

വിവിധ ഫൊറോനകളിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ, ആനിമേറ്റർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ പ്രവർത്തന മേഖലകളിലേക്ക് സ്ഥലം മാറിപ്പോകുന്ന ഫാ. ജേക്കബ് കുറ്റിക്കാട്ടുകുന്നേൽ, ഫാ.ജോസഫ് കോയിപ്പുറം, ഫാ.ഫ്രാൻസിസ് റാത്തപ്പള്ളി, ഫാ.ജോസഫ് തൈക്കുന്നുംപുറം, ഫാ.മാത്യു വളവനാൽ, ഫാ.ചാക്കോ കുടിപ്പറമ്പിൽ, സി. കാതറിൻ എൻ.എസ്, സി. ലീന റോസ് സി.എസ്.എൻ, സി. ലിറ്റിൽ ഫ്ളവർ എൻ.എസ്, സി.ഡയാന എൻ.എസ്, സി.ജോസി ജോസ് എസ്.ഡി, സി.ഫിൽസി എസ്.എ.ബി.എസ്, സി.ആലീസ് എസ്.എച്ച്, സി. ബെൻസി സി.എം.സി, സി.പൗളിൻ എസ്.എ.ബി.എസ്, സി.എൽസി ജെയിംസ് എസ്.എച്ച്, സി. ലിസ്ന എസ്.എച്ച് എന്നിവർക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദയപൂർവ്വകമായ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

## VIII. യാത്രാമംഗളങ്ങൾ

കഴിഞ്ഞ ഒരു വർഷക്കാലം അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്ററായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ചതിനുശേഷം പാലക്കാട് രൂപതാ കൊല്ലംകോട് കോൺവെന്റിലേക്ക് സ്ഥലം മാറിപോകുന്ന സ്നേഹം നിറഞ്ഞ സി.ജീസ് മാത്യുവിന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പുതിയ സ്ഥലത്ത് എല്ലാവിധ പ്രാർത്ഥനാ മംഗളങ്ങളും നേരുന്നു.

## IX. ഹൃദ്യമായ സ്വാഗതം

ഫാമിലി അപ്പസ്റ്റൊലേറ്റ് ആനിമേറ്റർ സ്ഥാനത്തേക്ക് പുതിയതായി ചാർജെടുക്കുന്ന സി. പോളിൻ സി.എച്ച്.എഫ്.ന് ഹൃദ്യമായ സ്വാഗതം നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

***ഫോൺ : 8281750777 , 8281730777***

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ ഈ മധ്യവേനല വധിക്കാലത്തു വിവിധ പരിശീലനങ്ങൾ വിവിധ സ്ഥലങ്ങളിൽവച്ചു വിജയ കരമായി നടത്തപ്പെട്ടു. ഇതുമായി സഹകരിച്ച എല്ലാ ബഹു. അച്ചൻമാരെയും അധ്യാപകരേയും വിദ്യാർത്ഥികളേയും സ്നേഹത്തോടെ ഓർക്കുന്നു. പുതിയ കോഴ്സുകൾ പുതിയ അധ്യയന വർഷത്തിൽ അക്കാഡമിയിൽ ആരംഭിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു.

## IELTS പരിശീലനം

ഇംഗ്ലീഷ് ഭാഷ ലോക ഭാഷയായി മാറിയ ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾക്ക് വിവിധ കോഴ്സുകളിൽ അഡ്മിഷൻ നേടുവാനും വിജയിക്കു വാനും വിവിധ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കും IELTS, OET തുട ങ്ങിയ സർട്ടിഫിക്കറ്റുകൾ അത്യന്താപേഷിതമാണ്. നമ്മുടെ കുട്ടികൾക്ക് നല്ല പരിശീലനം നൽകി വിജയികളാക്കുവാൻ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരി മാതാ സെന്റർ കേന്ദ്രീകരിച്ച് IELTS പരിശീ ലനം ആരംഭിച്ചിരിക്കുന്നു. കോഴ്സ് ഫീസ് രണ്ട് മാസത്തേക്ക് 10000 രൂപയും + ഹോസ്റ്റൽ ഫീസും ആണ് നിശ്ചയിച്ചിരിക്കുന്നത്. വിജയികൾക്ക് U Kയിൽ നേഴ്സിംഗ് സംബന്ധമായ ജോലികൾക്ക് പ്രത്യേക സഹായസഹകരണ ങ്ങൾ സൗജന്യമായി സാൻജോസ് അക്കാഡമി നൽകുന്നതാണ്. അടുത്ത ബാച്ച് ജൂൺ 3 ന് ആരംഭിക്കുന്നതാണ്. അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്. കേരള ത്തിലെ പ്രമുഖ അദ്ധ്യാപകർ കോഴ്സുകൾക്ക് നേതൃത്വം നൽകുന്നതാണ്.

## I. NEET/JEE/KEAM Crash Coaching

ഒരു മാസത്തോളം നീണ്ടുനിന്ന മെഡിക്കൽ - എഞ്ചിനീയറിംഗ് പരീ ക്ഷകളുടെ പരിശീലനം ആലക്കോട്, കുന്നോത്ത് എന്നിവിടങ്ങളിൽവച്ച് വിജ യകരമായി പൂർത്തിയാക്കപ്പെട്ടു. നൂറോളം കുട്ടികൾ രണ്ടു സെന്ററുകളിലു മായി പരിശീലനത്തിൽ ഏർപ്പെട്ടു. വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകുവാൻ സാധിച്ചിട്ടുണ്ട്. കുട്ടികളെ പറഞ്ഞയച്ച മാതാപിതാക്കൾക്കും പരിശീലനത്തിലേർപ്പെട്ട കുഞ്ഞുമക്കൾക്കും അവരെ പരിശീലിപ്പിച്ച അദ്ധ്യാ പകർക്കും നന്ദി അറിയിക്കുന്നു.

## II. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K - TET നലാം ബാച്ചിന്റെ പരിശീലനം പൂർത്തിയായി. ഓഗസ്റ്റ് മാസത്തിൽ അടുത്ത ബാച്ച് ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. പുതിയ ബാച്ചിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## III. Bridge +1

എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായി രണ്ട് വർഷം നീണ്ടുനിൽക്കുന്ന പരീശീലന ക്യാമ്പുകൾ രൂപതയുടെ 2 കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെടുകയാണ്. ഒന്നാം വർഷ പ്ലസ്ടു വിദ്യാർത്ഥികൾക്ക് ഈ മാസം ആദ്യം ക്ലാസ്സുകൾ തുടങ്ങികഴിഞ്ഞിരിക്കുന്നു. കുന്നോത്ത്, ആലക്കോട് എന്നിവിടങ്ങളിലാണ് കേന്ദ്രങ്ങൾ. പ്ലസ് വൺ സയൻസ് ഗ്രൂപ്പിൽ അഡ്മിഷൻ എടുത്ത കുട്ടികൾക്ക് ഇപ്പോൾ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സുകൾക്ക് രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതാണ്. വലിയ അവധിക്കാലങ്ങളിലും, പ്രധാന അവധി ദിവസങ്ങളിലും ശനിയാഴ്ച ദിവസങ്ങളിലുമാണ് ക്ലാസ്സുകൾ നടത്തപ്പെടുക.

## IV. Bridge +2

ഇക്കഴിഞ്ഞ വർഷത്തിൽ ആരംഭിച്ച എൻട്രൻസ് പരിശീലനങ്ങളുടെ തുടര്ച്ചയായി പ്ലസ്ടു പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്കായുള്ള എൻട്രൻസ് രണ്ടാം വർഷ പരിശീലനം കുന്നോത്ത് ഹയർസെക്കൻഡറി സ്ക്കൂളിൽവച്ചു നടന്നുവരുന്നു. രണ്ടാം വർഷ പരിശീലനത്തിൽ പുതുതായി അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സാൻജോസ് അക്കാഡമി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## V. PSC Coaching

കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C. , U.P.S.C. പരീക്ഷകൾ. ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷാഘടനയാണ് ഇതിനുള്ളത് നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന ഈ പരിശീലന പദ്ധതി കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. അടുത്ത ബാച്ച് ജൂൺ മാസത്തോടുകൂടി പൈസക്കരി ദേവമാതാ കോളേജ്, ആലക്കോട് മേരിമാതാ കോളേജിലുമായി ഡിഗ്രി കോഴ്സുകളോടൊപ്പം ആരംഭിക്കുന്നു. അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

## VI. NET Exam Crash Coaching

ജൂൺ മാസത്തിൽ നടക്കാനിരിക്കുന്ന നെറ്റ് പരീക്ഷയക്ക് ഒരുക്കമായുള്ള ക്രാഷ് കോച്ചിങ് ക്യാമ്പ് മെയ് 15 മുതൽ 25 വരെ ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. വിവിധ യൂണിവേഴ്സിറ്റികളിലെ പ്രഗല്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പുർത്തിയാക്കിയവർക്കും കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാ പരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടിയുള്ള അടുത്ത ക്യാമ്പ് ഓഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്.

## VII. THE LEADER

വിദ്യാർത്ഥികളുടെ വ്യക്തിത്വവികസനം ലക്ഷ്യമാക്കികൊണ്ട് നടത്തപ്പെടുന്ന ദി ലീഡർ പ്രോഗ്രാം ഈ വർഷവും നടത്തപ്പെട്ടു. നമ്മുടെ അതിരൂപതയിലെ മതബോധന വിദ്യാർത്ഥികളും ചെറുപുഷ്പ മിഷൻ ലീഗ് പ്രവർത്തകരുമടക്കം 120-തോളം കുട്ടികൾ പങ്കെടുത്തു. ആറാം ക്ലാസ് മുതൽ പത്താം ക്ലാസ്സ്വരെ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടിയാണ് ഈ ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നത്. അതിരൂപതയുടെ പരിശീലന കേന്ദ്രങ്ങളായ സന്ദേശഭവൻ, പടന്നക്കാട് പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിലാണ് ചെറുപുഷ്പ മിഷൻ ലീഗിനോട് സഹകരിച്ചുകൊണ്ടുള്ള ഈ ക്യാമ്പുകൾ നടത്തപ്പെട്ടത്. കുട്ടികളെ പറഞ്ഞയച്ച ബഹു. വൈദികർക്കും ബഹു. സിസ്റ്റേഴ്സിനും മാതാപിതാക്കൾക്കും പരിശീലനത്തിലേർപ്പെട്ട കുഞ്ഞുമക്കൾക്കും അവരെ പരിശീലിപ്പിച്ച അദ്ധ്യാപകർക്കും നന്ദി അറിയിക്കുന്നു.

## VIII. ഉപരിപഠന സഹായങ്ങൾ

+2 കഴിഞ്ഞ വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളെ സംബന്ധിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചും ഏറെ സംശയങ്ങൾ ഉണ്ടാകാറുണ്ട്. വിദേശ രാജ്യങ്ങളിലും കേരളത്തിന് അകത്തും പുറത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ ആഗ്രഹിക്കുന്നവർക്ക് സാൻജോസ് അക്കാഡമി സഹായസഹകരണങ്ങൾ നൽകാറുണ്ട്. ആവശ്യമുള്ളവർക്ക് സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടാവുന്നതാണ്.

## IX. ജോലി ഒഴിവ്

സാൻജോസ് അക്കാഡമിയുടെ വിവിധ പരിശീലനകേന്ദ്രങ്ങളിലേക്ക് കെമിസ്ട്രി, ഫിസിക്സ്, കണക്ക്, സുവോളജി, ബോട്ടണി എന്നീ വിഷയങ്ങളിൽ പി.ജി കഴിഞ്ഞ അധ്യാപകരെ ദിവസവേതനത്തിൽ നിയമിക്കുന്നതാണ്. ഈ വിഷയങ്ങളിൽ മികച്ച എൻട്രൻസ് കോച്ചിംങ് നൽകാൻ പ്രാഗല്ഭ്യമുള്ള അധ്യാപകരെയാണ് അക്കാഡമി പ്രതീക്ഷിക്കുന്നത്. നമ്മുടെ ഇടവകകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിൽ ബഹു.വികാരിയച്ചന്മാർ ഈ വിവരം പള്ളികളിൽ അറിയിക്കുമല്ലോ. അതോടൊപ്പം പി.എസ്.സി കോച്ചിംഗിന്റെ ഭാഗമായുള്ള വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുക്കാൻ

യോഗ്യരായ അധ്യാപകരെയും അക്കാഡമിയിലേക്ക് ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. നമ്മുടെ കോർപ്പറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന അധ്യാപക-ഉദ്യോഗാർത്ഥികളായ സഹോദരങ്ങൾക്ക് ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

വിവിധ സ്ഥാപനങ്ങളും കമ്പനികളും അവരുടെ വിവിധ കേന്ദ്രങ്ങളിൽ വരുന്ന ഒഴിവുകൾ സാൻജോസ് അക്കാഡമിയിൽ അറിയിക്കാറുണ്ട്. നമ്മുടെ ഇടവകകളിൽപ്പെടുന്ന അഭ്യസ്ഥവിദ്യരായ ആളുകൾക്ക് സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടുകയാണെങ്കിൽ ഇത്തരം ജോലി ഒഴിവുകളെ സംബന്ധിച്ചുള്ള അറിവുകൾ കൈമാറുന്നതാണ്.

## X. വിജയവീഥി ഉപരിപഠന വഴികാട്ടി

സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സ്, പ്ലസ് ടു പഠിക്കുന്ന കുട്ടികൾക്ക് പഠനശേഷം തെരെഞ്ഞെടുക്കാവുന്ന വിവിധ കോഴ്സുകളെസംബന്ധിച്ചും പരീക്ഷകളെസംബന്ധിച്ചും വിശദമായി പ്രതിപാദിക്കുന്ന 'വിജയവീഥി ഉപരിപഠന വഴികാട്ടി' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ വിവിധ പരീക്ഷകൾ എഴുതി പുതിയ കോഴ്സുകൾക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് ഇത് ഒരു നല്ല വഴികാട്ടിയായ പുസ്തകമായിരിക്കും. എല്ലാ ഹൈസ്കൂളുകളിലെയും ഹയർസെക്കണ്ടറിയിലെയും കുട്ടികൾക്ക് ഇത് ഉപകാരപ്രദമാവട്ടെ എന്ന് ആശംസിക്കുന്നു.പുസ്തക വില 100 രൂപ. കൂടുതൽ കോപ്പികളെടുക്കുന്നവര്ക്ക് പ്രത്യേക ഡിസ്കൗണ്ട് നൽകുന്നതാണ്.

## അഭിനന്ദനങ്ങൾ!!!

ഈ വർഷത്തെ SSLC, +2 പരീക്ഷകളിൽ മികച്ച വിജയം കൈവരിച്ച നമ്മുടെ അതിരൂപതയ്ക്കകത്തും പുറത്തുമുള്ള എല്ലാ വിദ്യാർത്ഥികളേയും പ്രത്യേകം അഭിനന്ദിക്കുന്നു.

സാൻജോസ് അക്കാഡമിയുടെ എൻട്രൻസ് ക്രാഷ് കോഴ്സ് പരിശീലനത്തിൽ ഏർപ്പെട്ട വിദ്യാർത്ഥികളിൽ ഏറെപ്പേർ വിവിധ എൻട്രൻസ് പരീക്ഷകളിൽ മികച്ച വിജയം കൈവരിച്ചിട്ടുണ്ട്. എല്ലാവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

## ഹൃദയപൂർവ്വം

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായസഹകരണങ്ങൾ നല്കിയ ഏവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് ........

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

*കത്തോലിക്കാ കോൺഗ്രസ്സിന്റെ ഓഫീസിൽനിന്ന് ആശംസകൾ!*

കത്തോലിക്ക കോൺഗ്രസ്സിന്റെ അതിരൂപത ഭാരവാഹികളുടെ യോഗം 10.5.2019ന് തളിപ്പറമ്പിൽ വെച്ചും അതിരൂപത എക്സിക്യൂട്ടീവ് 16.05.2019ന് ആലക്കോട് പാരീഷ് ഹോളിലും ചേരുകയുണ്ടായി. സംഘടനയെ ശക്തിപ്പെടുത്തുന്നതിനായി താഴെപറയുന്ന തീരുമാനങ്ങൾ എടുത്തു.

1. ജൂൺമാസത്തിൽ ഓരോ ഇടവകയിലും കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ നിന്നുള്ള കത്തോലിക്ക കോൺഗ്രസ്സിന്റെ പ്രതിനിധികളെ വിളിച്ച് ചേർക്കണം. നിലവിലുള്ള യൂണിറ്റ് ഭാരവാഹികളും അംഗങ്ങളും കുടുംബകൂട്ടായ്മയിൽ നിന്നുള്ള പ്രതിനിധികളും ഒത്തുചേരുന്ന യൂണിറ്റ് സമ്മേളനം ജൂൺമാസത്തിൽ തന്നെ എല്ലാ ഇടവകയിലും വിളിച്ച് ചേർക്കണം. ആവശ്യമെങ്കിൽ യൂണിറ്റ് പുനഃസംഘടിപ്പിക്കുകയും പുതിയ ഭാരവാഹികളെ നിശ്ചയിക്കുകയും ചെയ്യുക. ഓരോ രൂപതാഭാരവാഹികൾക്കും ഓരോ ഫൊറോന നിശ്ചയിച്ച് കൊടുത്തിട്ടുണ്ട്.

| | |
|---|---|
| ദേവസ്യ കൊങ്ങോല | - നെല്ലിക്കാംപൊയിൽ |
| ബെന്നി പുതിയാംപുറം | - കുന്നോത്ത് |
| അഡ്വ. ടോണി പുഞ്ചക്കുന്നേൽ | - ചെറുപുഴ |
| ജോണി തോമസ് വടക്കേക്കര | - എടൂർ |
| പീയൂസ് പറേടം | - പനത്തടി |
| ബേബി നെട്ടനാനി | - ആലക്കോട് |
| സിസിലി പുഷ്പകുന്നേൽ | - ചെമ്പൻതൊട്ടി |
| കുഞ്ഞമ്മ തോമസ് തോണിക്കുഴി | - വായാട്ടുപറമ്പ |
| ഡേവിസ് ആലങ്ങാടൻ | - പൈസക്കരി |
| സുരേഷ് ജോർജ് കാഞ്ഞിരത്തുങ്കൽ | - ചെമ്പേരി |
| തോമസ് മാണി കളപ്പുര | - വെള്ളരിക്കുണ്ട് |
| വർഗീസ് പള്ളിച്ചിറ | - തളിപ്പറമ്പ് |
| ഫിലിപ്പ് മാത്യു വെളിയത്ത് | - തോമാപുരം |
| ജോർജ് വടകര | - കാഞ്ഞങ്ങാട് |
| അഡ്വ. ബിനോയി തോമസ് | - മേരിഗിരി |
| ചാക്കോച്ചൻ കാരാമയിൽ | - കുന്നോത്ത് |

1. ഇവർ ഫൊറോന ഡയറക്ടർമാരോട് ആലോചിച്ച് ഓരോ ഇടവകയിലും സന്ദർശനം നടത്തുവാൻ തിയ്യതികൾ നിശ്ചയിക്കുന്നതാണ്. ജൂൺമാസം യൂണിറ്റ് പുനഃസംഘടന മാസമായി തീവ്രയജ്ഞം നടത്തണം.

2. ജൂലൈ 3 സഭാദിനമായി ആചരിക്കണം. പതാക ഉയർത്തണം. അന്ന് പുതിയ സഭാംഗങ്ങളെ ചേർക്കണം. ജൂലൈ മാസത്തിൽ ഫൊറോന സമ്മേളനങ്ങൾ സംഘടിപ്പിക്കണം. ആവശ്യമെങ്കിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കാവുന്നതാണ്.
3. നിശ്ചിത തുക അംഗത്വഫീസ് നൽകിയാണ് അംഗത്വം കൊടുക്കുന്നത്. 2000രൂപ അംഗത്വഫീസായും സംഘടനക്ക് പ്രത്യേക തുക സംഭാവനയും നൽകുന്നവർക്ക് ആയുഷ്ക്കാല അംഗത്വം നൽകുന്നതാണ്.
4. പുതിയ പാർലമെന്റ് അംഗങ്ങൾക്കു സ്വീകരണം നൽകുക
5. പുതിയ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുക.

## അടുത്ത മാസത്തെ പ്രവർത്തനപദ്ധതികൾ

## ജൂൺ 2019 - യൂണിററ് സമ്മേളനങ്ങൾ

5 - പരിസ്ഥിതി ദിനം
10 - അതിരൂപത എക്സിക്യൂട്ടീവ് / ഭാരവാഹികളുടെ യോഗം
- പരസ്പര സഹായനിധി
- ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കൽ (ഫെറോന തലം)
- ഹെൽപ് ലൈൻ ഇടവകതല രൂപീകരണം
- ഹരിത സമൃദ്ധി - അതിരൂപത യോഗം
- പുതിയ പാർലമെന്റ് അംഗങ്ങൾക്കു സ്വീകരണം (അതിരൂപതതലം)
- അതിരൂപത പ്രസിഡന്റ് - യൂണിറ്റ് സന്ദർശനങ്ങൾ
- ഡയറക്ടറുടെ ഫൊറോന സന്ദർശനങ്ങൾ, സെമിനാറുകൾ

## ജൂലായ് 2019 - ഫെറോന സമ്മേളനങ്ങൾ

03 - സഭാദിനം, സെന്റ് തോമസ് ദിനം
വിശ്വാസപരിശീലനം - ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കൽ (ഇടവകാതലം)
10 - അതിരൂപത എക്സിക്യൂട്ടീവ് / ഭാരവാഹികളുടെ യോഗം
10 - പരസ്പരസഹായ നിധി
പഞ്ചായത്ത് സമിതികളുടെ പ്രവർത്തനം വിലയിരുത്തൽ, പഞ്ചായത്ത് സമിതി അംഗങ്ങളുടെ യോഗം
ഫൊറോന സെമിനാറുകൾ
ഫൊറോന ഡയറക്ടർമാരുടെ യോഗം

സംഘടനയെ ശക്തിപ്പെടുത്തുവാൻ അധ്വാനിക്കുന്ന മുഴുവൻ ആളുകളോടും നന്ദിയും സ്നേഹവും അറിയിക്കുന്നു. ഒന്നിക്കാം; പ്രതിരോധിക്കാം നമ്മുടെ സഭയെ ശക്തിപ്പെടുത്താം

സ്നേഹപൂർവ്വം,

**ദേവസ്യ കൊങ്ങോല**
അതിരൂപതാപ്രസിഡന്റ്

## ബഹുമാനപ്പെട്ട അച്ചന്മാർക്ക് ഡയറക്ടറച്ചന്റെ കത്ത്

കുടുംബകൂട്ടായ്മകൾ നാം സജീവമായി സംഘടിപ്പിച്ച് വരികയാണ ല്ലോ. ഈ കൂട്ടായ്മയിലൂടെ സഭാസ്നേഹവും പ്രതിപത്തിയുമുള്ള അത്മായ സഹോദരങ്ങളെ സഭാ കൂട്ടായ്മയിൽ സജീവമായി അണി ചേർക്കുവാൻ നമുക്ക് കഴിയണം. അത്മായ ശാക്തികരണത്തിനുള്ള വേദിയായി കുടുംബ കൂട്ടായ്മകൾ മാറണം. ഈ ചിന്ത പ്രവർത്തനപഥത്തിലെക്കുവാനുള്ള പരി ശീലന കളരിയാണ് കത്തോലിക്ക കോൺഗ്രസ്സ്. ഈ സംഘടനയാണ് പ്രതി സന്ധികൾ നേരിടുമ്പോൾ നമുക്ക് വേണ്ടി സംരക്ഷണ മതിൽ തീർക്കുവാൻ എന്നും തയ്യാറായിട്ടുള്ളത്. അതിനാൽ ഓരോ ഇടവകയിലും കത്തോലിക്കാ കോൺഗ്രസ്സിന്റെ യൂണിറ്റുകൾ സജീവമായി നിലനിറുത്തുന്നതു സഭയെ സ്നേഹിക്കുന്ന സഭ വിജയിക്കണമെന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കട മയാണ്. അതിനാൽ ഈ വർഷം കുടുംബകൂട്ടായ്മയിലൂടെ കത്തോലിക്കാ കോൺഗ്രസ് ശക്തിപ്പെടുത്തണം.

1. കുടുംബ കൂട്ടായ്മകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളെ ഇടവകാതലത്തിൽ വിളിച്ച് ചേർക്കണം. നിലവിലുള്ള ഭാരവാഹികളും അംഗങ്ങളും പങ്കെടുക്കുന്ന ഒരു സമ്മേളനം അച്ചൻ വിളിച്ച് ചേർക്കണം.
2. നിലവിൽ ഭാരവാഹികൾ സജീവമായി ഉണ്ടെങ്കിൽ അവർ തുടരട്ടെ. ഇല്ലെ ങ്കിൽ പുതിയ ഭാരവാഹികളെ നിശ്ചയിക്കണം.
3. വിവിധ ജോലികളിൽനിന്നു റിട്ടയർ ചെയ്ത അധ്യാപകർ, പട്ടാളക്കാർ, സർക്കാർ ജോലിക്കാർ, വിദേശങ്ങളിൽ നിന്ന് തിരിച്ചെത്തിയവർ, തുട ങ്ങിയവരെ പ്രത്യേകമായി ഈ സംഘടനയിൽ ചേർക്കണം. ആരും ഓടി കയറിവന്ന് സംഘടനയിൽ പ്രവർത്തിച്ചുവെന്ന് വരില്ല; നല്ല ആളുകളെ നാം കണ്ടെത്തി ഉൾച്ചേർക്കണം. നിർമ്മാണ ജോലികൾ ചെയ്യുമ്പോൾ സംഭാവനയുമായി ആളുകൾ അധികം നമ്മെ തേടി വരാറില്ലല്ലോ. നമ്മളാണ് അവരെ തേടി കണ്ടെത്തി സഹകരണം ഉറപ്പാക്കുന്നത്.
4. ജൂൺമാസത്തിൽ ഇങ്ങനെ എല്ലാ ഇടവകയിലും യൂണിറ്റ് സമ്മേളനങ്ങൾ നടക്കണം. രൂപതാഭാരവാഹികൾ അച്ചനെ സമീപിക്കുമ്പോൾ വേണ്ട പ്രോത്സാഹനവും സഹകരണവും കൊടുക്കണം.
5. ഫൊറോന ഡയറക്ടർമാർ വളരെ താല്പര്യത്തോടെ ഇതിൽ ശ്രദ്ധപ തിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അടുത്ത മാസധ്യാനത്തിൽ ഈ വിഷയം ബഹുമാനപ്പെട്ട വൈദികർ ചർച്ചചെയ്യണം.
6. ജൂലൈ 3ന് സഭാദിനത്തിൽ പള്ളിമുറ്റത്ത് അംഗങ്ങൾ ഒന്നിച്ച് ചേർന്ന് പേപ്പൽ പതാക (കത്തോലിക്കാ കോൺഗ്രസ് പതാക) ഉയർത്തണം.
7. ജൂലൈ മാസത്തിൽ എല്ലാ ഫൊറോനകളിലും ഭാരവാഹികളുടെ ഫൊറോന സമ്മേളനം ചേരണം.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# വിമൽജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലും, എം.ബി.എ കോളേജിലും 2019-20 വർഷത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. എൻജിനീയറിംഗിന്റെ എല്ലാ ബ്രാഞ്ചുകളിലേക്കും യോഗ്യരായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്.

## ബി.ടെക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

2019-20 വർഷം എൻജിനീയറിംഗ് അഡ്മിഷൻ ആഗ്രഹിക്കുന്നവർക്ക് ഇഷ്ടപ്പെട്ട ബ്രാഞ്ചിൽ മുൻകൂട്ടി സീറ്റ് ബുക്ക് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട വൈദികരുടെയും, രക്ഷാകർത്താക്കളുടെയും അഭിപ്രായം കണക്കിലെടുത്താണ് ഈ വർഷം ഇങ്ങനെ ഒരു സൗകര്യം ഒരുക്കിയിരിക്കുന്നത്. ഈ അവസരം പ്രയോജനപ്പെടുത്താനാഗ്രഹിക്കുന്നവർ എസ്.എസ്.എൽ.സി, പ്ലസ് ടു, കേരളാ എൻജിനീയറിംഗ് എൻട്രൻസ് മാർക്ക്ഷീറ്റുകളുമായി നേരിട്ട് കോളേജിൽ വരിക.

## വിമൽ ജ്യോതിയിൽ നിലവിലുള്ള കോഴ്സുകൾ :

| **B.Tech** | **Seats** |
|---|---|
| 1. Applied Electronics & Instrumentation | - 30 |
| 2. Civil Engineering | - 120 |
| 3. Computer Science & Engineering | - 120 |
| 4. Electrical & Electronics Engineering | - 60 |
| 5. Electronics & Communication Engineering | - 90 |
| 6. Mechanical Engineering | - 120 |

**M.Tech**

1. Control & Instrumentation
2. Stuctural Engineering & Construction Management
3. Computer Science & Engineering
4. Power Electronics
5. Communication Engineering & Signal Processing
6. Thermal Engineering

**Ph.D**

**B.Tech Honours -** NBA അക്രഡിറ്റേഷൻ ലഭിച്ചതിനാൽ നമ്മുടെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് B.Tech Honours ന് ചേരാൻ അനുമതി എ.പി.ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (KTU) നിന്ന് ലഭിച്ചു എന്ന വിവരം അഭിമാനപൂർവ്വം അറിയിക്കുന്നു.

അഡ്മിഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് കോളേജിൽ നേരിട്ട് വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക : 9447683082, 9846423448, 0460 2213399, 2212240.

## പ്ലേസ്മെന്റ് വാർത്തകൾ

1. 2019 ഏപ്രിൽ 6,7 തീയതികളിൽ MBITS എൻജിനീയറിംഗ് കോളേജ് കോതമംഗലത്തുവച്ച് നടത്തിയ Infosys പൂൾ കാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിൽ നിന്നും 72 കുട്ടികൾ പങ്കെടുക്കുകയും 12 കുട്ടികൾക്ക് സിസ്റ്റം എൻജിനീയറായി ജോലി ലഭിക്കുകയും ചെയ്തു.
2. 2019 ഫെബ്രുവരി 28ന് ഫെഡറൽ ബാങ്ക് വിമൽ ജ്യോതിയിൽ കാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. വിമൽ ജ്യോതിയിലെ 4 കുട്ടികൾക്ക് ഫെഡറൽ ബാങ്കിൽ ജോലി ലഭിച്ചു.
3. 2019 ഏപ്രിൽ 26ന് കോളേജ് ഓഫ് എൻജിനീയറിംഗ് ചീമേനിയിൽ വച്ച് IBS Software നടത്തിയ പൂൾ കാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിലെ ഒരു കുട്ടിക്ക് ജോലി ലഭിച്ചു.
4. 2019 മെയ് 13-ാം തീയതി മംഗലാപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന Diya Systems Software Company വിമൽ ജ്യോതിയിൽവച്ച് നടത്തിയ കാമ്പസ് റിക്രൂട്ട്മെന്റിൽ 6 കുട്ടികൾക്ക് ജോലി ലഭിച്ചു.
5. അമേരിക്കൻ മൾട്ടിനാഷണൽ കമ്പനിയായ UST Global 2019 ജൂൺ ആദ്യവാരം മലബാർ റീജിയണിൽ ഉള്ള എല്ലാ എൻജിനീയറിംഗ് കോളേജുകളിലെ കുട്ടികൾക്കായി പൂൾ കാമ്പസ് റിക്രൂട്ട്മെന്റ് വിമൽ ജ്യോതിയിൽവച്ച് നടത്തും.

## പ്ലസ്ടു വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് സെമിനാർ നടത്തി

അന്താരാഷ്ട്ര സംഘടനയായ IEEE മലബാർ സബ്സെക്ഷന്റെ ആഭിമുഖ്യത്തിൽ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് പ്ലസ്ടു വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കുമായി കരിയർ ഗൈഡൻസ് സെമിനാർ 2019 മെയ് 11-ാം തീയതി നടത്തി. 120 ഓളം വിദ്യാർത്ഥികളും രക്ഷാകർത്താക്കളും പങ്കെടുത്ത സെമിനാറിൽ IEEE സീനിയർ മെമ്പറും ദുബായ് ഏവിയേഷൻ സിറ്റി കോർപ്പറേഷന്റെ മാനേജരുമായിരുന്ന ശ്രീ. എ. സുഹൈർ മുഖ്യപ്രഭാഷണം നടത്തി. ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റ് മേധാവിയും IEEE മലബാർ സബ്സെക്ഷന്റെ സ്റ്റുഡന്റ് ആക്ടിവിറ്റി ചെയറുമായ പ്രഫ. ലാലി ജെയിംസ് സ്വാഗതവും, അഡ്മിനിസ്ട്രേറ്റർ റവ ഫാ. ജിനു വടക്കേമുളഞ്ഞനാൽ ആശംസയും പറഞ്ഞു. എൻജിനീയറിംഗ് മേഖലയിലെ പ്രഗത്ഭരായ വ്യക്തികൾ വിവിധ വിഷയങ്ങളെപ്പറ്റി ക്ലാസ്സുകൾ നയിച്ചു.

## എ.ഐ.സി.ടി.ഇ സ്പോൺസർ ചെയ്യുന്ന ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു

2019 മെയ് 20 മുതൽ ജൂൺ 1 വരെ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ എ.ഐ.സി.ടി.ഇ പൂർണ്ണമായും സ്പോൺസർ ചെയ്യുന്ന ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം നടത്തപ്പെട്ടു. പ്രസ്തുത പ്രോഗ്രാം ബയോമെഡിക്കൽ മേഖലയിലെ ഗവേഷണ സാധ്യതകളേയും വെല്ലുവിളികളെയുംകുറിച്ചാണ്. പ്രൊഫ. ഡോ. ആന്റോ സഹായദാസിന്റെ നേതൃത്വത്തിലാണ് പ്രോഗ്രാം സംഘടിപ്പിക്കുന്നത്. 20-ാം തീയതി നടന്ന ഉദ്ഘാടന സമ്മേളനത്തിൽ തലശ്ശേരി അതിരൂപത സഹായമെത്രാനും വിമൽ ജ്യോതിയുടെ ചെയർമാനുമായ മാർ ജോസഫ് പാംപ്ലാനിയും, എ.ഐ.സി.ടി.ഇ ദക്ഷിണമേഖല മേധാവി ഡോ.രമേഷ് ഉണ്ണിക്കൃഷ്ണനും, മഹേന്ദ്ര കോളേജ് പ്രിൻസിപ്പൽ ഡോ. എം മാധേശ്വരനും പങ്കെടുത്തു. ബയോമെഡിക്കൽ മേഖലയിലെ വിദഗ്ധർ ക്ലാസ്സുകൾ നയിച്ചു.

## എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല സ്പോൺസർ ചെയ്യുന്ന ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം

2019 മെയ് 27 മുതൽ 31 വരെ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം മദ്രാസ് ഐ.ഐ.ടിയിലെ പ്രൊഫസർ പ്രസാദ് ഇടമണ്ണ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്ക് പ്രസ്തുത വിഷയത്തിലുള്ള അതിനൂതന സമ്പ്രദായങ്ങളെക്കുറിച്ച് പരിശീലനം നൽകുകയാണ് ഈ പ്രോഗ്രാമിന്റെ ലക്ഷ്യം. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ മേധാവി ഡോ. റോഷിനി ടി.വി.യുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

## വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & റിസർച്ച്

വിമൽ ജ്യോതി എം.ബി.എ കോളേജിൽ അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു.
Dual specialisation in : Marketing, Finance & HRM - 60

ഡിഗ്രിക്ക് 50% മാർക്കും എൻട്രൻസിന് യോഗ്യതയുമാണ് അടിസ്ഥാന മാനദണ്ഡങ്ങൾ. അവസാനവർഷ ഡിഗ്രിക്കാർക്കും അപേക്ഷിക്കാവുന്നതാണ്. അഡ്മിഷൻ ആഗ്രഹിക്കുന്നവർ നേരിട്ട് കോളേജിൽ വരികയോ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ വിളിക്കുകയോ ചെയ്യുക :

0460 2213399, 2212240, 9400512240

## യാത്രാമംഗളങ്ങളും സ്വാഗതവും

വിമൽ ജ്യോതി എൻജിനീയറിംഗ്, എം.ബി.എ കോളേജുകളെ കഴിഞ്ഞ 3 വർഷക്കാലം നയിച്ചശേഷം സീറോ മലബാർ സഭയുടെ സിനഡൽ കമ്മീഷൻ ഫോർ കാറ്റക്കിസം സെക്രട്ടറിയായി നിയമിതനായിരിക്കുന്ന വെരി. റവ. ഡോ. തോമസ് മേൽവെട്ടത്തച്ചന് നന്ദിയും പുതിയ പ്രവർത്തനമേഖലയിൽ വിജയാശംസകളും നേരുന്നു.

വിമൽ ജ്യോതി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ചെയർമാനായി സ്ഥാനമേറ്റെടുത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനും, തലശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജരായുള്ള ദീർഘകാലത്തെ പ്രവർത്തനത്തിനുശേഷം വിമൽ ജ്യോതിയുടെ മാനേജരായി കടന്നുവന്നിരിക്കുന്ന ഫാ. ജെയിംസ് ചെല്ലങ്കോട്ടിനും, ഹോസ്റ്റൽ വാർഡനായി നിയമിതനായിരിക്കുന്ന ഫാ.സുബിൻ റാത്തപ്പിള്ളിക്കും വിമൽ ജ്യോതി കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ, വിമൽ ജ്യോതി
എഞ്ചിനിയറിംങ്ങ് കോളേജ്

# പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം

## Fingodap International Conference

ന്യൂഡൽഹി അംബേദ്ക്കർ ഇന്റർനാഷണൽ സെന്ററിൽ വച്ച് നടന്ന IRCA ഡയറക്ടർമാരുടെ അന്തർദേശീയ സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം സംബന്ധിച്ചു.

## ട്രെയിനിംഗ് പ്രോഗ്രാം പ്രതീക്ഷയിൽ

'Skills for effective Performances' എന്ന വിഷയത്തെ അധികരിച്ച് ചികിത്സാ സെന്ററിൽ വച്ച് സ്റ്റാഫ് അംഗങ്ങൾക്കായി ഏകദിന പരിശീലന പരിപാടി നടത്തപ്പെട്ടു. ടി.ടി. ജോസഫ്, ഫാ. ജോൺസൺ അന്ത്യാംകുളം എന്നിവർ ട്രെയിനിംഗിന് നേതൃത്വം നൽകി. സി. തെരേസ്, സി. ഷാന്റി, സി. എത്സീന എന്നിവർ പ്രസംഗിച്ചു.

## മാർ വള്ളോപ്പിള്ളി അനുസ്മരണം

ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ ജന്മശതാബ്ദി സ്മാരകമായ പ്രതീക്ഷാ സെന്ററിൽ വച്ച് വള്ളോപ്പിള്ളി അനുസ്മരണാ സമ്മേളനവും പുഷ്പാർച്ചനയും നടത്തപ്പെട്ടു. സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. സി. തെരേസ് സ്വാഗതം ആശംസിച്ചു. അഡ്വ. സി. ഒ. റ്റി. ഉമ്മർ, എ.കെ. സുരേഷൻ മാസ്റ്റർ, മാത്യു എം. കണ്ടത്തിൽ എന്നിവർ അനുസ്മരണാ പ്രഭാഷണങ്ങൾ നടത്തി. ഛായാ ചിത്രത്തിൽ എല്ലാവരും പുഷ്പാർച്ചന നടത്തി പ്രാർത്ഥിച്ചു. സമ്മേളനത്തിന് ബ്രദർ ടോണി നന്ദി പറഞ്ഞു.

## മെയ് ദിനം ആചരിച്ചു

പ്രതീക്ഷ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രതീക്ഷാ സ്റ്റഡി റൂമിൽ വച്ച് മെയ്ദിന സമ്മേളനം നടത്തപ്പെട്ടു. വിവിധ കോളേജുകളിൽ നിന്നുള്ള ട്രെയിനിംഗ് വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിക്കുകയും ചികിത്സാർത്ഥികൾക്കായി ഗ്രൂപ്പടിസ്ഥാനത്തിൽ മത്സരയിനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. സ്റ്റാഫ് അംഗങ്ങൾ നേതൃത്വം നൽകി.

## എ.എ. സമ്മേളനം

എല്ലാ മാസവും ആദ്യ ഞായറാഴ്ച ചികിത്സാ കേന്ദ്രത്തിൽ വച്ച് ചേരുന്ന എ.എ. സമ്മേളനം മെയ് 5ന് നടത്തപ്പെട്ടു. വി. കുർബാനശേഷം ചേർന്ന യോഗത്തിൽ ഡയറക്ടർ അധ്യക്ഷതവഹിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് എ. കെ. രമ്യ ഉദ്ഘാടനം ചെയ്തു. പാനൂർ എച്ച്.എസ്.എസ്. അധ്യാപിക സ്മിത മനോഹരൻ ക്ലാസ്സെടുത്തു. തുടർന്ന് നടന്ന അനുഭവം പങ്കുവയ്ക്കലിന് മുൻ പ്രൊജക്ട് ഡയറക്ടർ റ്റി.സി. തോമസ് നേതൃത്വം നൽകി. സി. എത്സീന,

സി. തെരേസ്, സി. ഷാന്റി എന്നിവർ പ്രസംഗിച്ചു. തുടർന്ന് കൗൺസിലിംഗും ഉച്ചഭക്ഷണവും നൽകപ്പെട്ടു.

## വനിതാ ദിന ആചരണം

അന്താരാഷ്ട്ര വനിതാദിനാചരണം പ്രതീക്ഷ NGO യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സ്റ്റാഫ് അംഗങ്ങളായ വനിതകൾക്കും ബ്ലോക്ക് പ്ലെയ്സ്മെന്റ്, ഇന്റേൺഷിപ്പ് വിദ്യാർത്ഥിനികൾക്കും പ്രത്യേക ആദരവ് നൽകുകയും സമ്മാനം കൈമാറുകയും ചെയ്തു. അന്നേ ദിവസം പ്രത്യേക സമ്മേളനം നടത്തുകയും വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

## മാനേജിംഗ് കമ്മിറ്റി

പ്രതീക്ഷ IRCA യുടെ മാനേജിംഗ് കമ്മിറ്റി ചേർന്ന് കണക്ക് വായിച്ച് പാസാക്കുകയും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. സണ്ണി പുത്തേട്ട്, സണ്ണി പായ്ക്കാട്ട്, റോസിലി കാരിക്കക്കുന്നേൽ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ, കെ.ഡി.ജോൺ കാഞ്ഞിരക്കാട്ടുതൊട്ടിയിൽ, സെബാസ്റ്റ്യൻ പെരുമ്പുഴ, അബ്രഹാം പാരിയ്ക്കാപ്പള്ളിയിൽ എന്നിവർ പങ്കെടുത്തു.

## പ്രത്യേക ശ്രദ്ധയ്ക്ക്

1. നമ്മുടെ ഇടവകാംഗങ്ങളെ നമ്മുടെ ചികിത്സാ കേന്ദ്രത്തിൽ എത്തിച്ച് ചികിത്സ നല്കുവാൻ ഈ മാസികയുടെ മാന്യവായനക്കാർ ശ്രദ്ധിക്കണേ. മുൻകൂട്ടി വിളിച്ചുപറഞ്ഞാൽ ഏറെ നന്നായി.
2. പ്രതീക്ഷാ ചികിത്സാലയത്തിന്റെ അസോസിയേറ്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ചാക്കോ കുടിപ്പറമ്പിലിന് ഹൃദ്യമായ സ്വാഗതം.

ആദരവുകളോടെ,

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

നമ്മുടെ രാജ്യത്ത് ഒരു തിരഞ്ഞെടുപ്പ് മാമാങ്കം കൂടി കടന്നുപോയി. ഈ തിരഞ്ഞെടുപ്പിൽ രാജ്യത്താകമാനം നടന്ന കർഷക പ്രക്ഷോഭങ്ങൾ ശ്രദ്ധിക്കപ്പെട്ടു എന്നത് ശ്ലാഘനീയമാണ്. ഇതിനായി വിവിധ കർഷക സംഘടനകളിലൂടെ നിരവധി നേതാക്കളുടെ വർഷങ്ങൾ നീണ്ട പോരാട്ടം എടുത്തുപറയേണ്ടതാണ്.

ഭരണ സംവിധാനങ്ങളും രാഷ്ട്രീയ നേതാക്കളും കർഷകരെ അവഗണിക്കുമ്പോൾ കർഷകന്റെ ശബ്ദമായി മാറുന്ന കർഷക സംഘടനകൾ അനിവാര്യമാണെന്ന് നാം തിരിച്ചറിയുന്നു. കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ പാർലമെന്റിൽ കർഷക ബജറ്റ് അവതരിപ്പിക്കണമെന്ന രാഹുൽ ഗാന്ധിയുടെ പ്രഖ്യാപനം ഇൻഫാം വർഷങ്ങളായി ഉയർത്തിപ്പിടിച്ച ആവശ്യങ്ങളിലൊന്നായിരുന്നു എന്നത് ശ്രദ്ധേയമാണ്.

കർഷകർക്ക് ലഭിച്ചുകൊണ്ടിരുന്ന റബ്ബർ ഇൻസന്റീവ് മാസങ്ങളായി മുടങ്ങിക്കിടക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസം, ലോൺ അടവ് കൃഷിയിറക്കൽ തുടങ്ങി നിരവധി സാമ്പത്തീക പ്രതിസന്ധികളാണ് കർഷൻ നേരിടുന്നത്. റബ്ബർ ഉല്പാദന ചിലവ് 175 രൂപയായി. റബ്ബർ ബോർഡ് കണക്കാക്കുമ്പോൾ റബ്ബർ ഇൻസെന്റീവ് 200 രൂപയാക്കണമെന്നു ഇൻഫാമിന്റെ ആവശ്യം നേടിയെടുക്കേണ്ടതുണ്ട്. കർഷകർ തുടങ്ങിവെച്ച കർഷക പോരാട്ടങ്ങൾക്ക് ശക്തി പകരാൻ നമുക്ക് ശ്രമിക്കാം. ഇൻഫാം ജില്ല ജനറൽ ബോഡി യോഗം തളിപ്പറമ്പ് പാരീഷ് ഹാളിൽ ചേർന്നു.

* ഇടവക യൂണിറ്റ് രൂപീകരണം പൂർത്തിയാക്കുവാനും മേഖലാ സമ്മേളനങ്ങൾ നടത്തുവാനും തീരുമാനിച്ചു.
* റബ്ബർ ഇൻസന്റീവ് 150 രൂപയിൽ നിന്ന് 200 രൂപയാക്കി വർധിപ്പിക്കണമെന്ന് യോഗം സർക്കാരിനോടവാശ്യപ്പെട്ടു.

## അഭിനന്ദനങ്ങൾ

തലശ്ശേരി അതിരൂപതാ വികാരി ജനറലായി നിയമിതനായ ഇൻഫാം ദേശീയ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കലച്ചന് ഇൻഫാം കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. സഭാ ശുശ്രൂഷയിൽ ധാരാളം ദൈവാനുഗ്രങ്ങൾ നിറയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**സ്കറിയ നെല്ലംകുഴി**
ജില്ലാ പ്രസിഡന്റ്

**ഫാ. ജോസഫ് കാവനാടി**
ഡയറക്ടർ

# കെ. സി. ബി. സി.
# മദ്യവിരുദ്ധ സമിതി

## സ്റ്റിയറിംഗ് കമ്മിറ്റി

മെയ് രണ്ടാം തിയതി സന്ദേശഭവനിലെ മദ്യവിരുദ്ധ കാര്യാലയത്തിൽ വച്ച് മദ്യവിരുദ്ധ സമിതിയുടെയും മുക്തി ശ്രീയുടെയും സ്റ്റിയറിംഗ് കമ്മിറ്റി നടത്തപ്പെട്ടു. മദ്യവിരുദ്ധ സമിതിയുടെ നാളിതുവരെ അതിരൂപതാ ഡയറക്ടറായിരുന്ന ഫാ. തോമസ് തൈത്തോട്ടത്തിന് യാത്രയയപ്പ് നൽകുന്നതിനെക്കുറിച്ച് ആലോചന നടത്തി. ക്ഷണിതാക്കളെ കണ്ടെത്തി വിളിക്കാനും തീരുമാനിച്ചു.

## ഫാ. തോമസ് തൈത്തോട്ടത്തിന് യാത്രയയപ്പ് നൽകി

തളിപ്പറമ്പ് സെന്റ്മേരീസ് പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ട യാത്രയയപ്പ് സമ്മേളനത്തിൽ മാർ ജോർജ് വലിയമറ്റം (ആർച്ച് ബിഷപ്പ് എമിരിറ്റസ്) അധ്യക്ഷത വഹിച്ചു. രാമചന്ദ്രൻ കടന്നപ്പള്ളി (തുറമുഖവകുപ്പ് മന്ത്രി) യോഗം ഉദ്ഘാടനം ചെയ്തു. കെ.സി.ജോസഫ്, അഡ്വ. സണ്ണി ജോസഫ്, ജെയിംസ് മാത്യു എന്നീ എം.എൽ.എ.മാരും, റവ. ഫാ. അബ്രഹാം പോണാട്ട്, ഫാ. മാത്യു ആശാരിപറമ്പിൽ, തോമസ് വർഗീസ്, ജോർജ് തയ്യിൽ, രാജൻ തിയറാത്ത്, ടി.പി.ആർ. നാഥ്, മർഗരറ്റ് ചാമക്കാലായിൽ, റവ.സി. നോബിൾ (പ്രൊവിൻഷ്യൽ FCC), ഡോ. സെലിന എൻ.ജെ., തങ്കച്ചൻ കൊല്ലക്കൊമ്പിൽ, മാത്യു എം. കണ്ടത്തിൽ, സണ്ണി പായ്ക്കാട്ട്, ഐ.സി. മേരി, സൻജയ് ഷാജി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സമ്മേളനത്തിൽ വച്ച് ഫാ. തോമസ് തൈത്തോട്ടത്തിനും ഓഫീസ് കോ- ഓർഡിനേറ്റർ സി. ലീമാറോസ് CMC യ്ക്കും മെമന്റോ നൽകപ്പെട്ടു. ഇരുവരും നന്ദിപറയുകയും മറുപടി പ്രസംഗം നടത്തുകയും ചെയ്തു. യാത്രയയപ്പ് സമ്മേളനത്തിന് ഡോ. ജോസ്ലെറ്റ് മാത്യു (പ്രസിഡന്റ്, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി) സ്വാഗതവും ആന്റണി മേൽവെട്ടം (ജനറൽ സെക്രട്ടറി) നന്ദിയും പറഞ്ഞു. തുടർന്ന് ഫാ. തോമസ് തൈത്തോട്ടത്തിനെ കരുവഞ്ചാലിലേക്ക് യാത്രയാക്കുകയും ചെയ്തു.

## തൈത്തോട്ടത്തിലച്ചന് ഒരായിരം നന്ദിയോടെ !!!

കഴിഞ്ഞ നാല് പതിറ്റാണ്ടുള്ളതായി തലശ്ശേരി അതിരൂപതയുടെ 'ലഹരിക്കെതിരെ ഗർജിക്കുന്ന സിംഹം' മായി മാറിയ റവ.ഫാ. തോമസ് തൈത്തോട്ടം തന്റെ തീ പാറിയ തേരോട്ട വഴികളിൽ വാരിവിതറിയത് എക്കാലവും ജ്വലിക്കുന്ന ഓർമ്മകളാണ്. നമ്മുടെ രൂപതയിൽ ലഹരി വിമോചന കാഹളധ്വനി മുഴക്കിയ യശഃശരീരനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

പിതാവിന്റെ സ്വപ്നവഴികളിലെ വലംകൈയായി വർത്തിച്ചത് ബഹു. തൈത്തോട്ടത്തിലച്ചനാണെന്നത് നിസ്തർക്കമായ കാര്യമാണ്. ആദ്യകാല മദ്യവിരുദ്ധ നായകനായി മാറിയ അദ്ദേഹത്തിന്റെ സൗഹൃദം കേരളക്കരമുഴുവനും നിറഞ്ഞുനിന്നു. എന്നും ജനകീയ വിഷയമായിരുന്ന കാർഷികമേഖല, മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾ, സർവ്വതിന്മകൾക്കെതിരെയുള്ള ഐതിഹാസിക സമരങ്ങൾ തുടങ്ങിയവ ബഹു. തൈത്തോട്ടത്തിലച്ചന്റെ തിളക്കമാർന്ന അതുല്യ വ്യക്തിപ്രഭാവത്തിന്റെ ഈടുറ്റ ഏടുകൾ തന്നെ.

പ്രതീക്ഷയെന്ന മദ്യപാനരോഗ ചികിത്സാ കേന്ദ്രത്തിന്റെ സ്ഥാപകനും എ.ഡി.എസ്.യു.വിന്റെ പ്രാരംഭകനും മുക്തിശ്രീയുടെ സ്ഥാപക പിതാവും മദ്യവിരുദ്ധ പ്രസ്ഥാനത്തിന്റെ മുന്നണിപോരാളിയും ബഹു. തൈത്തോട്ടത്തിലച്ചൻ തന്നെ. നാളിതുവരെ അനേകായിരം വ്യക്തികളെയും കുടുംബാംഗങ്ങളെയും രക്ഷിക്കുന്നതിനും മദ്യത്തിനെതിരെയുള്ള സാമൂഹ്യചിന്ത ജനഹൃദയങ്ങളിൽ ഊതിക്കത്തിക്കുന്നതിനും സംസ്ഥാനത്തെ മദ്യസൗഹൃദ സർക്കാറുകൾക്ക് എന്നും പേടിപ്പെടുത്തുന്ന സാമൂഹ്യനേതാവുമായിരുന്നു അച്ചൻ എന്നത് അഭിമാനത്തോടെ ഓർക്കട്ടെ.

ബഹു. തൈത്തോട്ടത്തിലച്ചന്റെ കൂടെ അസി. ഡയറക്ടർമാർ ആയിരുന്നവർ, മേഖലാ ഡയറക്ടർമാർ അതിരൂപതാ - മേഖലാ- ഇടവകാ ഭാരവാഹികൾ, പ്രവർത്തകാംഗങ്ങൾ, അഭ്യുദയകാംക്ഷികൾ, സഹപ്രവർത്തകർ തുടങ്ങിയ ഞങ്ങളെല്ലാവരും അച്ചന്റെ സേവനത്തെയും നേതൃത്വത്തെയും അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. ബഹു. തൈത്തോട്ടത്തിലച്ചൻ കൊളുത്തിയതും ഊതിക്കത്തിച്ചതുമായ ലഹരിവിരുദ്ധ ദീപശിഖ വരും തലമുറക്ക് പകരാൻ നമുക്ക് ശ്രദ്ധിക്കാം - ശ്രമിക്കാം. കരുവഞ്ചാലിലെ വിശ്രമദിനങ്ങൾ സന്തോഷകരവും ഉന്മേഷദായകവും ആരോഗ്യകരവും അനുഗ്രഹീതവുമാകട്ടെ എന്ന് ഞങ്ങൾ ആശംസിക്കുന്നു. അതിരൂപതയിലെ എല്ലാ മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ പേരിൽ ബഹു. തോമസ് തൈത്തോട്ടത്തിലച്ചന് ഹൃദയം നിറഞ്ഞ ഒരായിരം നന്ദി. പിൻതലമുറക്കാരെ ഹൃദയം കൊണ്ട് അനുഗ്രഹിക്കണമെന്ന് അപേക്ഷിക്കുന്നു.

## സ്വാഗതം

അതിരൂപതയുടെ മദ്യവിരുദ്ധപ്രസ്ഥാനങ്ങളുടെയെല്ലാം അസോസിയേറ്റ് ഡയറക്ടർ ആയി ഉത്തരവാദിത്വമേറ്റെടുത്തിരിക്കുന്ന റവ. ഫാ. ചാക്കോ കുടിപ്പറമ്പിലിനു ഓഫീസ് കോ-ഓർഡിനേറ്ററായി ചാർജെടുത്തിരിക്കുന്ന റവ. സി. ലൂസീന പൊരുന്നേടത്തിനും ((SH) അതിരൂപതാ മദ്യവിരുദ്ധ കാര്യാലയത്തിലേയ്ക്കും പ്രവർത്തനങ്ങളിലേയ്ക്കും ഹൃദ്യമായ സ്വാഗതം.

ഫോൺ നമ്പറുകൾ: ഫാ. ചാക്കോ കുടിപ്പറമ്പിൽ: 9446988495

സി. ലൂസീന SH : 9497051427

## മേഖലാ വാർത്തകൾ

പേരാവൂർ: കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും മുക്തിശ്രീയും ചേർന്ന് ഏപ്രിൽ 26ന് പേരാവൂരിൽ വെച്ച് ലഹരിവിരുദ്ധ കൺവെൻഷൻ നടത്തപ്പെട്ടു. ഫൊറോനാ വികാരി റവ. ഡോ. തോമസ് കൊച്ചുകരോട്ട് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ. ജോസ്ലറ്റ് മാത്യു ക്ലാസുകൾക്ക് നേതൃത്വം നൽകി. മേഖലാ ഡയറക്ടർ ഫാ. ജോജോ പന്തമാക്കൽ, മേഖലാ പ്രസിഡന്റ് തോമസ് വരകുകാലായിൽ, ആനിമേററർ സി. എത്സി ജെയിംസ്, തങ്കം സി.എ. എന്നിവർ പ്രസംഗിച്ചു.

## എ.ഡി.എസ്.യു.

മെയ് 17-ന് വെള്ളിയാഴ്ച അതിരൂപതാ കാര്യാലയത്തിൽ വച്ച് ADSU വിന്റെ എക്സിക്യുട്ടീവ് ചേർന്നു. ADSU പ്രസിഡണ്ട് സജ്ഞയ് ഷാജി അധ്യക്ഷത വഹിച്ചു. ഫാ. ചാക്കോ കുടിപറമ്പിൽ, ആൽബിൻ മണ്ടുപാല (ചീഫ് ആനിമേറ്റർ) ആശംസകൾ അർപ്പിച്ചു. S.S.L.C ക്ക് ഫുൾ A+ വാങ്ങിയ കെവിൻ വർഗീസ്, മെറിൻ ഇഗ്നേഷ്യസ്, ഫെൽബി തോമസ്, ആൽബിൻ ജോസഫ് എന്നിവരേയും +2-ന് മികവാർന്ന വിജയം വരിച്ച അർജുൻ കെ.എസ്, അഭിനവ് ഷാജി, അയോണ എലിസബത്ത് എന്നിവരെയും ഉപഹാരങ്ങൾ നല്കി ആദരിക്കുകയും മഞ്ചുഷകുര്യൻ, അനന്തുകൃഷ്ണൻ എന്നിവർ വിജയികളെ അനുമോദിക്കുകയും ചെയ്തു. മീററിംഗിൽ വച്ച് ഓഫീസ് - കോ- ഓർഡിനേറ്റർ സി. ലീമാ റോസ് CMC യ്ക്ക് യാത്രയയപ്പ് നൽകുകയും ചെയ്തു. ADSU വിന്റെ പ്രവർത്തന പദ്ധതികളെക്കുറിച്ച് റവ.ഡോ. ജോൺസൺ അന്ത്യാകുളം വിഷയാവതരണം നടത്തുകയും തുടർന്ന് ചർച്ചക്ക് നേതൃത്വം നൽകുകയും ചെയ്തു. മീറ്റിംഗിൽ അഡ്വ. മനോജ് എം. കണ്ടത്തിൽ (ചീഫ് ഓർഗനൈസർ) സ്വാഗതം ആശംസിക്കുകയും മെറിൻ ഇഗ്നേഷ്യസ് നന്ദി പറയുകയും ചെയ്തു.

ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ കൈകോർത്ത് മദ്യമുക്ത സഭയ്ക്കും സമൂഹത്തിനും വേണ്ടിയുള്ള പരിശ്രമങ്ങളിൽ എല്ലാവരുടെയും പ്രാർത്ഥനകളും സഹകരണവും വിനീതമായി അപേക്ഷിക്കുന്നു.

സ്നേഹാശംസകളോടെ,

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

സ്നേഹമുള്ളവരെ,

2009 മുതൽ 2019 വരെ കഴിഞ്ഞ 10 വർഷക്കാലം തലശ്ശേരി അതിരൂപതയുടെ എയിഡഡ് വിദ്യാലയങ്ങളുടെ കോർപ്പറേറ്റ് മാനേജരായി സേവനം ചെയ്യാൻ ദൈവം എന്നെ അനുവദിച്ചു, അനുഗ്രഹിച്ചു. വലിയ പ്രതിസന്ധികളുടെ നിമിഷങ്ങളിൽ ഈ കാലഘട്ടം മുഴുവൻ ലഭിച്ച ദൈവകാരുണ്യത്തിന് നന്ദി.

അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം, മാർ ജോർജ് ഞറളക്കാട്ട്, മാർ ജോസഫ് പാംപ്ലാനി എന്നീ പിതാക്കന്മാർ നൽകിയ പിന്തുണയ്ക്കും പ്രോത്സാഹനത്തിനും മാർഗ നിർദ്ദേശങ്ങൾക്കും നന്ദി. ദീർഘവീക്ഷണത്തോടെ ഈ വിദ്യാഭ്യാസ ഏജൻസിയെ പടുത്തുയർത്തിയ മുൻഗാമികളായ കോർപ്പറേറ്റ് മാനേജർമാരുടെ ത്യാഗത്തെയും സേവനങ്ങളെയും ആദരിക്കുന്നു.

തലശ്ശേരി അതിരൂപതയിലെ സീനിയർ വൈദികരുടെ നേതൃത്വത്തിൽ ദൈവജനം ഒരുമിച്ച് പടുത്തുയർത്തിയതാണ് എല്ലാ വിദ്യാലയങ്ങളും. ഓരോ വിദ്യാലയവും ആരംഭിച്ചതിന് പിന്നിൽ പ്രതിസന്ധികളുടെയും സാഹസികതയുടെയും കൂട്ടായ്മയുടെയും ചരിത്രമുണ്ട്. അവരുടെ കഠിനാദ്ധ്വാനത്തിന്റെയും നന്മയുടെയും ഫലങ്ങളാണ് നമ്മൾ ഇന്ന് അനുഭവിക്കുന്നത്.

നമ്മുടെ എല്ലാ വിദ്യാലയങ്ങളും പുനർ നിർമ്മിക്കുകയും നവീകരിക്കുകയും ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നത് ഓരോ ഇടവകയിലേയും മാനേജരച്ചന്മാരും ഇടവകാംഗങ്ങളുമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ബഹുമാനപ്പെട്ട അച്ചന്മാർ എനിക്ക് നൽകിയ സഹകരണത്തിനും വിദ്യാലയങ്ങൾക്കു നൽകിയ പ്രോത്സാഹനത്തിനും നേതൃത്വത്തിനും അവരോട് കടപ്പെട്ടിരിക്കുന്നു.

പ്രധാനധ്യാപകരായും അധ്യാപകരായും അനധ്യാപകരായും നമ്മുടെ വിദ്യാലയങ്ങൾക്കു വേണ്ടിയും വിദ്യാർത്ഥികൾക്കു വേണ്ടിയും ജീവിതം സമർപ്പിച്ച എല്ലാ നല്ല മനസ്സുകൾക്കും നന്ദി.

നമ്മുടെ വിദ്യാലയങ്ങൾ സംഘാതമായ പ്രവർത്തനങ്ങളിലൂടെയാണ് പ്രവർത്തിച്ചത്. ജനപങ്കാളിത്ത വിദ്യാഭ്യാസ വികസനമാണ് നമ്മുടെ വിദ്യാലയങ്ങളെ വളർത്തിയത്, പ്രശസ്തമാക്കിയത്. വിദ്യാലയ പ്രവർത്തനങ്ങളോട് സഹകരിച്ച് പ്രവർത്തിക്കുന്ന പി.ടി.എ അംഗങ്ങളെ കൃതജ്ഞതയോടെ ഓർക്കുന്നു.

ബഹുമാനപ്പെട്ട മാത്യു ശാസ്താംപടവിൽ അച്ചനെയാണ് പുതിയ കോർപ്പറേറ്റ് മാനേജരായി അഭിവന്ദ്യ പിതാവ് നിയമിച്ചിരിക്കുന്നത്. വൈദിക പരിശീലന കാലഘട്ടത്തിൽ തലശ്ശേരി മൈനർ സെമിനാരിയിലും ആലുവ മംഗലപുഴ മേജർ സെമിനാരിയിലും ജീവിച്ച കാലഘട്ടം മുതൽ അച്ചനെ എനിക്ക് പരിചയമുണ്ട്. അതിരൂപതയിലെ വിവിധ ഇടവകകളിൽ സേവനം അനുഷ്ഠിച്ച അച്ചൻ ദൈവശാസ്ത്രത്തിൽ റോമിൽ ഉപരിപഠനം നടത്തിയിട്ടുണ്ട്. കഴിഞ്ഞ 7 വർഷകാലം തലശ്ശേരി സാൻജോസ് മെട്രോ പൊളിറ്റൻ സ്കൂളിന്റെ മാനേജരായിരുന്നു. മികച്ച സംഘാടകനായ മാത്യു അച്ചന്റെ നേതൃത്വത്തിൽ നമ്മുടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി കൂടുതൽ ഉയരങ്ങളിലേക്ക് വളരും. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയെ നയിക്കാനുള്ള ദൈവാനുഗ്രഹം അച്ചന് ലഭിക്കാൻ നിരന്തരം പ്രാർത്ഥിക്കാം. മാത്യു അച്ചന് എല്ലാ വിധ മംഗളങ്ങളും ആശംസിക്കുന്നു.

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ഓഫീസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സി. അൽഫോൻസ്, കാവ്യ വി.കെ, ലിജിഷ കെ, ശ്യാമിലി വി. എന്നിവരോടുള്ള നന്ദി പ്രത്യേകമായി അറിയിക്കുന്നു. കഴിഞ്ഞ 10 വർഷകാലം വിവിധ കാലഘട്ടങ്ങളിൽ സേവനം ചെയ്ത സ്റ്റാഫ് അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

തലശ്ശേരി അതിരൂപതയിലെ കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ പ്രവർത്തനം ശ്രദ്ധേയമാണ്. നിയമനാംഗീകാര നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിലുള്ള വിവിധ പ്രോഗ്രാമുകൾ കൃത്യതയോടെ ആസൂത്രണം ചെയ്യുന്നതിനും ടീച്ചേഴ്സ് ഗിൽഡ് ചെയ്യുന്ന സേവനങ്ങളെ ആദരിക്കുന്നു.

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ സഹോദര സ്ഥാപനമായ ട്രെയ്ക്സ് വിജയകരമായി മുന്നോട്ട് പോകുന്നത് സന്തോഷവും അഭിമാനവും നൽകുന്നു.. ഈ സ്ഥാപനത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ എന്നോടു കാണിച്ച ആദരവിനും സ്നേഹത്തിനും നന്ദി.

നമ്മുടെ വിദ്യാലയങ്ങൾ കത്തോലിക്കാസഭയുടെ നന്മയുടെ സാക്ഷ്യങ്ങളാണ്. സഭയുടെ ഈ വലിയ പ്രേഷിത ദൗത്യത്തിൽ നമ്മൾ എല്ലാവരും പങ്കുചേരുന്നു. സഭയോടൊത്ത് നിൽക്കാനും സഭയുടെ നന്മയെ മനസ്സിലാക്കാനും സഭയിലൂടെ ലഭിച്ച നന്മകൾ തിരിച്ചറിയാനും നമുക്കെല്ലാവർക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നിങ്ങൾ എനിക്കു തന്ന സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി പറയുന്നു. പുതിയ മേഖലയിൽ ഭംഗിയായി പ്രവർത്തിക്കുന്നതിന് പ്രാർത്ഥന സഹായം അപേക്ഷിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജയിംസ് ചെല്ലങ്കോട്ട്**

കഴിഞ്ഞ 10 വർഷക്കാലം കോർപ്പറേറ്റ് മാനേജരായി നമ്മുടെ വിദ്യാലയങ്ങൾക്ക് ശക്തമായ നേതൃത്വവും ദിശാബോധവും നൽകിയ കേരളത്തിലെ ഏറ്റവും മികച്ച വിദ്യാഭ്യാസ ഏജൻസിയായി നമ്മുടെ കോർപ്പറേറ്റിനെ മാറ്റിയെടുത്ത ബഹു. ജയിംസ് ചെല്ലങ്കോട്ട് അച്ചൻ പുതിയ പ്രവർത്തന മേഖലയിലേക്ക് മാറുകയാണല്ലോ. നാളിതുവരെ ഈ പ്രസ്ഥാനത്തെ വളർത്തുന്നതിനും വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി തീർക്കുന്നതിനും അച്ചൻ കാണിച്ച ശ്രദ്ധ വലുതാണ്. അച്ചന്റെ കഠിനാദ്ധ്വാനവും ദീർഘവിക്ഷണവും ഈ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയെ വളർത്തുന്നതിൽ ഒത്തിരി സഹായിച്ചു. പുതിയ പ്രവർത്തനമേഖലയിൽ എല്ലാവിധ വിജയാശംസകളും ദൈവാനുഗ്രഹവും നേരുന്നു.

അദ്ദേഹത്തിന്റെ പിൻഗാമിയായി അഭിവന്ദ്യ പിതാവ് എന്നെ നിയോഗിച്ചിരിക്കുകയാണ്. ഈ പുതിയ ദൗത്യം ഏറ്റെടുക്കുമ്പോൾ നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും എന്നോടു കൂടി ഉണ്ടാകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. ആവശ്യമായ ഇടപെടലുകളും കാര്യക്ഷമമായ നിർദ്ദേശങ്ങളും തക്കസമയത്ത് നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുമല്ലോ.

## യാത്രാ മംഗളങ്ങൾ

കഴിഞ്ഞ 6 വർഷക്കാലം കോർപ്പറേറ്റ് ഓഫീസിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച സി. അൽഫോൻസ് 2019 മെയ് 22 ന് നെല്ലിക്കാംപൊയിൽ പ്രൊവിൻഷ്യൽ ഹൗസിലേക്ക് സ്ഥലം മാറിപ്പോയി. കഴിഞ്ഞ കാലങ്ങളിൽ ഏറ്റെടുത്തിരുന്ന ഉത്തരവാദിത്വങ്ങൾ വളരെ കൃത്യമായും ഭംഗിയായും നിർവഹിച്ച് ഞങ്ങൾക്ക് അനുഗ്രഹമായി മാറിയ സി. അൽഫോൻസിന് ഹൃദയാംഗമമായ യാത്രാ മംഗളങ്ങൾ നേരുന്നു.

## സ്വാഗതം

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലേക്ക് പുതുതായി കടന്നുവന്നിരിക്കുന്ന സി. വിനീത സി.എം.സി ക്ക് ഹൃദ്യമായ സ്വാഗതവും വിജയാശംസകളും നേരുന്നു.

---

## എസ്.എൽ.എൽ.സി റിസൾട്ട്

| സ്കൂൾ | Full A+ | 9 A+ | percentage |
|---|---|---|---|
| അങ്ങാടിക്കടവ് എച്ച്.എസ് | 28 | 10 | 99.3% |
| ചന്ദനക്കാംപാറ എച്ച്.എസ് | 19 | 6 | 100% |
| ചെമ്പത്തൊട്ടി എച്ച്.എസ് | 20 | 5 | 99.3% |
| ചെമ്പേരി എച്ച്.എസ്.എസ് | 33 | 5 | 100% |
| ചെറുപുഴ എച്ച്.എസ് | 48 | 16 | 100% |

| | | | |
|---|---|---|---|
| എടൂർ എച്ച്.എസ് | 25 | 13 | 100% |
| കടുനേി എച്ച്.എസ് | 6 | 3 | 100% |
| കരിക്കോട്ടകരി എച്ച്.എസ് | 4 | 4 | 100% |
| കിളിയന്തറ എച്ച്.എസ് | 2 | 7 | 98.1% |
| കൊളക്കാട് എച്ച്.എസ് | 6 | 3 | 100% |
| കുടിയാന്മാല എച്ച്.എസ് | 25 | 6 | 100% |
| കുന്നോത്ത് എച്ച്.എസ് | 16 | 7 | 100% |
| മണിക്കടവ് എച്ച്.എസ് | 13 | 12 | 100% |
| നെല്ലികുറ്റി എച്ച്.എസ് | 14 | 5 | 100% |
| പൈസക്കരി എച്ച്.എസ് | 9 | 8 | 100% |
| പാലാവയൽ എച്ച്.എസ് | 26 | 11 | 100% |
| പേരാവൂർ എച്ച്.എസ് | 37 | 15 | 100% |
| പെരുമ്പടവ് എച്ച്.എസ് | 15 | 8 | 100% |
| പുലിക്കുരുമ്പ എച്ച്.എസ് | 10 | 4 | 100% |
| തേർത്തല്ലി എച്ച്.എസ് | 6 | 4 | 100% |
| തോമാപുരം എച്ച്.എസ് | 39 | 7 | 99.3% |
| വായാട്ടുപറമ്പ എച്ച്.എസ് | 57 | 22 | 99.63% |
| വെളിമാനം എച്ച്.എസ് | 21 | 12 | 98% |
| വെള്ളരിക്കുണ്ട് എച്ച്.എസ് | 42 | 10 | 97.4% |

## പരിസ്ഥിതി ദിനം

ജൂൺ 05-ാം തീയതി ലോക പരിസ്ഥിതി ദിനമാണ്. പരിസ്ഥിതി ദിനം വിവിധ പരിപാടികളോടെ എല്ലാ സ്കൂളുകളിലും ആചരിക്കണം. വൃക്ഷ തൈകൾ നട്ടും പൂച്ചെടികൾ നട്ടുപിടിപ്പിച്ചും നമ്മുടെ സ്കൂൾ ക്യാമ്പുകൾ ഗ്രീൻ ക്യാമ്പസാക്കണം. എല്ലാ സ്കൂളുകളും വൃക്ഷ തൈകൾ നട്ട് പരിസ്ഥിതി ദിനം ആചരിക്കണം.

## കരിവേടകം എ.യു.പി. സ്കൂളിന് പുതിയ കെട്ടിടം

കരിവേടകം എ.യു.പി സ്കൂളിന് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം 2019 മെയ് 03 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി ആശിർവദിച്ച് നാടിനു സമർപ്പിച്ചു. കെട്ടിടത്തിന്റെ ഉദ്ഘാടനം ഉദുമ എം.എൽ.എ ശ്രീ. കെ. കുഞ്ഞിരാമൻ നിർവഹിച്ചു. റവ. ഫാ. ജെയിംസ് ചെല്ലങ്കോട്ട് മുഖ്യ പ്രഭാഷണം നടത്തി.

മനോഹരമായ ഈ സ്കൂൾ കെട്ടിടം യാഥാർത്ഥ്യമാക്കുന്നതിനായി അത്യദ്ധ്വാനം ചെയ്ത റവ. ഫാ. മാത്യു വളവനാൽ അച്ചന് ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. അച്ചനോടൊപ്പം ഈ ഉദ്യമത്തിനായി അദ്ധ്വാനിച്ച കൈക്കാരൻമാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ, ഇടവകാംഗങ്ങൾ, അധ്യാപകർ, കുട്ടികൾ, നാട്ടുകാർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

## പ്ലസ് ടു റിസൽട്ട്

| സ്കൂളിന്റെ പേര് | സയൻസ് പരീക്ഷ എഴുതിയവർ | സയൻസ് വിജയിച്ചവർ | സയൻസ് ശതമാനം | കൊമേഴ്സ് പരീക്ഷ എഴുതിയവർ | കൊമേഴ്സ് വിജയിച്ചവർ | കൊമേഴ്സ് ശതമാനം | ഹ്യുമാനിറ്റീസ് പരീക്ഷ എഴുതിയവർ | ഹ്യുമാനിറ്റീസ് വിജയിച്ചവർ | ഹ്യുമാനിറ്റീസ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| അങ്ങാടിക്കടവ് | 60 | 60 | 100 | 56 | 56 | 100 | 55 | 55 | 100 |
| ചെമ്പേരി | 119 | 117 | 98.32 | 59 | 57 | 94.61 | 50 | 97 | 74 |
| കൊളക്കാട് | 116 | 116 | 100 | Nil | Nil | Nil | 57 | 49 | 86 |
| പെരുമ്പടവ് | 55 | 52 | 94.55 | 59 | 47 | 79.7 | Nil | Nil | Nil |
| തോമാപുരം | 170 | 160 | 94 | 58 | 54 | 93 | 57 | 45 | 79 |
| വെളിമാനം | 48 | 47 | 98 | 58 | 56 | 97 | 54 | 47 | 87 |
| വെള്ളരിക്കുണ്ട് | 112 | 110 | 98.5 | Nil | Nil | Nil | 54 | 51 | 94.5 |
| മേരിഗിരി | 51 | 49 | 97 | 60 | 55 | 94 | Nil | Nil | Nil |
| പേരാവൂർ | 58 | 53 | 93.36 | 58 | 54 | 90.16 | Nil | Nil | Nil |
| മണിക്കടവ് | 59 | 58 | 98 | 57 | 51 | 89.47 | Nil | Nil | Nil |
| പാലാവയൽ | – | – | 98.2 | - | - | 73 | Nil | Nil | Nil |
| കുന്നോത്ത് | 45 | 28 | 62.22 | 63 | 52 | 82.54 | Nil | Nil | Nil |
| എടൂർ | 213 | 210 | 98.59 | 116 | 112 | 96.55 | Nil | Nil | Nil |
| വായാട്ടുപറമ്പ | – | – | 97 | – | – | 98 | - | - | 98 |
| | ബയോളജി സയൻസ് | | | കമ്പ്യൂട്ടർ സയൻസ് | | | കൊമേഴ്സ് | | |
| കിളിയന്തറ | 58 | 57 | 98.27 | 32 | 28 | 87.27 | 59 | 55 | 93.22 |

ഉന്നതവിജയം നേടാൻ യത്നിച്ച മാനേജർമാർ, പ്രിൻസിപ്പാൾ/പ്രധാനാധ്യാപകർ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്ക് അഭിനന്ദനങ്ങൾ.

### പ്രവേശനോത്സവം

പുതിയ അധ്യയന വർഷം ജൂൺ 3-ാം തീയതി ആരംഭിക്കുകയാണ്. നമ്മുടെ വിദ്യാലയങ്ങളെ കൂടുതൽ മികവോടെ മുന്നോട്ട് കൊണ്ടുപോകാൻ സംഘാതമായി പരിശ്രമിക്കണം. വിദ്യാർത്ഥികളെ നമ്മുടെ സ്കൂളിലേക്ക് ആകർഷിക്കുവാനുള്ള പരിശീലന പരിപാടികൾ ആരംഭിക്കണം. പ്രവേശനോത്സവം നവാഗതർക്ക് ഹൃദ്യമായ അനുഭവമാകാൻ പ്രോഗ്രാമുകൾ എല്ലാ സ്കൂളുകളിലും ക്രമീകരിക്കണം. ബഹു. മാനേജരച്ചന്മാരെ മുൻകൂട്ടി അറിയിച്ച് പ്രാർത്ഥനയോടെ ആരംഭിക്കണം.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### 1. നന്ദി

കഴിഞ്ഞ ആറു വർഷക്കാലം തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടർ ആയിരുന്നുകൊണ്ട് സംഘടനയെ തന്റെ നല്ല നേതൃത്വപാടവം കൊണ്ട് ധീരമായി നയിക്കുകയും ദീർഘവീക്ഷണം ഉള്ള പ്രവർത്തനങ്ങൾ കൊണ്ട് സംഘടനാ പ്രവർത്തനത്തെ മെച്ചപ്പെടുത്തുകയും സാമ്പത്തികഭദ്രത ഉറപ്പുവരുത്താനുള്ള ലക്ഷ്യത്തോടുകൂടി തളിപ്പറമ്പിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിക്ക് സ്ഥലം വാങ്ങിക്കുവാനും ബഹുമാനപ്പെട്ട തയ്യിൽ അച്ചൻ നൽകിയ നേതൃത്വത്തെ അഭിമാനത്തോടെ ഞങ്ങൾ അനുസ്മരിക്കുന്നു. യൂണിറ്റ്തലം മുതലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും ക്രമപ്പെടുത്താനും അച്ചന്റെ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ട്. അച്ചന്റെ പ്രവർത്തന കാലഘട്ടങ്ങളിൽ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ വളരെ മാതൃകാപരമായി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. അച്ചന്റെ നേതൃത്വത്തിൽ ലഭിച്ച എല്ലാ നന്മകളും തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയെ ഒത്തിരി വളർത്തി എന്നതിൽ യാതൊരു സംശയവുമില്ല. അച്ചന് അഭിമാനിക്കുവാൻ ഒത്തിരിയുണ്ട്. അച്ചനിലൂടെ ലഭിച്ച എല്ലാ നന്മകളും നന്ദിയോടെ ഓർക്കുന്നു. ഞങ്ങളുടെ പ്രിയപ്പെട്ട അച്ചന്റെ പുതിയ ഉത്തരവാദിത്വത്തിൽ എല്ലാവിധ വിജയങ്ങളും അനുഗ്രഹങ്ങളും പ്രാർത്ഥിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു.

### 2. സ്വീകരണം നൽകി

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ആയി നിയമിതനായ റവ ഫാ ജോർജ് കളരിമുറി സ്ഥാനമേറ്റു. 2019 മെയ് 13ന് അച്ഛന് തലശ്ശേരി സോഷ്യൽ സർവീസിലേക്ക് ഹൃദ്യമായി സ്വാഗതം ചെയ്തു. അച്ഛന്റെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാ ദൈവാനുഗ്രഹവും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും എല്ലാ വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

### 3. സ്റ്റാഫ് മീറ്റിംഗ്

2019 മെയ് 3 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തളിപ്പറമ്പ് കാരക്കുണ്ട് മേരി മീഡിയാട്രിക്സ് സി ബി എസ് ഇ സ്കൂളിൽ വെച്ച് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സ്റ്റാഫ് മീറ്റിംഗ് സംഘടിപ്പിച്ചു. മെയ്

16 മുതൽ ചായി എസ് എൽ എഫ്, എസ് എ പി എഫ് പ്രോഗ്രാമുകളുടെ അജണ്ടയും കാര്യപരിപാടികളും തീരുമാനിക്കുന്നതിന് വേണ്ടിയാണ് ഈ മീറ്റിംഗ് സംഘടിപ്പിച്ചത്. മീറ്റിംഗിൽ ടി എസ് എസ് എസ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാദർ ജോർജ് കളരിമുറിയിൽ എന്നിവർ പങ്കെടുത്തു. ടി എസ് എസ് എസ് സ്റ്റാഫ് അംഗങ്ങൾക്ക് ഓരോ കമ്മിറ്റി അനുസരിച്ച് ഉത്തരവാദിത്തങ്ങൾ ഏൽപ്പിച്ചു കൊടുത്തു.

## 4. സേവ് എ ഫാമിലി യോഗത്തിൽ പങ്കെടുത്തു

2019 മെയ് 14, 15, 16 തീയതികളിൽ എറണാകുളത്ത് വച്ച് നടന്ന സേവ് ഫാമിലി പ്ലാനിങ് മീറ്റിംഗിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി സേവ് എ ഫാമിലി കോഡിനേറ്റർ സി. ആഷാ ജോർജ് M.M.M പങ്കെടുത്തു. ഇതുവരെ ചെയ്ത പ്രോഗ്രാമുകളുടെ അവലോകനവും ഇനി ചെയ്യാൻ പോകുന്ന പ്രോഗ്രാമുകൾക്ക് മുന്നോടിയായിട്ടുള്ള നിർദ്ദേശങ്ങളുമാണ് മീറ്റിംഗിൽ ചർച്ചാവിഷയമായി ഉണ്ടായിരുന്നത്.

## 5. ചായി എസ് എൽ എഫ് പ്രോഗ്രാം കുട്ടികൾക്കായി ക്യാമ്പും മാതാപിതാക്കൾക്കായി കൗൺസിലിങ്ങും സംഘടിപ്പിച്ചു

2019 മെയ് 16 വ്യാഴാഴ്ചയും മെയ് 17 വെള്ളിയാഴ്ചയും ചായി എസ് എൽ എഫ് പ്രോഗ്രാമിലെ ഡിഫ്രൻഡ്‌ലി ഏബിൽഡ് ആയിട്ടുള്ള കുട്ടികളുടെ ക്യാമ്പ് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി സംഘടിപ്പിച്ചു. രാവിലെ ഒൻപതരയോടെ രജിസ്ട്രേഷൻ ആരംഭിച്ചു.
ഏകദേശം 150ഓളം കുട്ടികളും മാതാപിതാക്കളും അവരെ സഹായിക്കു വാനായി ടി എസ് എസ് എസ് ചായി, പ്രൊജക്റ്റ് കോഡിനേറ്റർ ടിക്കു ജെയിസും മറ്റ് സ്റ്റാഫുകളും ഉണ്ടായിരുന്നു. 16 -ാം തീയതി വൈകുന്നേരം 4 മണിയോടെ തലശ്ശേരി രൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പരിപാടി സന്ദർശിക്കുകയും കുട്ടികളോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു.

## ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങൾ ഈശ്വരന്റെ പ്രത്യേക ദാനങ്ങൾ: മാർ ജോസഫ് പാംപ്ലാനി

ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങൾ ദൈവത്തിന്റെ പ്രത്യേക ദാന മാണെന്നും അവരെ പരിപാലിക്കുന്ന മാതാപിതാക്കൾക്കും കുടുംബാംഗ ങ്ങൾക്കും ദൈവാനുഗ്രഹം ധാരാളമായി ലഭിക്കുമെന്നും തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രസ്താവിച്ചു. പ്രത്യേക കഴിവുകൾ ഉള്ള ഈ കുഞ്ഞുങ്ങളെ സംരക്ഷിക്കുവാൻ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്തവരാണ് ഈ മാതാപിതാക്കൾ എന്ന് പിതാവ് സൂചിപ്പിച്ചു. പ്രത്യേക കഴിവുകൾ ഉള്ള ഈ കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിനും ഇവരുടെ മാതാപിതാക്കൾക്ക് ഒത്തുചേർന്നു അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും ഈ

ക്യാമ്പ് ഉപകാരപ്പെട്ടു. തളിപ്പറമ്പ് നിയോജക മണ്ഡലം എംഎൽഎ ശ്രീ ജെയിംസ് മാത്യു കുട്ടികളെ സന്ദർശിച്ചു. ഭിന്നശേഷിക്കാരായ കുട്ടികളെ സഹായിക്കാൻ സർക്കാരും ഭരണസംവിധാനങ്ങളും എപ്പോഴും സന്നദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. സമൂഹം വളരെ ഏറെ കരുതലോടെയും കരുണയോടെയും സംരക്ഷിക്കേണ്ട വിഭാഗമാണ് ഭിന്നശേഷിക്കാരായ കുട്ടികൾ എന്നും ഈ ഉത്തരവാദിത്വം സർക്കാർ സംവിധാനങ്ങളിലൂടെ ഫലപ്രദമായി നടപ്പിലാകുന്നുണ്ടെന്നും ശ്രീ ജെയിംസ് മാത്യു എംഎൽഎ പറഞ്ഞു. അവകാശങ്ങളെക്കുറിച്ച് മാതാപിതാക്കന്മാർ ബോധവാന്മാർ ആകണമെന്നും അത് ഉപയോഗപ്പെടുത്തുവാൻ വേണ്ട എല്ലാ സഹായവും എംഎൽഎ വാഗ്ദാനം ചെയ്തു. ബഹുമാനപ്പെട്ട പിതാവിന്റെയും എംഎൽഎയുടെയും വാക്കുകൾ ഫാദർ ജോർജ് കളരിമുറി ആംഗ്യഭാഷയിലൂടെ സംസാരിക്കാനും കേൾക്കുവാനും സാധിക്കാത്ത കുട്ടികൾക്ക് കാണിച്ചുകൊടുത്തു. തുടർന്ന് മലബാർ ക്യാൻസർ കെയർ സെന്റർ ഡയറക്ടർ ഡോക്ടർ സതീശൻ, ഡോക്ടർ നീതു എന്നിവർ കുട്ടികളുമൊത്ത് സംവാദത്തിൽ ഏർപ്പെട്ടു. സ്റ്റാഫ് അംഗങ്ങൾ, സെമിനാരി വിദ്യാർത്ഥികൾ എന്നിവരും ക്ലാസിൽ പങ്കെടുത്തു.

### 6. സേവ് എ ഫാമിലി പ്ലാൻ കുട്ടികൾക്കായി രണ്ട് ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചു.

2019 മെയ് 18 19 തീയതികളിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സേവ് എ ഫാമിലി പ്രോജക്ട് മെമ്പേഴ്സ് കുട്ടികൾക്കായി രണ്ട് ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചു. തളിപ്പറമ്പ് കാരക്കുണ്ട് മേരി മീഡിയാട്രിക്സ് സി ബി എസ് സി സ്കൂളിൽ വെച്ചിട്ടാണ് ക്യാമ്പ് നടത്തിയത്. മേയ് 18 ശനിയാഴ്ച രാവിലെ ഒൻപതരയോടെ രജിസ്ട്രേഷൻ തുടങ്ങിയ പ്രോഗ്രാമിൽ ഏകദേശം 150 ഓളം കുട്ടികൾ പങ്കെടുത്തു.

രാവിലെ 10 30 ന് പ്രോഗ്രാം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അധ്യക്ഷതയും സേവ് എ ഫാമിലി ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാർഷ്യൽ മേൽപള്ളി ഉദ്ഘാടനവും നിർവഹിച്ചു. വൈദിക വിദ്യാർഥി ബ്രദർ ഓസ്റ്റിൻ, മേരി മീഡിയാട്രിക്സ് മദർ സുപ്പീരിയർ സിസ്റ്റർ അന്നമ്മ ഫിലിപ്പോസ് എന്നിവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് ഡയറക്ടർ ഫാദർ ബെന്നി നിരപ്പേൽ ടി എസ് എസ് എസിന്റെ സ്നേഹോപഹാരം ഫാ. മാർഷലിന് സമ്മാനിച്ചു. തുടർന്ന് സേവ് എ ഫാമിലി വെള്ളരിക്കുണ്ട് ആനിമേറ്റർ ബീന ടോമി നന്ദി അറിയിച്ചു.

തുടർന്ന് വൈദിക വിദ്യാർഥികളായ ബ്രദർ ഓസ്റ്റിന്റെ നേതൃത്വത്തിലുള്ള വൈദിക വിദ്യാർത്ഥികൾ കുട്ടികൾക്ക് ക്ലാസ്സുകളും കളികളും നടത്തി. നിത്യജീവിതത്തിൽ അവർക്ക് ഉപകാരപ്പെടുന്ന ക്ലാസുകളാണ് നടത്തിയത്.

രണ്ട് ദിവസത്തെ ക്യാമ്പ് കുട്ടികൾ വളരെയധികം ആസ്വദിച്ചു. ജീവിത മൂല്യങ്ങൾ, വ്യക്തിത്വ വികസനം, ജീവിതമര്യാദകൾ അനുകരണ മാതൃകകൾ എന്നിവയെ സംബന്ധിച്ചുള്ള ക്ലാസുകൾ വൈദികവിദ്യാർത്ഥികൾ നടത്തി. ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയും സേവ് ഫാമിലിയെക്കുറിച്ചുള്ള ക്ലാസ് കുട്ടികൾക്ക് എടുത്തു, തുടർന്നു പഠനത്തിന്റെ ആവശ്യകതയും വിദ്യാഭ്യാസം കൊണ്ടുള്ള നേട്ടങ്ങളും, ജീവിതത്തിൽ പ്രാർത്ഥനയ്ക്കുള്ള പ്രാധാന്യവും ആവശ്യകതയും എന്നീ വിഷയങ്ങളെക്കുറിച്ച് ഫാ. ബെന്നി നിരപ്പേൽ അവർക്ക് വിവരിച്ചു കൊടുത്തു.

കുട്ടികളെ വിനോദകരം ആക്കുന്നതിനു വേണ്ടി ഒരുപാട് ഗെയിമുകളും സംഘടിപ്പിച്ചു. വൈകുന്നേര സമയത്ത് അവരുടെ കഴിവുകൾ തിരിച്ചറിയുന്നതിന് വേണ്ടി ഗ്രൂപ്പ് അടിസ്ഥാനത്തിൽ അവരുടെ കലാപരിപാടികളും സംഘടിപ്പിച്ചു. വളരെ മനോഹരമായി കുട്ടികൾ ഡാൻസ് പാട്ട്, സ്കിറ്റ്, കഥ, കവിത, ആക്ഷൻ സോങ്, എന്നിവ അവതരിപ്പിച്ചു. തലശ്ശേരി മലബാർ ക്യാൻസർ സെന്ററിൽ നിന്ന് വന്ന ഉദ്യോഗസ്ഥർ കുട്ടികൾക്കായി ചിത്രരചനാ മത്സരവും കവിതാ മത്സരവും സംഘടിപ്പിച്ചു. ലഹരി എന്ന വിഷയത്തെ ആസ്പദമാക്കി ആയിരുന്നു മത്സരം. ഈ 4 ദിവസത്തെ ക്യാമ്പിലും വൈദികവിദ്യാർത്ഥികളായ ബ്രദർ ഓസ്റ്റിൻ, ബ്രദർ ഗ്രിനോ, ബ്രദർ ജിതിൻ, ബ്രദർ ജിൽബർട്ട്, ബ്രദർ നിതിൻ എന്നിവരും സഹായത്തിനുണ്ടായിരുന്നു.

പത്തൊമ്പതാം തീയതി രണ്ട് മണിയോടെ പരിപാടി സമാപിച്ചു. സമാപനത്തോടനുബന്ധിച്ച് ഈ അദ്ധ്യായന വർഷത്തിൽ എസ്എസ്എൽ സി പരീക്ഷയിൽ ഉന്നത വിജയം നേടിയ കുട്ടികളെയും ഈ പ്രോഗ്രാമിനോട് അനുബന്ധിച്ച് നടന്ന ഗെയിമുകളിലും മത്സരങ്ങളിലും കലാപരിപാടികളും മികച്ച പ്രകടനം നടത്തിയ വിദ്യാർഥികൾക്കു ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ.ജോർജ് കളരിമുറിയിലും സമ്മാനങ്ങൾ നൽകി.

## 7. പുല്ലടി ക്രെഡിറ്റ് യൂണിയൻ വാർഷിക പൊതുയോഗം നടത്തി

2019 മെയ് 18 ന് അൽഫോൻസിയൻ C. U വിന്റെ ആദ്യ വാർഷിക പൊതുയോഗം പുല്ലടി ചർച്ചിൽ വച്ച് യൂണിറ്റ് ഡയറക്ടർ ഫാ. പ്രജിൽ പണ്ടാരപ്പറമ്പിലിന്റെ അധ്യക്ഷതയിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ ഉദ്ഘാടനം ചെയ്തു. ശ്രീ. സണ്ണി മഞ്ഞകുന്നേൽ യൂണിറ്റ് വിലയിരുത്തി സംസാരിച്ചു. പനത്തടി റീജിയൻ സെക്രട്ടറി ശ്രീമതി. മേരി ലൂയിസ്, ചുള്ളി യൂണിറ്റ് പ്രസിഡന്റ് ശ്രീ. സിബിൾ പനക്കപള്ളിയിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. യൂണിറ്റ് സെക്രട്ടറി ശ്രീമതി. ഷൈനി തോമസ് കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. തുടർന്ന്

യൂണിറ്റിന്റെ ഒരുവർഷത്തെ വാർഷിക ആസൂത്രണം നടത്തി. പൊതുയോഗത്തോടനുബന്ധിച്ചു മനോഭാവം എന്ന വിഷയത്തിൽ സെമിനാർ നടന്നു. സെമിനാറിന് ശ്രീ. ബിനോയ് നേതൃത്വം നൽകി. ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും 5ഇനം പച്ചക്കറി വിത്തുകൾ നൽകി. 70 അംഗങ്ങൾ പങ്കെടുത്തു.

## 8. ഇറ്റാലിയാന മീറ്റിംഗിൽ പങ്കെടുത്തു

കാരിത്താസ് ഇറ്റാലിയാന പ്രൊജക്റ്റ് ഭാഗമായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കുന്ന പ്രളയബാധിതർക്കുള്ള സഹായ പദ്ധതിയുടെ കോട്ടയത്ത് വെച്ച് നടന്ന മീറ്റിങ്ങിൽ സിസ്റ്റർ ആഷാ ജോർജ് പങ്കെടുത്തു.

## 9. മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

2019 മെയ് 26 ഞായറാഴ്ച ചെമ്പേരി വിമല ഹോസ്പിറ്റലിൽ വെച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു ഏകദേശം മുപ്പതോളം പേർ ക്യാമ്പിൽ പങ്കെടുത്തു തൊക്കിലങ്ങാടി ക്രിസ്തുരാജ ഹോസ്പിറ്റൽ സൈക്കോളജി വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഡോക്ടർ വിനീത രോഗികളെ സന്ദർശിക്കുകയും പരിശോധിക്കുകയും ചെയ്തു. ടി എസ് എസ് എസ് സ്റ്റാഫ് ജൂവൽ മരിയ ക്യാമ്പിൽ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## ജൂൺ & ജൂലൈ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| **ജൂൺ** | 8 | : ഏകദിന കൺവെൻഷൻ |
| | 9-14 | : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം |
| | 23-28 | : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം |
| **ജൂലൈ** | 5-7 | : തപസ്സ് ധ്യാനം (10 am ആരംഭം) |
| | 5-7 | : പരിശുദ്ധാത്മാഭിഷേക ധ്യാനം (10 am ആരംഭം) |
| | 7-12 | : ആന്തരീക ശാരീരിക സൗഖ്യ ധ്യാനം |
| | 13 | : ഏകദിന കൺവെൻഷൻ |
| | 21-26 | : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി**

**ഫോൺ: 0490-2493491, 9745017131, 0490 2491941**

| | | |
|---|---|---|
| **ജൂൺ** | 9-13 | : ആന്തരിക സൗഖ്യ ധ്യാനം |
| | 14 | : ജാഗരണ പ്രാർത്ഥന |
| | 15 | : ക്രിസ്ററീൻ ഏകദിന ധ്യാനം |
| | 23-27 | : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| | 30-ജൂലൈ 4 | : പരിശുദ്ധാത്മാഭിഷേക ധ്യാനം |
| **ജൂലൈ** | 7-11 | : കപ്പൂച്ചിൻസ് ധ്യാനം |
| | 12 | : ജാഗരണ പ്രാർത്ഥന |
| | 13 | : ക്രിസ്ററീൻ ഏകദിന ധ്യാനം |
| | 14-18 | : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം |
| | 21-24 | : ആന്തരിക സൗഖ്യ ധ്യാനം |

**3. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

| | | |
|---|---|---|
| **ജൂൺ** | 14- 16 | : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| | 28-30 | : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| **ജൂലൈ** | 12- 14 | : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |
| | 26- 28 | : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം (വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ) |

**3. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**

**ഫോൺ :0460 2202613, 0460 2204556, 9447424076**

| | | |
|---|---|---|
| **ജൂൺ** | 13-16 | : (വ്യാഴം-ഞായർ) മരിയൻ ദിവ്യകാരുണ്യാഭിഷേക ധ്യാനം |

21- 23 : (ഞായർ-ചൊവ്വ)-കുടുംബ ദർശന ധ്യാനം
(ദമ്പതികൾക്കും യുവജനങ്ങൾക്കും വേണ്ടി)
27- 30 : (വ്യാഴം-ഞായർ) ഹീലിങ്ങ് & ഡെലിവറൻസ് ധ്യാനം
ഫാ. ജോസഫ് വയലിൽ സി.എം.ഐ & ടിം

**ജൂലൈ** 14-18 : ആന്തരിക സൗഖ്യ ധ്യാനം
19- 21 : (ഞായർ- ചൊവ്വ) - കുടുംബ ദർശന ധ്യാനം
(ദമ്പതികൾക്കും യുവജനങ്ങൾക്കും വേണ്ടി)
25- 28 : (വ്യാഴം - ഞായർ) ഹീലിങ്ങ് & ഡെലിവറൻസ് ധ്യാനം - ഫാ. ജോസഫ് വയലിൽ സി.എം.ഐ & ടിം

**4. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ**
**ഫോൺ: 9526609050, 9447481643, 9496253756**

**മെയ്** 5-10 : ആന്തരിക സൗഖ്യ ധ്യാനം
12-17 : സിസ്റ്റേഴ്സിന് മാത്രമുള്ള ധ്യാനം
19-24 : ആന്തരിക സൗഖ്യ ധ്യാനം
7, 14,21, 28 : ഏകദിന കൺവെൻഷൻ

**6. IMS ധ്യാന കേന്ദ്രം - കൂട്ടുപുഴ ഫോൺ : 9605907813, 9745292602, 823972612**

**ജൂൺ** 6 : രാത്രി ആരാധന
7- 9 : യുവജന ധ്യാനം
10-13 : ആന്തരിക സൗഖ്യ ധ്യാനം
14- 17 : കരുണാഗ്നി സ്നാന ധ്യാനം
23-26 : പരിശുദ്ധാത്മാഭിഷേക ധ്യാനം
28-30 : ദിവ്യകാരുണ്യ അഭിഷേക മരിയൻ ധ്യാനം

**ജൂലൈ** 4 : രാത്രി ആരാധന
8-12 : ആന്തരിക സൗഖ്യ ധ്യാനം
10-21 : മരിയൻ ധ്യാനം
28-31 : പരിശുദ്ധാത്മാഭിഷേക ധ്യാനം

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451, 2264645**

**ജൂൺ** 01 : ഏകദിന കൺവൻഷൻ
02-06 : ആന്തരീക സൗഖ്യധ്യാനം
14 : ജാഗരണപ്രാർത്ഥന
15 : സീയോൻ വിങ്സ്
16-20 : വരദാനവളർച്ചാ ധ്യാനം

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഏപ്രിൽ 2019

26 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന മേജർ സെമിനാരി റെക്ടേഴ്സിന്റെ മീറ്റിംങ്ങിൽ പങ്കെടുത്തു.

27 രാവിലെ 9 മണിക്ക് വെള്ളരിയാനം ഹോളിക്രോസ് ഇടവകയിൽ ഡീക്കൻ തടത്തിൽ പുത്തൻവീട്ടിൽ മനു ജോസഫ് MSFS ന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് 2.30ന് എടക്കോം ഉണ്ണിമിശിഹാ ദൈവാലയം കൂദാശ ചെയ്തു. വൈകുന്നേരം ബാലേശുഗിരി ഇടവകയിൽ അജപാലന സന്ദർശനത്തിനെത്തി രോഗീസന്ദർശനം നടത്തി.

28 ബാലേശുഗിരി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

29 രാവിലെ 9 മണിക്ക് മാങ്ങോട് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ഡീക്കൻ ലൂക്കാ പൂവത്തിങ്കൽ CssR ന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് 3 മണിക്ക് തലശ്ശേരി മാതാസെന്ററിൽ സാൻജോസ് അക്കാഡമിയുടെ IELTS അക്കാദമി ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 5 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ TTC വിദ്യാർത്ഥികളുമായി സംവദിച്ചു. തുടർന്ന് 7 മണിക്ക് മൈനർ സെമിനാരിയിൽ മേജർ സെമിനാരി ഗാതറിങ് ഉദ്ഘാടനം ചെയ്തു.

30 രാവിലെ 10 മണിക്ക് കരുണാപുരം സെന്റ്ജൂഡ് ഇടവകയിൽ സ്നേഹഗിരി സന്യാസിനി സമൂഹത്തിന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 3 മണിക്ക് രാജഗിരി ഇടവകയുടെ കീഴിലുള്ള മരുതും തട്ട് കുരിശുപള്ളി കൂദാശചെയ്തു. വൈകുന്നേരം കരുണാലയത്തിലെത്തി വെഞ്ചരിപ്പ് നടത്തുകയും അന്തേവാസികളുമായി സംവദിക്കുകയും ചെയ്തു.

### മെയ്

01 രാവിലെ 9.30ന് നെല്ലിക്കാംപൊയിൽ ഫൊറോന ദൈവാലയത്തിൽ വച്ചു നടന്ന CMC സന്യാസിനികളുടെ ജൂബിലിയാഘോഷത്തിലും. പ്രഥമ വ്രതവാഗ്ദാനത്തിലും വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

02 രാവിലെ 9 മണിക്ക് നടവയൽ ഇടവകയിൽ CMC സന്യാസിനികളുടെ പ്രഥമ വ്രതവാഗ്ദാനത്തിലും ജൂബിലിയാഘോഷത്തിലും വി. ബലിയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം ചെമ്പേരി DST സന്യാസ സമൂഹത്തിന്റെ ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ചെമ്പേരി വിമൽജ്യോതി എൻജിനീയറിങ്ങ് കോളേജിൽ നിന്നും സ്ഥലം മാറി പോകുന്ന വൈദികരുടെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.

3. രാവിലെ 6.45ന് പട്ടാരം കപ്പുച്ചിൻ ആശ്രമത്തിൽ നടന്ന കപ്പുച്ചിൻ പാവാനാത്മ പ്രൊവിൻസിന്റെ ചാപ്റ്റർ സമാപന ദിവസം വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് 10.30ന് നെല്ലിക്കുറ്റി ഇടവകയിൽ പുതിയതായി നിർമ്മിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി.

05 രാവിലെ 6.30ന് ഹസ്സൻ രാജീവ് സ്കൂൾ ഓഫ് നേഴ്സിങ് കോളേജിൽ വിദ്യാർത്ഥികൾക്കായി വി. ബലിയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം 5 മണിക്ക് വാഴമല സെന്റ് ജോസഫ്സ് ദൈവാലയത്തിൽ കുടിയേറ്റ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിക്കുകയും ആദ്യകാല കുടിയേറ്റക്കാരെ ആദരിക്കുകയും ചെയ്തു.

06 രാവിലെ 10 മണിക്ക് സെന്റ് ജോസഫ് മൈനർ സെമിനാരിയിൽ നടന്ന ഡീക്കൻസ് മീറ്റിൽ വി. ബലിയർപ്പിക്കുകയും തുടർന്ന് നടന്ന സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. വൈകുന്നേരം 4.30ന് കോളയാട് ഇടവകയിൽ പുതിയതായി നിർമ്മിച്ച പാരീഷ് ഹാൾ 'കാസാ ദി ദി ക്രിസ്ദോ' വെഞ്ചരിച്ചു. തുടർന്ന് കോളയാട് FCC കോൺവെന്റ് സന്ദർശിച്ചു. വൈകുന്നേരം 7 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന വൈദികരുടെ യാത്രയയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

8-10 ബാംഗ്ലൂർ സെന്റ് ജോൺസിൽ നടന്ന സിബിസിഐ സ്റ്റാൻന്റിംങ്ങ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.
ആരക്കുഴ ഇടവകയിൽ ഞറളക്കാട്ട് ലിയായുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

11-13 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ യോഗത്തിൽ പങ്കെടുത്തു.

14 രാവിലെ 10 മണിക്ക് കണിച്ചാർ ഇടവകയിൽ ബഹു. തോമസ് തയ്യിലിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കുന്നോത്ത് സെന്റ് ജോസഫ്സ് ഫൊറോന ദൈവാലയത്തിൽ സി. ജോവിറ്റ എഫ്.സി.സി., സി. ഫിലോമിന എഫ്.സി.സി. എന്നിവരുടെ ജൂബിലിയാഘോഷത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

15 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയവരെ സ്വീകരിച്ചു. 10.30ന് തലശ്ശേരി പ്രൊവിൻസിലെ പ്രെസ്ബിറ്ററൽ കൗൺസിൽ സെക്ര

ട്ടറിമാരുടെ യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം 8.30 മണിക്ക് കെ. സി.വൈ.എം/ എസ്.എം.വൈ.എം. അതിരൂപത ഭാരവാഹികളുമായി കൂടിക്കാഴ്ച നടത്തി. 9.30ന് കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

16 പനമരം ഇടവകയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

17 തിരുവമ്പാടി പള്ളിയിൽ പരേതനായ ബഹു. ഇളംതുരുത്തിയിൽ സെബാസ്റ്റ്യനച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ വി. ബലിയർപ്പിച്ചു.

18 രാവിലെ 9 മണിക്ക് ചെമ്പൻതൊട്ടി സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ നടന്ന എയ്ഞ്ചൽസ് മീറ്റിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് എടൂർ ഇടവകയിൽ ബഹു. കുളിരാനിയിൽ മാത്യു അച്ചന്റെ ജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് എടൂർ ഇടവകയിൽ ബ്രിജിറ്റെൻസ് സഭാംഗമായ സി. റെൻസി ചാലകണ്ടത്തിന്റെ ജൂബിലി ആഘോഷത്തിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം കാലാങ്കി ഇടവകയിൽ അജപാലന സന്ദർശനത്തിനെത്തി രോഗീസന്ദർശനം നടത്തി.

19 കാലാങ്കി സെന്റ് ജോസഫ്സ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

20 രാവിലെ 9 മണിക്ക് പാലാവയൽ ഇടവകയിൽ അജ്മീർ രൂപതാംഗമായ ഡീക്കൻ വിപിൻ ചാലിലിന് തിരുപ്പട്ടം നൽകി. തുടർന്ന് നൂറാമാക്കൽ മാത്യു മേരി ദമ്പതികളുടെ വിവാഹ വാർഷികഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം പട്ടുവം ദീനസേവന സഭ ജനറലേറ്റിൽ സന്ദർശനം നടത്തി.

21 രാവിലെ 9.30ന് കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ ചെറുപുഴ സ്കൂളിൽ നടന്ന വിന്നേഴ്സ് ഡേ ആഘോഷത്തിൽ പങ്കെടുത്തു. വൈകുന്നേരം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു.

22-25 ഖത്തറിൽ സന്ദർശനം നടത്തി.

25 നടവയൽ പള്ളിയിൽ പരേതനായ ബഹു. ജോസഫ് തൊണ്ടിപറമ്പിലച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.

❖❖❖

## Programme of the Archbishop
## Mar George Njaralakatt

**JUNE 2019**

| | | | |
|---|---|---|---|
| 1 | 9.30 am | - | Thaliparamba |
| | 11.30 am | - | Padiyottuchal |
| | 03.00 pm | - | Pattuvam |
| | 06.30 pm | - | Pastoral visit - Mavumchal |
| 02 | | - | Pastoral visit - Mavumchal |
| 4-6 | | - | KCBC |
| 07 | 10.00 am | - | Forane Vicars' Meeting |
| | | - | Catechism HM Conference |
| 08 | | - | Catechism HM Conference |
| | 5.30 pm | - | Pastoral visit - Nellippara |
| 09 | | - | Pastoral visit - Nellippara |
| 10 | | - | Provincial Presbyteral Council |
| 11 | | - | Thamarassery |
| 12 | | - | Visitors' day, Monthly Recollection |
| 13 | | - | Priests' and sisters' day |
| 14 | | - | Nirmalagiri |
| 15 | | - | Pastoral visit - Edathotty |
| 16 | | - | Pastoral visit - Edathotty |
| 17-19 | | - | Junior Priests meeting |
| 18 | 7.00 am | - | Pariyaram - MCBS Seminary |
| 20 | | - | Priests' & sisters' day |
| 21 | | - | Out of station |
| 22 | | - | Pastoral visit - Nattakkal |
| 23 | | - | Pastoral visit - Nattakkal |
| 24 | | - | Kulathuvayal |

| | | | |
|---|---|---|---|
| 26 | | - | Visitors' day - Padannakkad Pastoral Centre |
| 27 | | - | Priests' and sisters' day |
| 28 | 10.00 am | - | Chemperi - Parish Trustees' meeting |
| 29 | 10.00 am | - | Padannakad - Parish Trustees' meeting |
| 30 | | - | Pastoral visit - Vimalagiri (Parappa) |

**JULY 2019**

| | | | |
|---|---|---|---|
| 01 | | - | Kakkanad - Catechism Commission |
| 02 | 6.30 pm | - | Minor Seminary |
| 03 | 6.30 am | - | Cathedral - Dukrana |
| 4 | | - | Visitors' day |
| 05 | | - | VJEC Chemperi - International Seminar |
| 06 | | - | GSMS Kunnoth, Pastoral visit |
| 07 | | - | Pastoral visit |
| 8-9 | | - | GSMS Kunnoth |
| 10 | | - | Visitors' day |
| 11 | | - | Priests' and sisters' day |
| | 6.30 pm | - | Catechism seminar |
| 12 | | - | GSMS Kunnoth |
| 13 | | - | Vincent de Paul annual meet, Pastoral visit |
| 14 | | - | Pastoral visit |
| 15-17 | | - | Refresher Course |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ഏപ്രിൽ 2019

27 രാവിലെ 8 മണിക്ക് ഉദയപുരം ഇടവകയിൽ സ്നേഹവീടിന്റെ വെഞ്ചരിപ്പ്കർമ്മം നടത്തി. 9.30ന് കോടോത്ത് ദൈവാലയത്തിൽ ആദ്യ കുർബ്ബാന സ്വീകരണത്തിലും സമർപ്പിതസംഗമത്തിലും പങ്കെടുത്ത് വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 2.30ന് എടക്കോം ദൈവാലയത്തിന്റെ വെഞ്ചരിപ്പ് കർമ്മങ്ങളിൽ സഹകാർമ്മികനായി.

28 രാവിലെ 8 മണിക്ക് കുളിനീർ ദൈവാലയത്തിൽ കുട്ടികൾക്ക് ആദ്യകുർബ്ബാന നല്കി. തുടർന്ന് പാലാവയൽ, കോലുവള്ളി, ചെറുപുഴ ഇടവകകളിൽ സൗഹൃദസന്ദർശനം നടത്തി.

29 രാവിലെ 10.30ന് കുടുമേനി ദൈവാലയത്തിൽ വടക്കേപറമ്പിൽ സെബാസ്റ്റ്യന്റെയും കമ്പത്തിങ്കൽ മേരിയുടെയും വിവാഹം ആശീർവദിച്ചു.

30 രാവിലെ 10.30ന് കുന്നോത്ത് ദൈവാലയത്തിൽ ഒറീസയിൽ നിര്യാതയായ സി. ആനീസ് എഫ്.സി.സി.യുടെ മൃതസംസ്ക്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

### മെയ് 2019

01 രാവിലെ 10 മണിക്ക് പാലാവയൽ ദൈവാലയത്തിൽ ഐമാ എലിസബത്ത് ആൻസിന് മാമ്മോദീസ നൽകി.

02 രാവിലെ 8.30ന് പുലിക്കുരുമ്പ ദൈവാലയത്തിൽ ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി. 11 മണിക്ക് അങ്ങാടിക്കടവ് ഇടവകയിൽ വിൻസെന്റ് മാപ്പിളപറമ്പിലും രേഷ്മ പനച്ചിയാംപള്ളിലും തമ്മിലുള്ള വിവാഹം ആശീർവ്വദിച്ചു.

04 രാവിലെ 7.30ന് ഏറ്റുപാറ ഇടവകയിൽ കുട്ടികൾക്ക് ആദ്യകുർബ്ബാന നല്കി.

05 രാവിലെ 11 മണിക്ക് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ അഖിൽ അമ്പലത്തിങ്കലും റിയായും തമ്മിലുള്ള വിവാഹം ആശീർവദിച്ചു.

07 രാവിലെ 10 മണിക്ക് കോടഞ്ചേരിയിൽ നിര്യാതയായ കുന്നോത്ത് അച്ചാമ്മയുടെ മൃതസംസ്ക്കാരകർമ്മങ്ങളിൽ ഭവനത്തിൽ പങ്കെടുത്തു.

08 രാവിലെ 9 മണിക്ക് വായാട്ടുപറമ്പിൽനടന്ന ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് കരുവഞ്ചാൽ പ്രീസ്റ്റ് ഹോം സന്ദർശിച്ചു. ഉച്ചക്ക് 12 മണിക്ക് ചെമ്പന്തൊട്ടി ഇടവകയിൽ നിര്യാതയായ ജോസഫ് ആലപ്പുരക്കലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

09 രാവിലെ 10 മണിക്ക് ചെറുപുഴ ഇടവകയിൽ മേരി റോബിൻ കുന്നേലിന്റെ മാമ്മോദീസയും ജോസ്കുട്ടി കുന്നേലിന്റെയും ആദ്യകുർബ്ബാനയും നടത്തി.

വൈകുന്നേരം 4 മണിക്ക് മാങ്ങോട് ഇടവകയിൽ ജോസഫ് താന്നിമലയിലിന്റെ ഭവനം വെഞ്ചരിച്ചു.

10 രാവിലെ 10 മണിക്ക് തളിപ്പറമ്പ് പള്ളി ഓഡിറ്റോറിയത്തിൽ ഫാ. തോമസ് തൈത്തോട്ടത്തിന്റെ യാത്രയയപ്പ് യോഗം ഉദ്ഘാടനം ചെയ്തു.

11. രാവിലെ 10 മണിക്ക് വെമ്പുവാ പള്ളിയിൽ നടന്ന മണ്ണനാൽ കുടുംബയോഗത്തിൽ വി. കുർബ്ബാനയർപ്പിച്ച് ട്രീസാ അൽഫോസാ ബിജുവിന് ആദ്യകുർബാന നല്കി. തുടർന്ന് ഫാ. ജോൺ മണ്ണനാൽ അനുസ്മരണത്തിൽ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

14 ഉച്ചകഴിഞ്ഞ് 4 മണിക്ക് നടവയലിൽ ശ്രീ പീറ്റർ ഞറളക്കാട്ടിന്റെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു. രാത്രി 7.30ന് തൊക്കിലങ്ങാടി ഹോസ്പിറ്റലിൽ ഫാ. ജോർജ് അരീക്കുന്നേലിനെ സന്ദർശിച്ചു.

16 ഉളിക്കൽ പള്ളിയിൽ വൈകുന്നേരം 4 മണിക്ക് സി. സ്റ്റെല്ലാ സി.എം.സിയും സി. റോയിസ് സി.എം.സി.യുടെയും സന്യാസ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് വി. കുർബ്ബാന അർപ്പിച്ചു.

17 രാവിലെ 10 മണിക്ക് തിരുവമ്പാടിയിൽ നിര്യാതനായ ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിലിന്റെ മൃതസംസ്ക്കാരകർമ്മങ്ങളിൽ പങ്കാളിയായി.

18 രാവിലെ 9 മണിക്ക് കിളിയന്തറപള്ളിയിൽ സി. ട്രീസ സി.എം.സി., സി. നവീന സി.എം.സി, ഫാ. ഫ്രാൻസീസ് കൊച്ചുപറമ്പിൽ എന്നിവരുടെ സന്യാസജൂബിലി ആഘോഷങ്ങളിൽ വി. കുർബ്ബാനയർപ്പിച്ച് ആശംസകൾ നേർന്നു.

19 ഇരിട്ടി പള്ളിയിൽ രാവിലെ 9.30ന് വലിയമറ്റം കുടുംബയോഗത്തിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി.

## Programme of the Archbishop Emeritus
## MAR GEORGE VALIAMATTAM

### JUNE 2019

| | | | |
|---|---|---|---|
| 01 | 03.00 pm | - | Pattuvam |
| | 06.00 pm | - | Kunnoth Major Seminary |
| 02 | | - | Kunnoth Major Seminary |
| 09 | | - | Thalassery |
| 22 | | - | Vaithala |
| 24 | | - | Pulpally |

**Secretary to the Archbishop Emeritus**

20 രാവിലെ 8 മണിക്ക് നെല്ലിക്കാംപോയിലിൽ സി.എം.സി കോൺഗ്രിഗേഷൻ പുഷ്പാലയം ഹൗസിന്റെ വെഞ്ചരിപ്പ് കർമ്മങ്ങൾ നടത്തി. തുടർന്ന് 11 മണിക്ക് ഉളിക്കൽ ദൈവാലയത്തിൽ ജെറിൻ എണ്ണംപ്രായിലും അഞ്ജു തെങ്ങുംപള്ളിയിലും തമ്മിലുള്ള വിവാഹം ആശീർവ്വദിച്ചു.

21 രാവിലെ 10 മണിക്ക് എടൂർ ഫൊറോന ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി.

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

**മാർ ജോസഫ് പാംപ്ലാനി**

## ഏപ്രിൽ 2019

26 രാവിലെ 6.30ന് സന്ദേശഭവനിൽ എം.പി.സി. കോഴ്സിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി. വൈകുന്നേരം 4 മണിക്ക് അരവഞ്ചാൽ ഇടവകയിൽ നിർമ്മിച്ച സ്നേഹവീടിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും വി. കുർബ്ബാനയർപ്പിക്കുകയും ചെയ്തു.

27 രാവിലെ 9 മണിക്ക് ചെമ്പന്തൊട്ടി പള്ളിയിൽ ഡീക്കൻ വർഗ്ഗീസ് ചക്യത്തിന് തിരുപ്പട്ടം നല്കി. ഉച്ചകഴിഞ്ഞ് 2 മണിക്ക് എടക്കോം പള്ളി വെഞ്ചരിപ്പ് കർമ്മത്തിൽ സഹകാർമ്മികനായി പങ്കെടുക്കുകയും വചനസന്ദേശം നല്കുകയും ചെയ്തു.

28 ഉച്ചകഴിഞ്ഞ് 3 മണിക്ക് തൃശൂരിൽ ഷെക്കിനാഹ് ടി.വിയുടെ ലോഞ്ചിംഗ് പരിപാടിയിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

29 രാവിലെ 9 മണിക്ക് പാലാവയൽ ഇടവകയിൽ ഡീക്കൻ ജോസഫ് ചാലിലിന് തിരുപ്പട്ടം നല്കി.

ഉച്ചകഴിഞ്ഞ് 3 മണിക്ക് വെമ്പുവ ഇടവകയിൽ പുനർനിർമ്മിച്ച സിമിത്തേരിയുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം 5 മണിക്ക് ചെമ്പേരി വിമലാഹോസ്പിറ്റലിൽ ആരംഭിച്ച ഡയാലിസിസ് സെന്ററിന്റെ വെഞ്ചരിപ്പ് കർമ്മം നടത്തി.

30 രാവിലെ 10 മണിക്ക് കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ പ്രഥമ സന്യാസവ്രതവാഗ്ദാന കർമ്മത്തിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി. തുടർന്ന് 2.30ന് കുന്നോത്ത് ഇടവകയിൽ നിർമ്മിച്ച സ്നേഹവീടിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു. 4 മണിക്ക് രാജമുടി ഇടവകയിൽ നടന്ന സമർപ്പിതസംഗമത്തിൽ പങ്കെടുത്ത് കുട്ടികൾക്ക് ആദ്യകുർബ്ബാന നല്കി. രാത്രി 9 മണിക്ക് മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാരിയൻസ് ഗാതറിങ്ങിൽ പങ്കെടുത്തു.

## മെയ് 2019

01 രാവിലെ 9 മണിക്ക് എടക്കോം ഇടവകയിൽ ഡീക്കൻ ഷൈൻ മുണ്ടുവേലിൽ തിരുപ്പട്ടം നല്കി. വൈകുന്നേരം 4 മണിക്ക് കോഴിക്കോട് ഈസ്റ്റ് ഹിൽ പള്ളിയിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി.

02 രാവിലെ 9 മണിക്ക് സന്ദേശഭവനിൽ മതാദ്ധ്യാപക സെമിനാറിൽ ക്ലാസ്സ് എടുത്തു. 11 മണിക്ക് പേരാവൂർ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന ജൂബിലി ആഘോഷങ്ങളിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി. വൈകുന്നേരം 5 മണിക്ക് മണക്കടവ് ഇടവകയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളി വെഞ്ചരിച്ച് വി. കുർബ്ബാനയർപ്പിച്ചു. രാത്രി 7 മണിക്ക് ചെമ്പേരി വിമൽജ്യോതി കോളേജിൽ നടന്ന യാത്രയയപ്പ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

03 രാവിലെ 7 മണിക്ക് കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബ്ബാനയർപ്പിച്ച് സുപ്പീരിയേഴ്സ് മീറ്റിൽ ക്ലാസ്സ് നയിച്ചു. വൈകുന്നേരം 4 മണിക്ക് മേരിപുരത്ത് പുതുതായി നിർമ്മിച്ച സ്കൂൾകെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നർവ്വഹിച്ചു.

04 രാവിലെ 10 മണിക്ക് നെല്ലിക്കുറ്റി സീയോൻ ധ്യാനകേന്ദ്രത്തിൽ എം.എസ്.എം.ഐ. സഭയുടെ ജൂബിലി ആഘോഷങ്ങളിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി. വൈകുന്നേരം 6 മണിക്ക് ചെമ്പേരി കരുണാലയം ഗവേണിംഗ് ബോഡിയിൽ പങ്കെടുത്തു.

05 അൽഫോൻസഗിരി ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

06 രാവിലെ 8 മണിക്ക് പൈസക്കരിയിൽ ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശംനൽകി. 11 മണിക്ക് ചെമ്പേരി വിമൽജ്യോതി കോളേജിൽ വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു.

വൈകുന്നേരം 7 മണിക്ക് അരമനയിൽ നടന്ന യാത്രയയപ്പ് യോഗത്തിൽ ആശംസാപ്രഭാഷണം നടത്തി.

07 രാവിലെ 9 മണിക്ക് മുണ്ടാനൂരിൽനടന്ന ഏയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി. രാവിലെ 11 മണിക്ക് ചെമ്പന്തൊട്ടി പള്ളിയിൽ സി. എം. ജോൺ ബ്രജിറ്റെൻന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി.

08 രാവിലെ 10.30ന് പുളിങ്ങോം ഇടവകയിൽ സിജോ വേങ്ങത്തടം ദീപയും തമ്മിലുള്ള വിവാഹം ആശീർവ്വദിച്ചു. ഉച്ചക്ക് ഒരുമണിക്ക് പൂപ്പറമ്പ് ഇടവകയിൽ നിർമ്മിച്ച സ്നേഹവീടുകളുടെ വെഞ്ചരിപ്പ് കർമ്മം

നിർവ്വഹിച്ചു. വൈകുന്നേരം 3 മണിക്ക് കുന്നോത്ത് ഇടവകയിൽ സ്നേഹവീടിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും വൈകുന്നേരം 3 മണിക്ക് കുന്നോത്ത് ഇടവകയിൽ സ്നേഹവീടിന്റെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിക്കുകയും തുടർന്ന് ഏയ്ഞ്ചൽസ് മീറ്റിൽ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കി.

09 രാവിലെ 7.30ന് അമ്പലത്തറ സ്നേഹാലയത്തിൽ വി. കുർബ്ബാന യർപ്പിച്ചു. വൈകുന്നേരം 4 മണിക്ക് ബദിയടുക്ക പള്ളിമുറി വെഞ്ചരിച്ചു.

10 ഉച്ചവരെ പടന്നക്കാട് റീജണൽ ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കുന്നോത്ത് നടന്ന നേഴ്സസ് സംഗമത്തിൽ ആശംസകളർപ്പിച്ചു. തുടർന്ന് 5 മണിക്ക് കരിക്കോട്ടക്കരിയിൽ പോപ്പുലർ മിഷൻ ധ്യാനത്തിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി.

11 രാവിലെ 11 മണിക്ക് ചുങ്കക്കുന്ന് പള്ളിയിൽ കമിലോ കണ്ണന്താനവും ക്രിസ്റ്റി പാലമറ്റത്തിലും തമ്മിലുള്ള വിവാഹം ആശീർവ്വദിച്ചു.

12 ഉച്ചകഴിഞ്ഞ് 3 മണിക്ക് കാഞ്ഞിരപ്പള്ളിരൂപതാ യൂത്ത് കൺവൻഷനിൽ മുഖ്യപ്രഭാഷണം നടത്തി.

13 വൈകുന്നേരം 6 മണിക്ക് കണ്ണൂർ റബ്കോ ഓഡിറ്റോറിയത്തിൽ നടന്ന ഇഫ്ത്താർ വിരുന്നിൽ പ്രഭാഷണം നടത്തി.

14-15 ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ വിഷയങ്ങളിൽ ക്ലാസ്സ് നയിച്ചു.

16 വൈകുന്നേരം 6 മണിക്ക് കാരക്കുണ്ട് സ്കൂളിൽ സ്പെഷ്യൽ ചിൽഡ്രൻസ് ക്യാമ്പിൽ കുട്ടികളെ സന്ദർശിച്ച് ക്ലാസ്സ് നയിച്ചു.

17 കാഞ്ഞിരപ്പള്ളിയിൽ നടന്ന ഡോക്ട്രിയൻ കമ്മീഷൻയോഗത്തിൽ സംബന്ധിച്ചു.

18 രാവിലെ 11 മണിക്ക് പാലക്കാട് രൂപതാ യൂത്ത് കൺവെൻഷനിൽ മുഖ്യപ്രഭാഷണം നടത്തി.

19 രാവിലെ 11 മണിക്ക് ഇരിങ്ങാലക്കുട രൂപത യൂത്ത് കൺവെൻഷനിൽ ക്ലാസ്സ് നയിച്ചു.

❖❖❖

## Programme of the Auxiliary Bishop
## MAR JOSEPH PAMPLANY

### JUNE 2019

| | | | |
|---|---|---|---|
| 01 | 10.00 am | - | CML Thaliparamba |
| | 05.00 pm | - | Champer of Conference, Kannur |
| 02 | | - | Kanjirappally Youth Convention |
| 03 | 10.00 am | - | Peravoor school blessing |
| | 02.00 pm | - | Nirmalagiri |
| | 08.00 pm | - | Sandeshabhavan |
| 04-06 | | - | KCBC |
| 07 | | - | Thalassery |
| 08 | | - | Out of station |
| 09 | | - | Pastoral Visit : Kalluvayal |
| 10 | 10.00 am | - | Provincial Presbyterial Council |
| 11 | | - | Thalassery |
| 12 | | - | Thalassery |
| 15 | | - | Padannakad |
| 16 | | - | Pastoral Visit |
| 17-19 | | - | Junior Priest meet |
| 20 | 09.00 am | - | Palavayal |
| 23 | | - | Pastoral visit |

| | | | |
|---|---|---|---|
| 24 | | - | Padannakad |
| 25 | | - | Kunnoth Seminary |
| 26 | | - | Nirmalagiri |
| 27 | 09.00 am | - | Alakode |
| 28 | 10.00 am | - | Iritty |
| 29 | 10.00 am | - | Alakode |
| 30 | | - | Pastoral visit |

**Secretary to the Auxiliary Bishop**

❖❖❖